KOTTAYAM PUBLIC LIBRARY

Call No. MF3 Acc. No. 36272

484

# ഹരിണി

[Malayalam]

# HARINI

(NOVEL)

By

PAYYAMPELLIL GOPALA PILLAI

First Impression April 1946
Second ,, January 1958

Rights Reserved by
VALLAMKULAM P. G. PILLAI

PUBLISHED BY SAVITHRI D. PILLAI

DISTRIBUTORS

NATIONAL BOOK STALL
KOTTAYAM KERALA STATE

Rs. 1·50

# ഹരിണി

36272

പയ്യംപെള്ളിൽ ഗോപാലപിള്ള

KOTTAYAM PUBLIC LIBRARY
KOTTAYAM.

നാഷനൽ ബുക്ക്സ്റ്റാൾ
കോട്ടയം — തിരുവനന്തപുരം

വില ക. 1.50

## പയ്യംവെള്ളിൽ ഗോപാലപിള്ളയുടെ

## കൃതികൾ

| | |
|---|---|
| ചെഞ്ചേരിലെ കൊലപാതകം | (ഡി. നോവൽ) |
| ശാരദ (രണ്ടാംഭാഗം) | (നോവൽ) |
| രാജലക്ഷ്മി | ,, |
| ഹരിണി | ,, |
| തൻേറടക്കാരി | ,, |
| അനിയത്തിയും ചേട്ടത്തിയും | ,, |
| പ്രഭുകുമാരി | ,, |
| ചന്ദ്രിക | ,, |
| കുമാരി മസ്ക്രീൻ | ,, |
| അമൃതവും വിഷവും | ,, |
| ശാരദ | (ഗദ്യനാടകം) |
| ശ്രീചിത്തിര വിജയം | (കാവ്യം) |
| വിജയാദർശം | ,, |
| ലോകഗുരു | ,, |
| ഭാഷാസരസശ്ലോകങ്ങൾ | |
| ഗീതാസാരം | |
| ജാതകദീപിക | |
| സരസകവനങ്ങൾ | |
| ശ്രീകൃഷ്ണസന്ധ്യാനാമം | |
| ഐശ്വര്യസ്തവം | |
| ഫലിതമാലിക | (വിനോദം) |
| കുട്ടികളുടെ നിഘണ്ടു | |

PRINTED AT THE INDIA PRESS, KOTTAYAM. COPIES 1000

This is a good Novel

3ലൂ72

## അദ്ധ്യായം ഒന്നു്

അമ്മ:-മകളെ, ഹരിണീ, നീ എന്താണു് ഇന്നു് ഒരു പുതിയ വേഷം ചമഞ്ഞിരിക്കുന്നതു്?

ഹരിണി:-എന്താണമ്മേ പുതിയ വേഷം?

അമ്മ:-മീററിംഗിനു പോകാനല്ലേ നീ ഒരുങ്ങുന്നതു്? നിന്നെപ്പോലെ പ്രാഭവവും കുലീനത്വവും ഉള്ള പെൺകുട്ടികൾ കസവുവസനങ്ങളും പട്ടുസാരികളും മററും ധരിച്ചു പോകുമ്പോൾ; നീ പതിവിനു വിപരീതമായി ഈ സാധാരണവേഷത്തിൽ പുറപ്പെടുന്നതു നന്നാണോ?

ഹരിണി:-സാധാരണക്കാരുടെ മീററിംഗിൽ അതിനു യോജിച്ച വേഷത്തിലല്ലേ പോകേണ്ടതു്?

അമ്മ:-ഇന്നത്തെ സാഹിത്യസമാജം സാധാരണക്കാർ മാത്രം സംബന്ധിക്കുന്ന ഒന്നാണോ?

ഹരിണി:-അഹ്ഹഹ! അവിടെയാണു് അമ്മയ്ക്കു തെററുപററിയതു്. സാഹിത്യസമാജത്തിൽ സംബന്ധിക്കുന്നതിനല്ല ഞാൻ പോകുന്നതു്.

അമ്മ:-പിന്നെ?

ഹരിണി:-വിവിധതൊഴിലാളിസംഘങ്ങളുടെ ഒരു സംയുക്തസമ്മേളനം ഇന്നു് കൊച്ചുകുന്നുംപുറത്തുവച്ചു നടക്കുന്നുണ്ടു്. പാവപ്പെട്ടവരുടെ മീററിംഗാണതു്. അതിന്നു് അനുയോജ്യമായ വേഷത്തിലല്ലേ അവിടെച്ചെല്ലേണ്ടതു്?

അമ്മ.-ഓഹോ! എന്നാൽ എനിക്കു തെററിപ്പോയി എന്നു സമ്മതിക്കാം. പക്ഷേ, നിനക്കു് എന്താണവിടെ കാര്യം? പാവപ്പെട്ടവർ സംഘംകൂടി അവരുടെ കാര്യം പറയട്ടെ. അസാമാന്യമായ ധനസൗഭാഗ്യവും പ്രഭുത്വവും ഉള്ള നിനക്കു് അതിൽ സംബന്ധിക്കേണ്ട ആവശ്യം യാതൊന്നുമില്ല.

ഹരിണി:-അമ്മയുടെ ന്യായവാദങ്ങളെ ഞാൻ എതിർക്കുന്നില്ല. പക്ഷേ, അവരുടെ മീററിംഗിന്നു പോകാൻ ഞാൻ തീരുമാനിച്ചു. എനിക്കു് അവരുടെ നന്മയിലും മേന്മയിലും അതിയായ മോഹമുണ്ടു്.

അമ്മ:-മോഹം! നിൻെറ മോഹം! അതൊന്നുമല്ല കാര്യം, എനിക്കു് അറിയാം.

ഹരിണി:-എന്താണു കാര്യം?

അമ്മ:-നിനക്കു് ആ ശശീന്ദ്രനെ കാണണം; അതാണു് ഉദ്ദേശം.

ഹരിണി:-അദ്ദേഹത്തെ കണ്ടാൽ എന്തു്?

അമ്മ:-(സഗൗരവം) എന്തെന്നോ? നീ ഇപ്പോൾ ഒരു ചെറുപെൺകുട്ടിയല്ല. വയസ്സു പത്തിരുപതായി. ജനങ്ങളെക്കൊണ്ടു വല്ലതും പറയിക്കാൻ...

ഹരിണി:-ജനങ്ങൾ എന്തുപറയാനാണു്?

അമ്മ:-ഇല്ലേ, ഒന്നുംപറയാനില്ലേ? നീയും അവനും

തമ്മിൽ വലിയ സ്നേഹമാണെന്നു ചിലരെല്ലാം പറഞ്ഞു പരിഹസിക്കുന്നതു ഞാൻ കേട്ടിട്ടുണ്ട്.

ഹരിണി:-സ്നേഹമാണെങ്കിൽത്തന്നെയെന്തു്?

അമ്മ:-കാശിനു മുതലില്ലാത്ത ആ തെണ്ടി, നിന്നെ വിവാഹം കഴിക്കുക എന്നതു് ഓർക്കുവാൻപോലും ഞങ്ങൾക്കു സാധ്യമല്ല.

ഹരിണി:-എന്തമ്മേ, അദ്ദേഹം തെണ്ടിയെന്നോ? അദ്ദേഹത്തിൻെറ പിതാവു് ദീർഘകാലം ഇവിടത്തെ കൃഷികാര്യസ്ഥനായിരുന്നു. ആ ശശിച്ചേട്ടൻ നമ്മുടെ സോപ്പുഫാക്ടറിയുടെ മാനേജരുമായിരുന്നു. എൻെറ പിതാവിനു് അവരെ എത്രവലിയ കാര്യമായിരുന്നു എന്നു് ഓർത്തുനോക്കണം.

അമ്മ:-അതൊക്കെ ശരി; നിന്നെ അവനു കല്യാണം കഴിച്ചുകൊടുക്കാൻ നിൻെറ അച്ഛൻ സമ്മതിച്ചിരുന്നോ?

ഹരിണി:-ഞാൻ ഒന്നു ചോദിക്കട്ടെ; ഡാക്ടർ സോമശേഖരൻ—ഒരു മഹാ കുബേരൻ—എന്നെ വിവാഹം ചെയ്യാൻ അച്ഛൻെറ അടുക്കൽ ആലോചിച്ചില്ലേ?

അമ്മ:-ആലോചിച്ചു. അതുപോലെ പല ആലോചനകളും നിൻെറ അച്ഛൻെറ അടുത്തുവന്നു.

ഹരിണി:-എന്നിട്ടു് എന്തുകൊണ്ടു നടന്നില്ല?

അമ്മ:-നിനക്കു മനസ്സില്ലെന്നു പറഞ്ഞതുകൊണ്ടു്; നിൻെറ ദുസ്സ്വാതന്ത്ര്യംകൊണ്ടു്.

ഹരിണി:-അല്ല; വധുവിൻെറ അഭിപ്രായംകൂടി അറിയാതെ നടത്തുന്ന വിവാഹങ്ങൾ അധികവും കുഴപ്പത്തിൽ കലാശിക്കുമെന്നു് അറിവാൻ കഴിവുള്ള പുരുഷ

രത്നമായിരുന്നു എൻെറ വന്ദ്യപിതാവ്. അദ്ദേഹം ചോദിച്ച സമയം, "എൻെറ വരൻ കുബേരനായിരുന്നുകൂടാ; ഗുണവാനായ ഒരു നിർദ്ധനൻ ആയിരുന്നാൽ മതി" എന്നു സവിനയം ഞാൻ അറിയിച്ചു.

അമ്മ:-ഇപ്പോഴും നിൻെറ അഭിപ്രായഗതി അപ്രകാരംതന്നെയാണോ?

ഹരിണി:-നിശ്ചയമായും അതേ.

അമ്മ:-അതുകൊണ്ടുള്ള വിശേഷം?

ഹരിണി:-അതു പറയാം. അജയ്യമായ ഒരു ശക്തി ഇന്നു പണത്തിനുണ്ട്. ധനത്തിൻെറ കുറവുമൂലം പല യുവരത്നങ്ങളും ലോകത്തിന് പ്രയോജനപ്പെടാതെ നശിച്ചു പോകുന്നു. എനിക്കു ധാരാളം ധനമുണ്ട്. ഒരു പാവപ്പെട്ട സുശീലനെ വരനായി സ്വീകരിച്ച്—അപ്രകാരം ഒരാളിനെ ദാരിദ്ര്യത്തിൽനിന്നും ഉദ്ധരിച്ച്—സാധുജനോപകാരപ്രദമായ കാര്യങ്ങളിൽ പ്രവർത്തിപ്പിച്ച് രമ്യമായ കുടുംബജീവിതം നയിക്കണമെന്നാണ് എൻെറ വിചാരം.

അമ്മ:-നിൻെറ ഈ ആദർശം, ധനപ്രഭാവമുള്ള യുവതികളെല്ലാം സ്വീകരിക്കുമോ?

ഹരിണി:-അത് എൻെറ ചിന്താഗതിയിൽപ്പെട്ടില്ല. നല്ലകാര്യങ്ങൾ ചെയ്യുന്നതു്, ലോകം അനുകരിക്കുമോ എന്നു നോക്കി വേണമെന്നില്ല. ശ്രീകൃഷ്ണൻ ദരിദ്രനായ കുചേലനെ കുബേരനാക്കി. ശ്രീക്രിസ്തുദേവൻ സ്വജീവിതം ലോകത്തിനുവേണ്ടി അർപ്പിച്ചു. ശ്രീനബി സ്നേഹപൂർവ്വമായ ഐക്യത്തിൻെറ മേന്മ കാട്ടി. ശ്രീബുദ്ധൻ രാജകീയച്ചെങ്കോൽ ദൂരെയെറിഞ്ഞു് സാധുസേവനത്തിനായി ഓടി. അവരെ അന്ന് പലരും പരിഹസിച്ചി

രിക്കാം. പക്ഷേ, ഇന്നു് ആ ദിവ്യന്മാരുടെ മാതൃകകൾ സത്തുക്കൾ ആദരിക്കുകതന്നെ ചെയ്യുന്നു.

അമ്മ:-പെണ്ണേ! നിന്നോടു വാദിച്ചു ജയിക്കാൻ എനിക്കു ശേഷിയില്ല. നിന്നെ ശശീന്ദ്രനെക്കൊണ്ടു വിവാഹം കഴിപ്പിക്കാൻ നിൻെറ അച്ഛൻ സമ്മതിച്ചിരുന്നോ?

ഹരിണി:-അമ്മയ്ക്കു് ഇതെല്ലാം അറിയാം; പിന്നെ എന്നെക്കൊണ്ടു് എന്തിനു പറയിക്കുന്നു?

അമ്മ:-എങ്കിലും ഒന്നു കേൾക്കട്ടെ.

ഹരിണി:-(ദൃഢസ്വരത്തിൽ) സമ്മതിച്ചിരുന്നു.

അമ്മ:-എന്നാൽ നിന്റെ. അച്ഛൻ മരിച്ചിട്ടു് ഒരു വഷത്തോളമേ ആയുള്ളല്ലൊ; അതിനുമുമ്പു് അതു നടക്കാഞ്ഞതെന്തു്?

ഹരിണി:-എൻെറ വിദ്യാഭ്യാസം പൂത്തിയാകാഴികയാൽ.

അമ്മ:-ശരി, സമ്മതിച്ചു. പക്ഷേ, നിൻെറ ആ[illegible]ത്തെ താലോലിച്ചിരുന്ന നിൻെറ അച്ഛൻ ജീവിച്ചിരുന്നാൽ തന്നെയും ഇന്നു് അപ്രകാരം അനുകൂലിക്കുകയില്ല.

ഹരിണി:-എന്തുകൊണ്ടു്?

അമ്മ:-ഇന്നു് അവൻെറ നില എന്താണു്?

ഹരിണി:-ശീലഗുണമേറിയ സ്നേഹമൂത്തി. തൊഴിലാളിസംഘങ്ങളുടെ യൂണിയൻെറ വൈസ് പ്രസിഡൻറു്......

അമ്മ:-പെണ്ണേ, അതല്ല ഞാൻ ചോദിച്ചതു്. ആ അധികപ്രസംഗി ധനികന്മാരായ മുതലാളിമാരുടെയെല്ലാം ശത്രുവാണു്.

ഹരിണി:-അതു് എങ്ങനെയെന്നുകൂടി പറയണം.

അമ്മ:- ആ ധിക്കാരി മുതലാളികൾക്കെതിരായിട്ട് തൊഴിലാളികളെ ഇളക്കിവിടുന്നു.

ഹരിണി:- ആ ധാരണ സർവ്വാബദ്ധം. അദ്ദേഹത്തിന്റെ പ്രവർത്തനം മുതലാളികളെ ഉപദ്രവിക്കാനല്ല.

അമ്മ:- എന്നു നീ പറഞ്ഞാൽ മതിയോ?

ഹരിണി:- ഞാൻ തെളിയിക്കാം. അമ്മയുടെ നേരെ മൂത്തസഹോദരിയുടെ ഭർത്താവായ കനകപ്പുറമ്പിലെ ചന്ദ്രസേനൻവല്യച്ഛൻ---ധനവാനും മുതലാളിയും അല്ലേ?

അമ്മ:- അതേ.

ഹരിണി:- അദ്ദേഹമാണ് ആ മഹാസംഘടനയുടെ സ്ഥിരം പ്രസിഡൻറ്. ശശിച്ചേട്ടൻ വൈസ്പ്രസിഡൻറ് മാത്രം അപ്പോഴോ?

അമ്മ:- അതൊന്നും എനിക്കറിഞ്ഞുകൂടാ. എന്റെ വാസവൻ ഇവിടെ പറയാറുള്ളത് ഇങ്ങനെയാണ്. ഈ ...പ്പുള്ളിലെ ഭരണാധികാരി ഇന്നു അവനാകയാൽ അവന്റെ അഭിപ്രായത്തോടു നാമെല്ലാം യോജിക്കണം. തൊഴിലാളി എന്നു കേട്ടാൽത്തന്നെ അവനു കൈയ്ക്കും.

ഹരിണി:- അതേ, അങ്ങനെയാണു വേണ്ടതു്. പട്ടിണിയാണെങ്കിലും തന്റെ വിയർപ്പുതുള്ളികൾ തളിച്ചു മുതലാളിയുടെ ധനവല്ലരിയെ പോഷിപ്പിച്ചുപോരുന്ന ആ സൗജന്യബുദ്ധികൾക്ക്—തൊഴിലാളി സഹോദരങ്ങൾക്ക്—വിദ്വേഷഫലംതന്നെയാണു നൽകേണ്ടതു്. ഈശ്വരാ!

അമ്മ:-(സസ്നേഹം കോപിച്ചു്) പോടീ, പോ. നിന്റെ ഈ ഗുണവിചാരവുംകൊണ്ടിരുന്നാലുള്ള ഫലം അറിയാമോ?

ഹരിണി:-(ഭാവഭേദത്തോടെ) എന്താണ്, കേൾക്കട്ടെ.

അമ്മ:-പറയണോ? ഇവിടെ അനവധി ലക്ഷത്തിൻെറ സ്വത്തുണ്ട്. അവൻ വെറുത്താൽ നീ ഗോപി തൊട്ടിരിക്കും.

ഹരിണി:-ഉള്ള സ്വത്ത് മൂന്നായി വീതിച്ച് എന്റെ അച്ഛൻ 'വിൽ' എഴുതി രജിസ്ത്രാക്കിയിട്ടുണ്ട്. ആ വഴിയേ ഒന്നും പേടിപ്പിക്കേണ്ട.

അമ്മ:-പണ്ടങ്ങളായും നാണയങ്ങളായും ഉള്ളതോ?

ഹരിണി:-അതെല്ലാം ജ്യേഷ്ഠൻ ദുർമ്മാർഗ്ഗിയായിട്ട് നശിപ്പിക്കയല്ലേ. ഏതായാലും അവ കിട്ടുകയില്ല. അതൊക്കെ പോകട്ടെ. ജ്യേഷ്ഠന് എന്നെ കണ്ടുകൂടാ. (സഗദ്ഗദം) അമ്മകൂടെ എന്നെ വെറുത്താൽ......!

അമ്മ:-(മകളെ തലോടിക്കൊണ്ട്) എൻെറ മകൾ കുണ്ഠിതപ്പെടാതെ. വാസവന് നിന്നോടു ഒരു പിണക്കമില്ല. പിന്നെ ചിലപ്പോൾ ദേഷ്യപ്പെടുന്നതു് നീ നന്നാവാനാണ്.

ഹരിണി:-അതേ അതേ; തന്നത്താൻ നന്നായിട്ടാണ്ടേ മററുള്ളവരെ നന്നാക്കുന്നതു്. അമ്മ ജ്യേഷ്ഠൻെറ വശത്തു് നിൽക്കയും ചെയ്യും.

അമ്മ:-എൻെറ മകളോട്ട് എനിക്കു് ഒരു പിണക്കവുമില്ല. പിന്നെ അവൻെറ വശംചേൎന്നു് ചിലപ്പോൾ പറയുന്നതു് കലഹംകൂടാതെ കഴിക്കാനാണ്. അവന് നിന്നോടുള്ള വാത്സല്യം എത്ര വലുതെന്നു് ഞാൻ ബോദ്ധ്യപ്പെടുത്തിത്തരാം, എന്നാലോ?

ഹരിണി:-അതു നന്നുതന്നെ.

അമ്മ:-അവൻ വളരെ ക്ലേശം സഹിച്ച് രണ്ടുദിവസമായി എവിടെ പോയിരിക്കയാണെന്നറിയാമോ?

ഹരിണി:-പറയണം കേൾക്കട്ടെ.

അമ്മ:-തീവണ്ടികയറി, ബാരിസ്റ്റർ മുരളീധരൻെറ വീട്ടിലേയ്ക്കു്.

ഹരിണി:-എന്തിനായിട്ട്?

അമ്മ:-തൻെറ ഏകസഹോദരിയെ ഒരു മഹാ കുബേരനായ അഡ്വൊക്കററിൻെറ വല്ലഭയായി കാണാൻ.

ഹരിണി:-ശരി, ശരി. ജ്യേഷ്ഠൻെറ സഹപാഠിയായിരുന്ന ബാരിസ്റ്റർ മുരളീധരനെ ഞാൻ അറിയും. ആ ദുമ്മാഗ്ഗിയുടെ പേരുപറഞ്ഞാൽ......

അമ്മ:-മതി മതി. നിനക്ക് സകലരും ഹീനന്മാർ തന്നെ. നിൻെറ ശശീന്ദ്രൻ മാത്രമുണ്ടു് മാതൃകാപുരുഷൻ.

ഹരിണി:-അതേ, അദ്ദേഹം മാതൃകാപുരുഷനാണു്.

അമ്മ:-എന്നാൽ നീ അവൻെറ പിറകെ ചെല്ലു്; എന്നിട്ട് വരുന്നതൊക്കെ അനുഭവിച്ചോ!

## അദ്ധ്യായം രണ്ടു്

കദളി:-എടീ, നകുലീ! നീ മീററിങ്ങാ കണ്ടിട്ടൊണ്ടോടീ?

നകുലി:-ഒണ്ടെടീ കദളി! ഞാൻ ഇന്നാള് ചന്തേപ്പോയപ്പം കണ്ടു; മത്തങ്ങാ പോലെ.

കദളി:-ഓ! മീററിങ്ങ മത്തങ്ങ പോലെയാന്നോടീ?

നകുലി:-അല്ല! കൊച്ചു പടോലങ്ങാപോലെ നീണ്ടു്!

കദളി:-പോടീ പോ. ഞാമ്പറയാം. ഇന്നാളേ, കൊച്ചുകുന്നംപൊറമില്ല്യോ?

നകുലി:-ഒണ്ടു്. അവിടെ ഒരു മാവേൽ പടന്നുകെടപ്പൊണ്ടു്. ഇപ്പം ഞാൻ ഓക്കുന്നു.

കദളി:-ഓ! ഇങ്ങനെയായാലെക്കൊണ്ടു്! നെനക്കു പറേന്നേനു മുമ്പേ തിവുതിയാ.

നകുലി:-ഇനി തിവുതി കൂട്ടുവേല്ല. പറ.

കദളി:-(സസ്മിതം) കൊച്ചുകുന്നംപൊറത്തു് യൂണിയന്മാരൊക്കെ വന്നില്ല്യോ?

നകുലി:-ഇപ്പം മനത്തിലായി. യൂണിയന്മാരാ മീററിങ്ങ.

കദളി:-അവിടെ നില്ലെടീ പെടയ്ക്കാതെ. യൂണിയന്മാരൊക്കെ വന്നു നെരന്നു നിക്കും. ഒടനേ ഒരാള് ഒരു കസേരേല് കേറിയിരിക്കും. അപ്പം വേറൊരുത്തൻ വന്നു നിന്നു് അങ്ങോട്ടു പെറസങ്ങിക്കും. അതാ മീററിങ്ങ.

നകുലി:-ഓക്കോ! അതാന്നോ മീററിങ്ങാ. വഴിയേ

പോമ്പം ഏതാാണ്ടൊക്കെ ഞാനും കണ്ടിട്ടൊണ്ടു്. കൊ
ച്ചുകുന്നംപൊറത്തു് നീയും പോയാരുന്നോ?

കദളി:–കഴിഞ്ഞ ദോതം ഞാൻ പോയിരുന്നു. ഇ
ന്നും മീററിങ്ങയൊണ്ടു്. നിങ്ങളെല്ലാരും വരണം. അതിനു
ഷെണിക്കാനെക്കൊണ്ടാ ഞാൻ വന്നെ.

നകുലി:–അന്നു് ആരാ പെറസങ്ങിച്ചെ?

കദളി:–വടക്കൻ ഒരു മൈലാർകുണൻ.

നകുലി:–എന്തോന്നാ, മൈലാർകൊണനോ? അങ്ങ
നെയൊക്കെ മനുഷ്യേനു പേരൊണ്ടോ?

കദളി:–അതെന്തോ. ഞാൻ ചോദിച്ചപ്പം എന്നോ
ട്ട് ഒരാൾ അങ്ങനെയാ പറഞ്ഞെ.

നകുലി:–എന്തോവാ അയാള് പെറസങ്ങിച്ചെ?

കദളി:–ഹതു് പറയാം. എന്തു രസമാരുന്നെന്നോ?
അവിടെ ഇരുന്നോരെക്കെ കൈകൊട്ടും ചിരീം വല്യ ബ
കളോമാരുന്നു. അതൊക്കെ നമ്മള് അറിയാനൊള്ളതു്
തന്നെയാ.

നകുലി:–എന്തോവ? കേക്കട്ടെ.

കദളി:–നമ്മളെല്ലാം ഒരുമിച്ചു നിക്കണം.

നകുലി:–എത്തറനേരം നിക്കണം.

കദളി:–അങ്ങനല്ലെടീ, യോശിപ്പായിട്ടിരിക്കണം.

നകുലി:–പള്ളിക്കൂടത്തി പിള്ളാരു ഡില്ലു കളിക്കു
മ്പം നിക്കേം ഇരിക്കേം ചെയ്യുന്നപോലെ.

കദളി:–പോടീമണ്ടീ! അതല്ല. നമ്മള്—തൊഴിലാ
ളികള്—എല്ലാരും ഒന്തൊരുമിച്ചു്, ഒരേ അഹിപ്രായ
ത്തില് പെരുമാറണം. തമ്മിത്തമ്മി പെണങ്ങരുതെ.

നകുലി:–ചെരി, ചെരി! ഇപ്പം നെനക്കു് എന്നെ

കണ്ടൂടാ. ഇനിക്കു നിന്നെ കണ്ടൂടാ. അതുപോലെ അരുതു്. അല്ല്യോ?

കദളി:-അതേ. പിന്നേ, ആരേം തമ്പുരാൻ എന്നു വിളിക്കരുതെ.

നകുലി:-അതൊക്കമോടീ?

കദളി:-പിന്നൊന്താ ഒത്താല്. ഞാൻ എനീം തമ്പുരാൻ എന്നു പറകേയില്ല.

നകുലി:-നല്ലതുതന്നെ. പിന്നെ?

കദളി:-പിന്നെ അടിയൻ എന്നു് ആരോടും പറയരുതു്.

നകുലി:-അതു വേണ്ടതാ. 'ഏൻ' എന്നു പറഞ്ഞാ മതി.

കദളി:-അതു കൊറച്ചിലാ. 'ഞാൻ' എന്നു ചൊണയായിട്ടു പറേരുതോ?

നകുലി:-പറയാം പറയാം, പിന്നെ!

കദളി:-ആൎക്കും വഴിമാറിക്കൊടുക്കരുതു്.

നകുലി:-പിന്നെങ്ങനെയാടീ?

കദളി:-ഹതു പറഞ്ഞു മനത്തിലാക്കാം. ഒരു തമ്പുരാൻ ഇങ്ങോട്ടുവരുന്നു എന്നു വിചാരിച്ചോ.

നകുലി:-(ചിരിച്ചു്) ഇപ്പം നീ തമ്പുരാനെന്നു പറഞ്ഞല്ലോ?

കദളി:-അതൊരു തെററു്. ഇനി പറകേല്ല. നീ അങ്ങോട്ടു വഴിയെ നടന്നുചെല്ലുന്നു.

നകുലി:-ചെല്ലുന്നു!

കദളി:-അപ്പം ഒരു തമ്പുരാൻ. ....

നകുലി:–ആണ്ടെ, നീ പിന്നേം തമ്പുരാനെന്നു പറയുന്നു.

കദളി:–ഓ! തെററ്. ഇപ്പം നെനക്ക് മനത്തിലാകാൻ പറകയാ.

നകുലി:–ശെരി! ഒരുവഴിേയ ഞാനങ്ങോട്ടു ചെല്ലുമ്പം ഒരു തമ്പുരാൻ ഇങ്ങോട്ടു വന്നാൽ—

കദളി:–നീ മാറിപ്പോകരുതു്.

നകുലി:–(പൊട്ടിച്ചിരിച്ചു്) അപ്പം കൂട്ടിമുട്ടുകേല്ലിയോടീ?

കദളി:–മുട്ടട്ടെ! മുട്ടട്ടെ!

നകുലി:–അതു നല്ല ഏർപ്പാടാ. കൊണമൊള്ള കാര്യമാ.

കദളി:–നമ്മടെ കൊണത്തിനല്ല്യോ അവരു പറേന്നതെല്ലാം. പിന്നെ നല്ല കൂലികിട്ടാതെ വേലയ്ക്കു പോവരുതു്.

നകുലി:–വേലയ്ക്കു പോയില്ലെങ്കി പട്ടിണി കെടക്കാം സൊകമാ.

കദളി:-ഓ! നീ പറേന്നതല്ലല്ലോ മനത്തിലാക്കന്നതു്. ഇപ്പം നമുക്കു കൊച്ചുകൂലി തന്നിട്ടു് മൊതലാളിമാരൊക്കെ വല്യ ലാപമെടുക്കയല്ല്യോ. എനി അതൊക്കെ കല്ല വേലയ്ക്കുതക്ക കൂലി തരണം.

നകുലി:–അതൊക്കെ കാര്യമാ.

കദളി:-പിന്നെ, പത്തു മണിമുതൽ നാലു മണിവരെ മാത്തറമേ ജോലി ചെയ്യാവൂ.

നകുലി:–അപ്പം നമ്മളുമൊക്കെ മണി ഓരോന്ന് മേടിക്കണമല്ലോടീ!

കദളി:-ഇതെല്ലാം ഒടനേ നടക്കാനാണോ? ഏതായാലും വെളുക്കുമ്പോൾത്തൊട്ട് തന്ത്യവരെവേലചെയ്യാൻ പോവരുത്.

നകുലി:-വിളിച്ചാ വേലയ്ക്കു ചെന്നില്ലെങ്കി തമ്പുരാൻ കൊട്ടിലും പൊളിച്ചുകളഞ്ഞു് എറക്കിവിട്ടല്ലിയോ?

കദളി:-അങ്ങനെ പേടിക്കേണ്ട. അപ്പം നമ്മടെ യൂണിയൻ ഇങ്ങോട്ടുവരും, തമ്പുരാനും പറമ്പുംകൂടെ ഓട്ടം, എന്നൊക്കെ അയാള് ഒരുപാടു പറേന്ന കേട്ടു. ആളന്മാരെല്ലാം കൈകൊട്ടും തകർപ്പും ഒക്കെ ആരുന്നു. പിന്നെ ഒരു സിറീയും പെറസങ്ങിച്ചു.

നകുലി:-എന്തോവാ അവള് പറഞ്ഞത്?

കദളി:-കേട്ടോ! പല്ലുപൊങ്ങിയാന്നെങ്കിലും ഒരു മഞ്ഞസാരി ചുററി കണ്ണാടീം മൂക്കേക്കേററി വന്നപ്പം കണ്ടാ മിടുക്കിയാ. റോതാപ്പുവെന്നോ ഏതാണ്ടാ പേര്.

നകുലി:-അവള് പറഞ്ഞത് എന്തോന്നാരുന്നു?

കദളി:-ഒന്നാമത്ത് പെണ്ണുങ്ങക്കു പെറത്യേകം തങ്കടന വേണം.

നകുലി:-നമുക്ക് എനി തങ്കടം വിചേഷാ വേണോ?

കദളി:-തങ്കടമല്ലെടി, തങ്കടന—കടന എന്നുവച്ചാ നമ്മളെല്ലാം അങ്ങോട്ടും ഇങ്ങോട്ടും കടിക്കണം.

നകുലി:-(ചിരിച്ച്) പട്ടിയേപ്പോലെ അല്ലേ? വേഷായി, പിന്നെ...?

കദളി:-രണ്ടാമത്ത്, പെണ്ണുങ്ങൾ പത്താക്കന്മാരെ കള്ളുകുടിക്കാൻ തമ്മതിക്കരുത്.

നകുലി:-അയ്യോടി! നമ്മള് പറഞ്ഞിട്ടാന്നോ അവരു കള്ളുകുടിക്കുന്നേ.

കദളി:-തൊഴിലാളികൾ ഒന്നോടെ കള്ളുകുടി നിൎത്തണം.

നകുലി:-എന്നാ എത്തറ നല്ലതാരുന്നു. കൂലി കിട്ടുന്നതുമുഴവൻ കൊടുത്തു് കള്ളുകുടിക്കും, എന്നിട്ടു് അതിയാൻ ഇവിടെവന്നു് എന്നെ എടുത്തിട്ടു ചതയ്ക്കും. ഇതാ ഇവിടത്തെ പണി.

കദളി:-പെണ്ണുങ്ങക്കു തല്ലുകിട്ടാതിരിക്കാനൊള്ള മാൎഗ്ഗം അവള് പറഞ്ഞു.

നകുലി:-അതെന്തോന്നാ, അറിയണമല്ലോ.

കദളി:-അതൊരു കഥയാ കേട്ടോ! ഒരു വീട്ടിൽ ഒരു പായേം പത്താവും ഒണ്ടാന്നു. തെകത്തോം തെകത്താം രണ്ടുപേരും വഴക്കുപറേം. പത്താവു് പായ്യെ തല്ലും.

നകുലി:-ഇവിടത്തെപ്പോലെ.

കദളി:-പലടത്തേംപോലെ. എന്നിട്ടു് പായ്യ വെഷമിച്ചു. ആയിടെ ഒരു തന്ന്യാസി ആ ദിക്കി വന്നു. അവള് തന്ന്യാസീടെ അടുത്തുചെന്നു് തല്ലുകൊള്ളാതിരിക്കാൻ ഒരു മന്തരം പറഞ്ഞുകൊടുക്കണെമെന്നു് ആവിശ്യപ്പെട്ടു.

നകുലി:-ആ! അവളൊരു മിടുക്കിയാന്നല്ലോ!

കദളി:-അതേ, ആ തന്ന്യാസി പത്തുകുളിക അവളെ ഏപ്പിച്ചിട്ടു്, "ഇതു് മന്തരം ഒള്ള കുളികയാ. പത്താവു് പടിക്കെ വരുമ്പം ഒരു കുളിക വായിൽ ഇട്ടോണം. പത്താവു് ചാസിക്കയോ തല്ലുകയോ ചെയ്താലും മുഷിഞ്ഞു് പറേരുതു്. പറഞ്ഞാ തല പൊട്ടിത്തെറിച്ചുപോം. പിന്നെ അങ്ങോട്ടു് എന്നങ്ങി പറകേം ചിരിക്കേം വേണം," എന്നെല്ലാം ഉപതേശിച്ചു് അയച്ചു.

നകുലി:-ഇതു് കൊള്ളാവുന്ന കത. എന്നിട്ടു്?

കദളി:-ആദ്യത്തെ തെകതം പത്താവിനെ കണ്ട ഒടനേ കുളിക ഒന്ന് വായിൽ ഇട്ടു. അയാളുവന്ന് വഴക്ക തൊടങ്ങി. തല പൊട്ടിത്തെറിക്കുമെന്നുവച്ച് അവള്ള മി ണ്ടീല്ല്. ഏതായാലും അന്ന് അവക്ക തല്ലുകിട്ടീല്ല.

നകുലി:-തന്ന്യാസി മിടുക്കനൊണല്ലോ.

കദളി:-തമ്ശേമൊണ്ടോ, രണ്ടാമത്തെ തെകതം പത്താവ് തേഷ്യപ്പെട്ടപ്പം അവള് ചിരിച്ചു. പിറേറന്ന അങ്ങോട്ട് എണങ്ങിപ്പറഞ്ഞു. എന്തിന്, അഞ്ചാമത്തെ കതം കഴിഞ്ഞപ്പം ആ വീട്ടിലെ വഴക്കും തമ്മിത്തല്ലും നി ന്നു. പായേം പത്താവും ഒന്നായി.

നകുലി:-അത്തറി കുളിക മേടിക്കാൻ കിട്ടുമോടീ?

കദളി:-നീ കേക്ക്, പത്താംപക്കം അവരു് രണ്ടു പേരുംക്രൂടി തന്ന്യാസിയെച്ചെന്നുകണ്ടപ്പം തന്ന്യാസി പ റഞ്ഞു, കുളികയ്ക്കു് ഒരു വിശേഷ ചകതീമില്ല. പെണ്ണുങ്ങ ടെ നാക്ക കൊറെ അടക്കിയിട്ടാൽ എല്ലാവീട്ടിലേം ചണ്ട കൊറേമെന്ന്.

നകുലി:-ഇതൊക്കെ കേക്കേണ്ടതാണല്ലോടീ!

കദളി:-അതേ, മീററിങ്ങയ്ക്കു് പോയാ പല കൊ ണോം ഒണ്ടു്.

നകുലി:-അന്ന് അവളേപ്പോലെ നീയും വല്ലോം പെറസങ്ങിച്ചോ?

കദളി:-ഓ, ഇല്ല. ഇനിക്കു് വല്ലോം അറിയാമോ?

നകുലി:-എന്തോ അറിയാനാ. കേറി അങ്ങ പെറ സങ്ങിക്കരുതാഞ്ഞോ?

കദളി:-കൊറേ കഴീമ്പം നമുക്കു് പെറസങ്ങിക്കാം

മെടീ. നിങ്ങളെഒക്കെ വിളിച്ചോണ്ടു ചെല്ലണമെന്ന് പ്രസേണ്ടു പറഞ്ഞിട്ടാ ഞാൻ വന്നെ. നീ വന്നേക്കണേ!

നകുലി:-നെനക്ക് അവിടെ ഉദ്യോഗം വല്ലോമൊണ്ടോ?

കദളി:-പിന്നെ, ഞാൻ ഒരു കുമ്മട്ടിയാടീ!

നകുലി:-എന്തോവാടി, കുമ്മട്ടിയോ, അതോ മമ്മട്ടിയോ?

കദളി:-അല്ലെടീ, ആദ്യം പറഞ്ഞതു തെററിപ്പോയി, കമ്മട്ടി! ഞാനൊരു കമ്മട്ടിയാ, നീ സാമസിക്കല്ലേ.

നകുലി:-ഇല്ല, വേഗം വന്നേക്കാം.

36272

## അദ്ധ്യായം മൂന്നു്

സെക്രട്ടറി:-എടാ ഗണേശ, നിനക്കു് ഒരു ഉദ്യോഗം ആവശ്യമുണ്ടോ? വേണമെങ്കിൽ വാങ്ങിത്തരാം.

ഗണേശൻ:-എന്തോന്നു് ഉത്ത്യോകമാ?

സെക്രട്ടറി:-നല്ല ഒരു ഉദ്യോഗം.

ഗണേശൻ:-ചമ്പളം കൂടാതെ പൊറത്തും വല്ലോം തടേന്നതാണോ?

സെക്രട്ടറി:-സാമത്ഥ്യംപോലെ പുറമേകൂടി കിട്ടാവുന്നതാ.

ഗണേശൻ:-എന്തുവാ, എക്സ്സൈസിൽ ഇററിഞ്ഞാപ്സ്സരാന്നോ?

36272

സെക്രട്ടറി:-അല്ല.

ഗണേശൻ:-മുനിശിപ്പിൽ ആമ്മീനാരിക്കും.

സെക്രട്ടറി:-ആമീനും ഈമീനും അല്ല.

ഗണേശൻ:-എന്നാ, എന്നാ, പെഷ്യൽ പാരറാത്യാരാന്നോ?

സെക്രട്ടറി:-അതുമല്ല.

ഗണേശൻ:-റേഷ്യൻ ആഫീസിൽ കെളർക്കാരിക്കാം.

സെക്രട്ടറി:-അതൊന്നുമല്ലെടാകൂവേ.

ഗണേശൻ:-(ചിരിച്ചുകൊണ്ടു്) പള്ളിക്കൂടം വാദ്ധ്യാരുവേലയാ; എനിക്കു് അറിയാം.

സെക്രട്ടറി:-അവിടെ പൊറമേ മാത്രമല്ല, അകമേ കൂടെ കിട്ടും. സക്കാർ ഉദ്യോഗമേ അല്ല, പറഞ്ഞേക്കാം.

ഗണേശൻ:-ഇപ്പം മനസ്സിലായി. റേഷൻ കച്ചോടമാ.

സെക്രട്ടറി:-അതൊന്നുമല്ല കേട്ടോളൂ; ഈ യൂണിയൻ ആഫീസിലെ വാച്ചർ ഉദ്യോഗം.

ഗണേശൻ:-എന്നുവച്ചാ എന്തുവാ?

സെക്രട്ടറി:-വളരെ നല്ല ഉദ്യോഗമാണ് അതു്. അതാ ആ ഉദ്യോഗം തരാൻ അധികാരമുള്ള ശശീന്ദ്രൻ വരുന്നു; ചോദിക്ക്.

ഗണേശൻ:-ആ വരവ് ഒന്നു കാണാനുള്ളതാണ്.

സെക്രട്ടറി:-സുപ്രസന്നമായ ഭാവം. വിനീതമായ വേഷം. അന്തസ്സും ഐശ്വര്യവും കളിയാടുന്ന മുഖം. എന്നല്ല സർവ്വവും ആദരണീയംതന്നെ.

ഗണേശൻ:-ചുമ്മാതാണോ യൂണിയന്മാരെല്ലാരും കൂടെ പ്രസേണ്ടായി തെരഞ്ഞെടുത്തതു്!

സെക്രട്ടറി:-ധനമല്ല, പ്രഭുത്വമല്ല, പരീക്ഷാവിജയമല്ല; സാധുജനസേവനമാണ് ഒരാളിനെ ഉന്നതിയിലേയ്ക്കു നയിക്കുന്നതു് എന്നതിന് ദൃഷ്ടാന്തമാണ് ഈ ശശീന്ദ്രൻ.

അവർ ഇങ്ങനെ സംസാരിക്കുമ്പോഴേയ്ക്കു് ശശീന്ദ്രൻ സമീപത്തെത്തി. ഉടനെ ഗണേശൻ ഒരു എഴുത്ത് അദ്ദേഹത്തെ ഏല്പിച്ചു. അതു വായിച്ചുനോക്കിയിട്ട് ആ സന്ദേശവാഹകനെ സസ്നേഹം യാത്രയയച്ചു. അനന്തരം കത്തു് സെക്രട്ടറിയെ ഏല്പിച്ചശേഷം ഇങ്ങനെ പറഞ്ഞു.

ശശീന്ദ്രൻ:-ഹേ, സുദേവാ! നമ്മുടെ സ്ഥിരംപ്രസിഡൻറ് ചന്ദ്രസേനൻ അല്പം താമസിച്ചേ വരികയുള്ളു

വെന്നും സമയത്തിനു മീററിംഗ് ആരംഭിച്ചുകൊള്ളണ മെന്നും ആണ് ഈ അറിയിപ്പ്.

സെക്രട്ടറി:-അതിനെന്താ, അങ്ങേ അദ്ധ്യക്ഷതയിൽ യോഗം തുടങ്ങാമല്ലോ.

ശശീന്ദ്രൻ:-കേന്ദ്രയൂണിയനിൽ വല്ലവരും ഇന്ന് ചേ ന്നിട്ടുണ്ടോ?

സെക്രട്ടറി:-ബാർബർ യൂണിയനും, ചെത്തുതൊഴി ലാളിയൂണിയനും ഇന്നു സഹകരിക്കുമെന്ന് അറിയി പ്പുണ്ട്.

ശശീന്ദ്രൻ:-ശരി, നന്നതന്നെ. അഞ്ചുമണിക്കല്ലെ മീററിംഗ്. ഇനി മുക്കാൽമണിക്കൂർ ഉണ്ട്. നിങ്ങൾ അ ങ്ങോട്ടു ചെല്ലുക. ഞാൻ പിന്നാലെ എത്തിക്കൊള്ളാം.

സെക്രട്ടറിയെ പറഞ്ഞയച്ചിട്ട് ശശീന്ദ്രൻ യൂണി യൻ ആഫീസിലേയ്ക്കു കയറി ഒരു കസാലയിൽ ഇരുന്നു. പോക്കററിൽനിന്ന് ഒരു കത്ത് എടുത്ത് ഇങ്ങനെ വാ യിച്ചു.

"പ്രിയപ്പെട്ട ശശിച്ചേട്ടാ!

കണ്ടിട്ടു രണ്ടുമാസത്തോളം ആയല്ലോ. എൻെറ സ ഹോദരൻെറ പരിഭവംമൂലമായിരിക്കാം ചേട്ടൻ വീട്ടിലേ യ്ക്കു വരാത്തത്. ആരു പരിഭവിച്ചാലും ഈ ജീവിത ത്തിൽ ഞാൻ അങ്ങയുടേയും അങ്ങ് എൻേറയും സ്വന്ത മാണ്. ഇന്നത്തെ മീററിംഗിന് ഞാനും വരുന്നുണ്ട്. എ ൻെറ സഹകരണം സന്തോഷകരമായിരിക്കുമല്ലോ.

എന്ന്, സ്വന്തം ഹരിണി (ഒപ്പ്)"

ശശീന്ദ്രൻ എഴുത്തുവായിച്ചു. പിന്നെയും പിന്നെയും

വായിച്ചു. അനന്തരം മൂർദ്ധാവിൽ ചേർത്തു് അല്പസമയം ഊൎദ്ധ്വദൃഷ്ടിയായി സ്ഥിതിചെയ്തു. വെളിയിൽ ഒരു കാൽപ്പെരുമാററം കേൾക്കയാൽ വേഗം ആ കത്തു് മടക്കി പോക്കററിലിട്ടപ്പോഴേയ്ക്കു് സൗന്ദൎയ്യസാരസൎവ്വസ്വമായ ഒരു യുവതീമണി അല്പം വ്രീളാനമ്രമുഖിയായി പുരോഭാഗത്തെത്തി. തന്റെ സ്നേഹഭാജനമായ ഹരിണിയാണു് അതെന്നു ധരിച്ചു് എഴുന്നേററു് ആ ചിന്താഹൃദയൻ രണ്ടുനാലു് അടി മുൻപോട്ടു ചെന്നു. ഒരു ചെറിയ ദീർഘനിശ്വാസത്തോടെ രണ്ടുപേരും പരസ്പരം നോക്കി. ദൃഷ്ടികൾ തമ്മിൽ ഇടഞ്ഞു. അഭിമതങ്ങൾ ഒട്ടൊക്കെ ആ ഭാവംകൊണ്ടു് അവരറിയിച്ചു. ഹരിണി മൗനഭഞ്ജനം ചെയ്തു.

ഹരിണി:-എന്താ ചേട്ടാ, എന്റെ വരവു് അസുഖത്തിനു കാരണമാക്കിയോ?

ശശീന്ദ്രൻ:-(സസ്നേഹം) ഉവ്വു്.

ഹരിണി:-എന്താണു് ആ അസുഖം? പറയത്തക്കതാണോ?

ശശീന്ദ്രൻ:-അതേ. എന്റെ ഹരിണിക്കുട്ടി ക്ലേശിക്കാൻ ഇടയായേക്കുമോ എന്നുള്ള ചിന്ത.

ഹരിണി:-എന്റെ ഹരിണിക്കുട്ടി എന്നു പറയുവാൻതക്ക ധൈൎയ്യമുണ്ടോ?

ശശീന്ദ്രൻ:-നിശ്ചയമായും ഉണ്ടു്.

ഹരിണി:-എന്നാൽ എനിക്കിനി ക്ലേശത്തെപ്പററി ചിന്തയേ ഇല്ല.

ശശീന്ദ്രൻ:-ഭദ്രേ! ഒന്നാലോചിച്ചുനോക്കു. ഭവതിയുടെ സഹോദരൻ—ആ വാസവൻ—നമ്മോടു് അത്യന്തം

36272

വൈരാഗ്യത്തോടെ വൎത്തിച്ചുപോരുന്നു. നമ്മുടെ ഈ സമാഗമം അതിനെ ശതഗുണം വൎദ്ധിപ്പിക്കയില്ലേ?

ഹരിണി:-ചേട്ടൻ ഒരു ഭീരുവാണോ?

ശശീന്ദ്രൻ:-അതിനെപ്പററി ഞാൻ പറയുന്നതു് ആത്മപ്രശംസയായിത്തീരികയില്ലേ?

ഹരിണി:-വേണ്ട, ഞാൻ പറയാം. തൊഴിലാളി സംഘടനയ്ക്കുവേണ്ടിയുള്ള ഈ പ്രവൎത്തനാരംഭത്തിൽ മുതലാളിമാരും ഗവൺമെൻറുംകൂടി ചേട്ടനെ അത്യുൽക്കടമായി ഭയപ്പെടുത്തിനോക്കി. അവർതന്നെ മററൊരു വശത്തുകൂടി വളരെവലിയ ഒരു തുക സമ്മാനം തരാമെന്നു പറഞ്ഞു് വ്യാമോഹിപ്പിക്കാനും ശ്രമിച്ചു. രണ്ടിലും ചേട്ടൻ കുലുങ്ങിയില്ല. അക്കഥകൾ എനിക്കറിയാം.

ശശീന്ദ്രൻ:-(സവിസ്മയം) ഭദ്രേ! ഭവതിക്കു ദിവ്യശക്തിയുണ്ടോ?

ഹരിണി:-ഈ ചോദ്യത്തിന്റെ അൎത്ഥം എന്താണു്?

ശശീന്ദ്രൻ:-ഞാൻ യാതൊരുത്തരോടും പറഞ്ഞിട്ടില്ലാത്ത ഈ ചരിത്രം ഭവതി മനസ്സിലാക്കിയല്ലോ.

ഹരിണി:-ഉണ്ടു്; എനിക്കു ദിവ്യശക്തിയുണ്ടു്. അതുകൊണ്ടുതന്നെ ഞാൻ പ്രവചിക്കുന്നു, വിഷമങ്ങളും വിഘ്നങ്ങളും നേരിട്ടാലും നമ്മുടെ നിൎമ്മലപ്രേമം വിജയിക്കുകതന്നെ ചെയ്യും.

ശശീന്ദ്രൻ:-എന്നാൽ അതേപ്പററി കൂടുതലൊന്നും എനിക്കിപ്പോൾ പറയാനില്ല. ഇന്നത്തെ സമ്മേളനത്തിൽ പങ്കുകൊള്ളണമെന്നു് ഭവതി വിചാരിക്കുന്നുണ്ടോ?

ഹരിണി:-ഉണ്ടു്; നിശ്ചയമായും ഉണ്ടു്.

KOTTAYAM PUBLIC LIBRARY, KOTTAYAM

ശശീന്ദ്രൻ:-എന്നാൽ ഭവതി മുൻപേ അങ്ങോട്ടു നടക്കുക; സമയമായി. ഞാനും ഇതാ പിന്നാലെ ഉണ്ടു്.

"ആശയം മനസ്സിലായി" എന്നുപറഞ്ഞു് സസ്മിതം ആ ബുദ്ധിമതി നടകൊണ്ടു. ആദർശപ്രചോദിതവും വിലാസപേശലവും ആയ ആ യാത്ര നോക്കിക്കൊണ്ടു് ശശീന്ദ്രൻ അല്പസമയം അവിടെ നിന്നു. അനന്തരം അദ്ദേഹവും അവളെ പിൻതുടന്നു.

നിർദ്ദിഷ്ടസമയത്തു് സംയുക്ത തൊഴിലാളിയൂണിയൻ യോഗംകൂടി. ആ മഹാസമാജത്തിൻെറ ആദ്ധ്യക്ഷം വഹിക്കുന്ന ശശീന്ദ്രൻ, നക്ഷത്രസമൂഹത്തിൽ ചന്ദ്രൻ എന്നപോലെ തിളങ്ങി. അവിടെ ഉചിതസ്ഥാനത്തു ശോഭിക്കുന്ന ഹരിണി സകലരുടേയും ശ്രദ്ധയെ ആകർഷിച്ചു.

സമാജസാധാരണമായ ചടങ്ങുകൾക്കുശേഷം ശശീന്ദ്രൻ ഉപക്രമപ്രസംഗം ആരംഭിച്ചു സുസ്ഫുടമായ പ്രൗഢഗംഭീരസ്വരത്തിൽ ആ വാഗ്മി ഇങ്ങനെ പറയുവാൻ തുടങ്ങി:

"ബഹുമാന്യ സുഹൃത്തുക്കളെ, നിങ്ങൾക്കു സാദരം നമസ്കാരം. നമ്മുടെ സ്ഥിരംപ്രസിഡൻെറായ ചന്ദ്രസേനൻ അല്പം താമസിക്കുമെന്നു് അറിയിച്ചതിനാലാണു് ഈ പൂജ്യസ്ഥാനത്തു നിന്നുകൊണ്ടു് സംസാരിക്കുവാൻ എനിക്കവസരം ലഭിച്ചതു്.

"ഇന്നത്തെ ഈ മഹായോഗം നമ്മുടെ പരിശ്രമത്തിൻെറ പുരോഗമനത്തെ തെളിയിക്കുന്നുണ്ടു്. ഈ കല്പകശ്ശേരി രാജ്യത്തിലെ തൊഴിലാളികൾ മുഴുവൻ ഒരു ഒററ ശൃംഖലയിൽ സംഘടിക്കുമ്പോൾ ആ വജ്രമാല്യത്തിൻെറ വില എന്തെന്നു് സർവ്വഥാ ബോധ്യപ്പെടും.

"ഇതു് ഒരു അരാജകസംഘമാണു്. ഗവണ്മെന്റിനെ തകിടംമറിക്കാനും മുതലാളിമാരെ ദ്രോഹിക്കാനുമാണു് ഈ സംഘടനയുടെ ഉദ്ദേശ്യം എന്നൊക്കെ ചില ദുർബ്ബുദ്ധികൾ പറഞ്ഞു പരത്തുന്നതു സർവ്വാബദ്ധമത്രേ.

"നമ്മുടെ നിസ്സ്വാർത്ഥമായ രാജഭക്തിയെ ചോദ്യം ചെയ്യാൻ ധൈര്യമുള്ളവർ രംഗത്തേക്കു വരികയാണു വേണ്ടതു്. പൊന്നുതമ്പുരാൻ തിരുമനസ്സിലെ ഗവണ്മെൻറും നമ്മളും വിശ്വാസപൂർവ്വം സഹകരിക്കുന്ന സുവർണ്ണാവസരം അടുത്തുതന്നെ ഉണ്ടാകും. പിന്നെ, മുതലാളിമാരെ ദ്രോഹിക്കയല്ല, സഹായിക്കയാണു് ഈ സംഘടനയുടെ ഉദ്ദേശ്യമെന്നു് താമസംവിനാ ബോദ്ധ്യപ്പെടുന്നതാണു്. സാധുക്കളായ തൊഴിലാളികളുടെ വിയർപ്പുതുള്ളികൾ, അല്ല, രക്തബിന്ദുക്കൾ, സുവർണ്ണനാണ്യങ്ങളാക്കി ഇരുമ്പുപെട്ടി നിറയ്ക്കുന്ന മുതലാളിമാർ, നമ്മളും മനുഷ്യരാണെന്നു് ചിന്തിക്കുവാൻ തയാറായാൽ എല്ലാം ശുഭമായി എന്നേ എനിക്കു ചുരുക്കമായി പറയാനുള്ളു."

സദസ്സിലെ, "കേൾക്കുക കേൾക്കുക" എന്ന ഹർഷാരവത്തെ തുടർന്നു് ശശീന്ദ്രൻ പറഞ്ഞു: "അതേഅവസരത്തിൽത്തന്നെ, നമ്മെ സഹായിച്ചുപോരുന്ന മുതലാളിമാരെ വിശ്വാസപൂർവ്വം സ്നേഹിച്ചു്, ദുർമ്മാർഗ്ഗങ്ങളിലുള്ള ചെലവു് നിശ്ശേഷം നിർത്തി, കിട്ടുന്ന ആദായത്തിൽ അല്പമെങ്കിലും മിച്ചമെടുത്തു്, പരിരമ്യമായ ഒരു കുടുംബജീവിതം പുലർത്തുവാൻ നിങ്ങളെല്ലാം ആത്മാർത്ഥതയോടെ പരിശ്രമിക്കേണ്ടതുമാകുന്നു.

"ഇന്നത്തെ നമ്മുടെ സദസ്സിനു് ഒരു വിശേഷ ഭാഗ്യം ഉണ്ടു്. മഹാകുബേരനന്ദിനിയായ ഹരിണീദേവിയുടെ

സാന്നിദ്ധ്യമാണ് അതു്. ആ മഹതിയുടെ പ്രഭാഷണമാധുരി നിങ്ങൾക്ക് അനുഭവപ്പെടുവാൻ വേണ്ടി എന്റെ പ്രസംഗം ഞാൻ തല്ക്കാലം ചുരുക്കുന്നു.”

ശശീന്ദ്രൻ ആസനസ്ഥനായി. ഹരിണി ഒരു ചെറിയ നെഞ്ഞിടിപ്പോടെ എഴുന്നേററു. സ്നേഹരസസമ്പൂർണ്ണവും വിനയദ്യോതകവും ആയ ആ മനോഹരിയുടെ മുഖകമലം എല്ലാവർക്കും ദൃശ്യമായി. ആ ഗംഭീരസദസ്സിനെ സിംഹവീക്ഷണം ചെയ്തുകൊണ്ട് നാലഞ്ചുനിമിഷനേരം അവൾ അവിടെ നിന്നു. ഉടനേ ഒരു രമ്യമണിനാദം അവിടെ മുഴങ്ങി. തൊഴുകൈയോടെ അവൾ പറഞ്ഞുതുടങ്ങി.

“വന്ദ്യസഹോദരീസഹോദരന്മാരെ! നിങ്ങൾക്കെല്ലാവർക്കും നമസ്കാരം. ലോകത്തിൽ ഇരുന്നൂറുകോടിയിലധികം മനുഷ്യരുണ്ടു്. അതിൽ ഭൂരിഭാഗവും സാധാരണക്കാർ അഥവാ തൊഴിലാളികൾ ആണ്. ഇന്ന് ഗ്രേററു ബ്രിട്ടൻ ഭരിക്കുന്നതു് തൊഴിലാളിഗവണ്മെൻറത്രേ. ഭരണപരിഷ്കാരഭാസ്കരന്റെ തങ്കരശ്മികൾ നമ്മുടെ നാട്ടിലും വീശിക്കഴിയുമ്പോൾ നിങ്ങളുടെ ശക്തിയും മേന്മയും എത്ര വലുതെന്ന് ബോദ്ധ്യപ്പെടും. പക്ഷേ, അതിനെല്ലാം അടിസ്ഥാനം സ്നേഹപൂർണ്ണമായ ഐക്യവും സന്മാർഗ്ഗനിഷ്ഠമായ കർമ്മപാടവവും ആണെന്ന് നിങ്ങൾ മറക്കരുതു്.

“തൊഴിലാളി മുതലാളി ഭേദചിന്ത എല്ലാ നാട്ടിലും ഉണ്ടു്. അതിൽ വലിയ കഴമ്പില്ലെന്നാണ് എനിക്കു തോന്നുന്നതു്. ഒന്നും ചെയ്യാത്തവർ അലസന്മാരാണ്. ബാക്കിയുള്ളവർ എന്തു കർമ്മമെങ്കിലും ചെയ്തുകൊണ്ടേയിരി

ക്കുന്നു. തൊഴിൽ ചെയ്യുന്നവരാണ് തൊഴിലാളികൾ അപ്പോൾ തൊഴിലാളിമുതലാളി ഭാവത്തിൻെറ അത്ഥമെന്തെന്നു് ഞാൻ ചോദിക്കുന്നു.

"ഞാൻ ഒരു കുബേരനന്ദിനിയാണെന്നു് പ്രസിഡൻറു് അവർകൾ പറഞ്ഞു. അതു ശരിയാണെങ്കിൽ ആ കുബേരത്വവും എൻെറ സകല കഴിവുകളും നിങ്ങളുടെ നന്മയ്ക്കുവേണ്ടി വിനിയോഗിക്കുന്നതാണെന്നു് ഞാൻ ഉറപ്പു പറയുന്നു."

"കേൾക്കുക കേൾക്കുക!" എന്ന സന്തോഷാരവവും ഹസ്തതാഡനങ്ങളും സദസ്സിൽ മുഴങ്ങി. ശാന്തമായ സദസ്സിനെ നോക്കി ഹരിണി വീണ്ടും പറഞ്ഞു.

"സാധുപൂജ പുണ്യകരമെന്നു ഞാൻ കേട്ടിട്ടുണ്ടു്. ശ്രീ. ശശീന്ദ്രനോടൊപ്പം ഈ എൻെറ എളിയ സേവനവും നിങ്ങൾക്കു ലഭിക്കുമെന്നു്......"

"എടീ! അസത്തേ! നിത്തു് നിൻെറ പ്രസംഗം" എന്നുള്ള കടുഭാഷണം ഹരിണിയുടെ പ്രസംഗത്തെ തടസ്സപ്പെടുത്തി. "നിൻെറ സേവനമെല്ലാം ഞാൻ കാണിച്ചു തരാം." എന്നു ഗജ്ജിച്ചുകൊണ്ടു് ഓടി അണയുന്ന സപത്നീസോദരനെ അവൾ കണ്ടു. ആ ധൂത്തൻ ഹരിണിയെ പിടിച്ചുവലിച്ചു് ഇഴച്ചുകൊണ്ടു് അപ്രത്യക്ഷനായി.

ആ സദസ്സു പ്രക്ഷുബ്ധമായി. "ഭയങ്കരമായ അക്രമം" "അക്ഷന്തവ്യമായ അധമ്മം." "ഇതിനു പകരം ചോദിക്കണം." എന്നെല്ലാം പറഞ്ഞുകൊണ്ടു് ആളുകൾ എഴുന്നേററു. ശശീന്ദ്രൻെറ ഉയന്ന കരം അവരെ അല്പം സമാധാന

പ്പെട്ടത്തി. "നിങ്ങൾ ശാന്തരാകണം. ഹരിണിയുടെ രക്ഷാകൎത്താവാണു് ഇപ്പോൾ ഇവിടെ വന്നതു്." എന്നു സദസ്യരോടു് അദ്ദേഹം പറയുമ്പോഴേയ്ക്കു സ്ഥിരം പ്രസിഡൻറു ചന്ദ്രസേനനും അവിടെ എത്തി. രണ്ടുപേരുംകൂടി രമ്യവചനങ്ങൾ ചൊരിഞ്ഞു് ആ രംഗം ശാന്തമാക്കി. അനന്തരം സഭാനടപടികൾ തുടൎന്നു.

## അദ്ധ്യായം നാല്

നന്ദൻ:-എടീ ദേവകി, ശശി ഇന്നലെ വന്നില്ലേ?

ദേവകി:-വന്നു; കുറേയേറെ ഇരുട്ടിയാണ് അവൻ വന്നതു്. അവനു വല്ലാത്ത പനി.

നന്ദൻ:-എന്നിട്ടു് അവൻ എന്തുകഴിച്ചു?

ദേവകി:-ഇത്തവണ റേഷൻ കിട്ടിയതു പച്ചരിമാത്രമല്ലേ; ആ ചോറു് അവൻ തൊട്ടതേയില്ല. ഉച്ചയ്ക്കെങ്കിലും കുറച്ചു നല്ലയരിയുടെ കഞ്ഞികൊടുക്കാൻ എന്താണുമാർഗ്ഗം?

നന്ദൻ:-ഒരുപറ നെല്ലുകിട്ടിയാൽ മതിയായിരുന്നു. അടുത്തു് എവിടെയാണുള്ളതു്?

ദേവകി:-ഇവിടെയെങ്ങും നെല്ലു് ഇല്ല. പൂപ്പള്ളിൽ നെല്ലുവില്ക്കുന്നുണ്ടെന്നു് ആരോ പറയുന്നതു കേട്ടു.

നന്ദൻ:-അവിടെ പത്തുപതിനായിരപ്പറ നെല്ലു് ഇനി കിടപ്പുണ്ടു്. ആരെയെങ്കിലും അയച്ചാൽ കിട്ടുമോ എന്തോ?

ദേവകി:-വല്ലവരും ചെന്നാൽ പററുകയില്ല. ക്ഷീണമാണെങ്കിലും പതുക്കെ അങ്ങോട്ടൊന്നു പോയാട്ടെ. അല്ലെങ്കിൽ കുഞ്ഞു് ഇന്നും പട്ടിണിയായിപ്പോകുമല്ലോ.

നന്ദൻ:-എത്രരൂപാ കൊണ്ടുപോകണം.

ദേവകി:-നാലുരൂപായേ ഇപ്പോൾ ഇവിടെ കിടപ്പുള്ളല്ലോ; അതു ധാരാളം മതിയാകും.

നന്ദൻ രൂപായും എടുത്തു് സാവധാനത്തിൽ പുറ

പ്പെട്ടു. കുറേദൂരം നടന്നു് ഒരു പാടത്തിൻെറ കരയിൽ എത്തി. പൂപ്പള്ളിയിലെ പ്രസിദ്ധമായ 'രണ്ടായിരപ്പറ' യാണു് അതെന്നു് അദ്ദേഹത്തിനറിയാം. ആ നിലത്തിൽ കൃഷിയിറക്കാൻ ശ്രമിക്കുന്ന ചില വേലക്കാരോടു് ഇങ്ങനെ ചോദിച്ചു:

നന്ദൻ:-(കാളയെ പൂട്ടുന്ന ഒരു വൃദ്ധനോടു്) ഹേ വയസ്സാ, ഈ വരമ്പു് ഉറച്ചതാണോ? ഇതിലേ അങ്ങോട്ടു പോകാമോ?

വയസ്സൻ:-കാളയുടെ വില എന്താണെന്നോ? ഇതിന്നു് ഇരുനൂററിനാപ്പത്തുരൂപാ; ഇതിന്നു് ഇരുനൂററിഅരു പത്തു രൂപാ.

നന്ദൻ:-ഈ വഴിയേ അങ്ങോട്ടു പോകാമോ എന്നാണു ഞാൻ ചോദിച്ചതു്.

വയസ്സൻ:-ഇതിനെ വില്ക്കുമോന്നോ? ഇല്ല, എൻെറ തമ്പുരാൻെറയാണു്; ഞാൻ ആക്കും കൊടുക്കേല്ല.

വേലക്കാരൻെറ യജമാനസ്നേഹത്തെ പുകഴ്ത്തവേ തന്നെ അവൻഒരു ബധിരനാണെന്നു് ഊഹിച്ചുകൊണ്ടു്, ചില പാത്രങ്ങളുമായി സമീപത്തിൽ നില്ക്കുന്ന ഒരു വൃദ്ധയോടു ചോദിച്ചു.

നന്ദൻ:-ഹേ വയസ്സി, ഈ വരമ്പിൽക്കൂടി അങ്ങോട്ടു പോകാമോ?

വൃദ്ധ:-കൈയിലെ എന്താണെന്നോ? കപ്പ വേവിച്ചതും കട്ടൻകാപ്പിയും.

നന്ദൻ:-അതല്ലെടീ ചോദിച്ചതു്. ഈ വരമ്പു് ഉറച്ചതാണോ?

വൃദ്ധ:-അതെന്താണെന്നു ചോതിച്ചാൽ, അറയിൽ

നെല്ലുകിടപ്പുണ്ടെങ്കിലും തമ്പുരാൻ ചക്രമേ കൂലി തരൂ. ചക്രവുംകൊണ്ടു നടന്നിട്ടു് കപ്പമാത്രം കിട്ടി, എന്തുചെയ്യാം!

അവളും ഒരു പൊട്ടിയാണെന്നു മനസ്സിലാക്കിയ നന്ദൻ, വിത്തുവിതയ്ക്കുന്ന ഒരു ചെറുപ്പക്കാരനോടു ചോദിച്ചു:

നന്ദൻ:-എടാ കൂവേ, ഈ വരമ്പു് ഉറച്ചതാണോ? ഇതിലെ അങ്ങോട്ടു പോകാമോ?

ചെറുപ്പക്കാരൻ:-ഈ നിലം വെതയ്ക്കാൻ താമസിച്ചതു് എന്താണെന്നു ചോദിക്കയാണോ? തമ്പുരാൻെറ ദശ്ശാഠ്യംകൊണ്ടു്. അയൽ നിലമെല്ലാം വിതച്ചു കാററാടിപ്രായമായി. കൂലി നെല്ലായിട്ടു കൊടുക്കാത്തതിനാൽ വേലക്കാരൊക്കെ പിണങ്ങിനിക്കയാ.

നന്ദൻ:-എടാ, ഈ വരമ്പിൽക്കൂടി നടക്കത്തക്കവണ്ണം ഉറച്ചതാണോ എന്നു് എനിക്കറിഞ്ഞാൽ മതി.

ചെറുപ്പക്കാരൻ:-ഞങ്ങൾ എന്തിനുവന്നു എന്നോ? ദൈവത്തെ വിചാരിച്ചു്. കണ്ണീരു കൂട്ടിയാ വെത, അതു കൊയ്യുകയും ചെയ്യും.

ഉടനെ സമീപവാസിയായ ഒരാൾ അതിലെ വന്നു. അയാൾ പറഞ്ഞു:

"ഹേ അമ്മാവാ, ഇവരെല്ലാം ബധിരന്മാരാണു്. ഇപ്രകാരം ചില വികൃതികൾ കാണിക്കുന്നതാണു പ്രകൃതിക്കു് ഇഷ്ടം. വരമ്പു് ഉറച്ചിട്ടില്ല. നേരെ കാണുന്നവഴിയേ പോയാൽ മതി. ഞാനും അങ്ങോട്ടാണു്, നമുക്കു നടക്കാം."

നന്ദൻ:-നിങ്ങളുടെ വീടു് ഇവിടെ അടുത്താണോ? പേരെന്തു്?

ആഗതൻ:-ഇവിടെ അടുത്തുതന്നെയാണു് വീടു്. പേരു് ഉണ്ണി എന്നു്.

നന്ദൻ:-എൻെറ സ്നേഹിതാ! ഈ നിലം ഇതുവരെ വിതച്ചില്ലല്ലോ, കാലം പോയില്ലേ.

ആഗതൻ:-ആ വാസവൻ വേലക്കാൎക്കു ശരിയായി ക്രലി കൊടുക്കയില്ല. എപ്പോഴും അവരുമായി കലഹിക്കും. പിന്നെ എങ്ങനെ കാൎയ്യം നടക്കും!

നന്ദൻ:-അദ്ദേഹത്തിൻെറ അച്ഛൻ—ആനന്ദൻ—എത്ര നല്ല ആളായിരുന്നു. ഞാൻ പത്തുമുപ്പതു വർഷം അദ്ദേഹത്തിൻെറ കൃഷിക്കാൎയ്യസ്ഥനായി ജീവിച്ചു. എനിക്കറിയാം; അദ്ദേഹം സ്നേഹവും സൗജന്യവുംകൊണ്ടു് സൎവ്വത്ര വിജയിയായി.

ആഗതൻ:-നേരെ മറിച്ചാണു മകൻെറ സ്വഭാവം. എന്തു ചെയ്യാം!

നന്ദൻ പതുക്കെ നടന്നു് പൂപ്പെള്ളിൽ എത്തി. നെല്ലളന്നു് വള്ളത്തിൽ കയററുന്ന ഒരു ചെറുബഹളം അവിടെ അദ്ദേഹം കണ്ടു. തൻെറ ശകുനം നന്നെന്നു വിചാരിച്ചുകൊണ്ടു മുററത്തു ചെന്നു. ഉടനേ വാസവനും മകനും തമ്മിലുള്ള ഒരു സംഭാഷണം ഇങ്ങനെ കേട്ടു.

വാസവൻ:-ആ രാമപ്പണിക്കൎക്കു് എത്ര നെല്ലു കൊടുത്തു കുട്ടാ?

മകൻ:-നൂറു പറ.

വാസവൻ:-പറ നല്ലപോലെ വടിച്ചാണോ അളന്നതു്? അളവുകാൎക്കു് ആ നോട്ടമൊന്നുമില്ല.

മകൻ:-അതെയതെ. പറയുടെ പാലം ഒരുനെല്ലിട തേഞ്ഞുകാണും.

വാസവൻ:-തരക്കേടില്ല. അവർ പിന്നീട് അളന്നു നോക്കുമ്പോൾ പത്തിന് ഒമ്പതരയേ കാണാവൂ. രൂപ എത്ര വാങ്ങിച്ചു?

മകൻ:-അഞ്ഞൂറു രൂപയും തന്നു. അയാൾക്ക് ഒരു പിശകു പററി. തന്നതിൽ പത്തു രൂപയുടെ ഒരു നോട്ടു കൂടുതൽ ഉണ്ടായിരുന്നു.

വാസവൻ:-എന്നിട്ടു് നീ തിരിച്ചുകൊടുത്തോ?

മകൻ-:ഓ, ഞാൻ മിണ്ടിയേയില്ല.

വാസവൻ:-ഒരു തരക്കേടും ഇല്ല. പിന്നെ ബാക്കി കിടക്കുന്ന നെല്ല് ഉടനെ വിൽക്കേണ്ട. നെല്ലിനു വില കൂടാൻപോകുന്നതായിട്ടാണ് കേൾവി. ആരു ചോദിച്ചാലും ഇല്ലെന്നു പറഞ്ഞേക്കണം.

മകൻ:-ഓഹോ പറഞ്ഞേക്കാം. കഴിഞ്ഞകൊല്ലം എന്നെ പഠിപ്പിച്ച മുൻഷിസാർ ഇവിടെ വന്നിരുന്നു.

വാസവൻ:-എന്തിന്? കാപ്പി കുടിക്കാനായിരിക്കും!

മകൻ:-അതിനൊന്നുമല്ല. അദ്ദേഹത്തിൻെറ കുട്ടികൾക്കൊക്കെ സുഖക്കേട്. രണ്ടുപറ നെല്ലു കൊടുക്കണമെന്നും വില എന്തുവേണമെങ്കിലും തരാമെന്നും പറഞ്ഞു.

വാസവൻ:-എന്നിട്ട് എന്തായിരുന്നു നിൻെറ മറുപടി?

മകൻ:-അച്ഛൻ വരുമ്പോൾ ചോദിക്കട്ടെ എന്ന്.

വാസവൻ:-നെല്ല് ഇല്ലെന്ന് അപ്പോഴെ ഒഴിയരുതായിരുന്നോ?

മകൻ:-സാറിനോട് കള്ളം പറയുന്നതെങ്ങനെയാണച്ഛാ?

വാസവൻ:-ഓ, ആരോടും നെല്ലിൻെറ സംഗതി

യിൽ കള്ളം പറയാം. ഒരുകാൎയ്യം ചോദിക്കട്ടെ, മുൻപെ നെല്ലളക്കുന്നിടത്തുവന്ന ഭിക്ഷക്കാരന് എന്തുകൊടുത്തു?

മകൻ:-ഒരുപിടി നെല്ലു കൊടുത്തു.

വാസവൻ:-അതൊക്കെയാണ് കൊള്ളരുതാത്ത. കാൽചക്രം കൊടുത്താൽ പോരായിരുന്നോ. ഇങ്ങനെയൊക്കെ ആയാൽ ജീവിക്കാൻ ഒക്കുകയില്ല കുഞ്ഞേ. ആകട്ടെ നീ ചെന്ന് കാപ്പി കൊണ്ടുവരാൻ പറയൂ.

അവരുടെ സംഭാഷണങ്ങൾ കേട്ട് നന്ദൻ ചിന്താവിവശനായി അവിടെനിന്നു. "ഭഗവാനെ" എന്ന് ഉച്ചരിച്ചുകൊണ്ട് മെല്ലെ നടന്ന് വരാന്തയിലേയ്ക്കു കയറി. ആ ക്ഷീണഗാത്രൻ വാസവൻെറ ദൃഷ്ടിക്കു വിഷയമായി.

വാസവൻ:-അല്ല, ഇതാര്! പഴയ അമ്മാവനല്ലേ. എന്താണ് ഇങ്ങോട്ടു വന്നതു്? ഈയിടെയെങ്ങും കാണാറില്ലല്ലോ.

നന്ദൻ:-ഞാൻ കഴിഞ്ഞമാസത്തിലും വന്നിരുന്നു കുഞ്ഞേ. ഞങ്ങൾക്ക് നിങ്ങളെ ഒക്കെ മറക്കാൻ ഒക്കുമോ. വീട്ടിൽ എല്ലാവൎക്കും പനി. പച്ചരിയുടെ കഞ്ഞികുടിച്ച് വിഷമിച്ചു. ഒരുപറനെല്ലു തരണം. അതു് ഉദ്ദേശിച്ചാണ് ഇറങ്ങിയതു്.

വാസവൻ:-ഇവിടെ നെല്ലില്ലല്ലൊ അമ്മാവാ.

നന്ദൻ:-ഇപ്പോൾ അളന്നുകൊണ്ടു പോയതൊക്കെ നെല്ലല്ലേ കുഞ്ഞേ?

വാസവൻ:-അതു് കോട്ടാ കൊടുക്കാനാണ്. എന്തൊരു ദുരിതം! കിട്ടുന്നതൊക്കെ സൎക്കാരിനു കൊടുക്കണം. കോട്ടായും കോട്ടവായ്യും കൊണ്ടു് വിഷമിച്ചു.

നന്ദൻ:-കൃഷിയിറക്കുമ്പോഴാണോ കുഞ്ഞേ കോട്ടാ കൊട്ടക്കുന്നതു്?

വാസവൻ:-സക്കാരു നിശ്ചയിക്കുന്നതല്ലേ പ്രമാണം. നമുക്കു വല്ലതും വിപരീതം പറയാമോ? ആകട്ടെ, എത്ര രൂപ കൊണ്ടുവന്നിട്ടുണ്ടു്?

നന്ദൻ:-നാലുരൂപ ഇപ്പോഠം കൈവശമുണ്ടു്. പോരെങ്കിൽ ബാക്കികൂടി തന്നുകൊള്ളാം. ഒരുപറ നെല്ലു് തന്നേ മതിയാകൂ.

വാസവൻ:-രൂപയുടെ കുറവുകൊണ്ടല്ല; അമ്മാവന് ഒരുപറ നെല്ലു് വെറുതേ തന്നാൽത്തന്നെ എന്തു്? പക്ഷേ, ഇവിടെ നെല്ലൊട്ടുമില്ല. പിന്നെ, അമ്മാവൻെറ മകൻ—ആ ശശീന്ദ്രൻ—വിചാരിച്ചാൽ ഇപ്പോഠം നെല്ലിനോ അരിക്കോ വല്ലതും പ്രയാസമുണ്ടോ?

നന്ദൻ:-അവനു് നിലവും നെല്ലും ഒന്നും ഇല്ലെന്നു് കുഞ്ഞിനു് അറിയാമല്ലോ?

വാസവൻ:-അഹ് ഹഹ! അയാഠം തൊഴിലാളിനേതാവല്ലേ. അയാഠം ഒന്നു ശബ്ദിച്ചാൽ ഉടൻ, തേങ്ങ കയറുന്നവൻേറയും, ബീഡി തെറുപ്പുകാരൻേറയും, അലക്കുകാരൻേറയും ഒക്കെ അറയിൽനിന്നു് നെല്ലു് വണ്ടിക്കണക്കിനു് അവിടെ വന്നുചേരുകയില്ലേ?

നന്ദൻ:-കുഞ്ഞു് പരിഹസിക്കുന്നതെന്തിനു്?

വാസവൻ:-(ഭാവം മാറീട്ടു്) പരിഹാസമൊക്കെ ആ തെമ്മാടിക്കു്; ആ പോക്കിരിക്കു്. അവൻ ഞങ്ങളോടെല്ലാം യുദ്ധത്തിനു് ഒരുങ്ങി പുറപ്പെട്ടിരിക്കയാണു്; വിശേഷിച്ചു് എന്നോടാണു് അവൻെറ എതിർപ്പു്. (പല്ലുകടിച്ചു്) ഞാൻ..,ഞാൻ..,അവനേം അവന്റെ തൊഴിലാളി

യൂണിയനേം ഒന്നോടെ പൊടിഭസ്മമാക്കുന്നുണ്ട്. കാണിച്ചുകൊടുക്കാം.

നന്ദൻ:-ശക്തിക്കനുസരിച്ച് എല്ലാം ചെയ്തുകൊള്ളണം; ഇതൊക്കെ എന്നോടു പറയുന്നതു എന്തിനാണ്?

വാസവൻ:-(വിറച്ചുകൊണ്ടു) തന്നോടു പറയുന്നതു് എന്തിനെന്നോ? താനല്ലെ അവൻെറ തന്ത? ചൊവ്വെ നേരേ താൻ അവനെ വളത്തിയിരുന്നെങ്കിൽ...?

നന്ദൻ:-(അല്പംക്ഷോഭിച്ച്) ഞാൻ അങ്ങനെതന്നെ വളത്തി. അവൻ പിഴച്ചുപോയിട്ടില്ല, പോകയുമില്ല. പിന്നെ മഞ്ഞക്കണ്ണുള്ളവക്കു്...

വാസവൻ:-(ഉച്ചത്തിൽ) ഭ, തെമ്മാടി! താൻ ഇവിടെവന്നു് എന്നെ ആക്ഷേപിക്കയാണോ? കടക്കെടോ പുറത്തു്.

രംഗം ഇപ്രകാരം മാറിയപ്പോൾ കാര്യം കൂടുതൽ വഷളാകരുതല്ലോ എന്നു വിചാരിച്ച് നന്ദൻ വേഗം അവിടെനിന്നും ഇറങ്ങി നടകൊണ്ടു.

## അദ്ധ്യായം അഞ്ചു്

അന്നു് പൂപ്പെള്ളിൽ ഒരു വിശേഷദിവസമാണു്. മുററവും പരിസരങ്ങളും കൂടുതൽ വൃത്തിയാക്കി. ജനാലകളുടെ വെളിയടകൾ എല്ലാം പുതുക്കിച്ചേർത്തു. കസാലകൾ 'പൊന്നുടുപ്പു്' അണിഞ്ഞു. ഭൃത്യന്മാർ ശുഭ്രവസ്ത്രാലംകൃതരായി. ആകപ്പാടെ ഒരു പുതുമ അവിടെ കാണാം. കാരണം, ബാരിസ്റ്റർ മുരളീധരൻ അവിടെ വരുന്നു. എന്തിനെന്നോ? പെണ്ണുകാണാൻ.

ഗൃഹനാഥൻ വാസവൻ, പുറത്തെവിടെയോ പോയിട്ടു് ഉത്സാഹവാനായി അവിടെ എത്തി. ഉടനെ "എടാ കിട്ടാ കിട്ടാ!" എന്നു രണ്ടുവിളിച്ചു. "എന്തോ" എന്നുള്ള മറുപടിക്കു് ശക്തി പോരാഞ്ഞിട്ടായിരിക്കാം വീണ്ടും "കിട്ടാ കിട്ടാ!" എന്നു് ഉച്ചത്തിൽ ആഹ്വാനംചെയ്തതു്. "എന്തോ എന്തോ" എന്നു് ദിക്കെല്ലാം മുഴക്കിയ ശബ്ദത്തോടെ ഒരു ചെറുക്കുററനു സദൃശനായ ഭൃത്യൻ പ്രത്യക്ഷപ്പെട്ടു.

വാസവൻ:-ഏതന്തോ മുടന്തോ; വിളിച്ചാൽ ഒന്നിനെ സമയത്തു കാണുകയില്ല.

ഭൃത്യൻ:-ഞാൻ ഓടി വരുകല്ലിയോ ഏമാന്നെ?

വാസവൻ:-(മന്ദസ്വരത്തിൽ) നിന്നോടു പറഞ്ഞിരുന്നതെല്ലാം കൊണ്ടുവന്നോടാ?

ഭൃത്യൻ:-കൊണ്ടുവന്നു. കുറിച്ചുതന്നതിൽ ഒന്നുമാത്രം കിട്ടിയില്ല.

വാസവൻ:-എന്തോന്നു്?

ഭൃത്യൻ:-മധുരനേര്യത്തു്. (പുഞ്ചിരിയോടെ) മുതലാളി പല നേര്യത്തുകളും എടുത്തുനിരത്തി. അവയിൽ ഒന്നിനും മധുരം കാണാഴികയാൽ വാങ്ങിയില്ല.

വാസവൻ:-(പൊട്ടിച്ചിരിച്ചു്) എടാ, പുതിയ സിസ്റ്റം നടപ്പായാലുടനെ നിന്നെ ഹൈസ്കൂളിലേയ്ക്കയയ്ക്കാൻ പോകയാണു്.

ഭൃത്യൻ:-അവിടെ മധുരമുള്ള നേര്യത്തുണ്ടോ?

വാസവൻ:-അതല്ലെടാ, മല്ലിനാഥനെക്കൂടെ ജയിക്കുന്ന നിന്നെ ഒരു മുൻഷിയാക്കാൻ. എന്തുപറഞ്ഞാലും നിനക്കു് അർത്ഥവും വ്യാഖ്യാനവുമേ ഉള്ളല്ലോ.

ഭൃത്യൻ:-ആ, എന്നെ മുൻഷിയാക്കിയാൽ ഇപ്പോഴത്തെ ചില വിദ്വാന്മാരെപ്പോലെ ആനതാംഗി എന്നതിന് ആന താങ്ങി എന്നും നരപാലൻ എന്നതിന്ന് നരയെ പാലിക്കുന്നവൻ, എന്നുംമററും പഠിപ്പിച്ചു് ഇളിഭ്യനാകയില്ല.

വാസവൻ:-കൊള്ളാം, നീ വിദ്വാൻകുട്ടിതന്നെ. ആകട്ടെ, ആ കൃഷ്ണൻ നാലുകുപ്പികൾ ഇവിടെ കൊണ്ടുവന്നില്ലേ?

ഭൃത്യൻ:-അതു നേരത്തെ സുമാർ.

വാസവൻ:-അതിൽ ഒന്നു് ഇങ്ങോട്ടുകൊണ്ടുവാ; സ്വാദു് ആദ്യമേ നോക്കട്ടെ.

ഭൃത്യൻ വേഗം ഒരു ഗ്ലാസ്സും കുപ്പിയും ഹാജരാക്കി. കുറെ ഒഴിച്ചു് യജമാനനു കൊടുത്തു. യജമാനൻ അതു കുടിക്കുന്നതിനിടയ്ക്കു് കുപ്പിയിൽനിന്നും രണ്ടു 'കവിൾ' ഭൃത്യനും ഉള്ളിലാക്കി. കുപ്പി 'കാലി'യായ ഉടനെ

കാഞ്ഞിരക്കാ കടിച്ച കുരങ്ങന്റെ മുഖഭാവത്തോടെ അ യാൾ ചോദിച്ചു:

വാസവൻ:-എടാ, ആ...ആ...ആലുവാ കുറെ ഇ ങ്ങ് എടുത്തുകൊണ്ടുവാ.

ഭൃത്യൻ:-അയ്യോ, എന്നെക്കൊണ്ടു പറവുകേല്ല.

വാസവൻ:-(കണ്ണുതെളിച്ച്) നിന്നേക്കൊണ്ടു പറവു കേല്ലേ?

ഭൃത്യൻ:-ആലുവാ ഇടപ്പള്ളിക്ക് അപ്പുറത്തല്ലേ!

വാസവൻ:-ശരി ശരി, അക്ഷരഭേദം വരുന്ന എ ന്നോ? അത്രയ്ക്കൊന്നുമായില്ലെടാ. തിരിച്ചുപറയാം, അലു വാ, അലുവാത്തപ്പം. ഇപ്പോൾ വ്യക്തമായോ?

ഭൃത്യൻ:-ആയി, അതു തയാറാകുന്നതേയുള്ളു. വി ശേഷപ്പെട്ട പലഹാരങ്ങളെല്ലാം പെരിങ്ങര നാണുപി ള്ളേടെ ടീഷാപ്പിൽ അല്ലേ ഏപ്പാടു ചെയ്തിരിക്കുന്നതു്. ഒമ്പതരമണി കൃത്യത്തിന് അതെല്ലാം ഇവിടെ എത്തും.

വാസവൻ:-ഓഹോ, ഞാൻ ഓർത്തില്ല. വല്ലതും ചുവകളയാൻ അല്പം വേണമല്ലോ. കാലത്തത്തെ ഇടി യപ്പം ബാക്കിയുണ്ടോ?

ഭൃത്യൻ:-ഇടിയപ്പം ഏമാന്റെ കൈയിൽ കാണും. ഇവിടെ ഇല്ല.

വാസവൻ:-(ചിരിച്ച്) ആട്ടെ, സുഖിയൻ ഇരി പ്പുണ്ടോ?

ഭൃത്യൻ:-ഉണ്ട്, അടുത്തിരിപ്പുണ്ട്.

വാസവൻ:-അടുത്ത് എവിടെ?

ഭൃത്യൻ:-ഇതാ, കസാലയിൽ ഇരിക്കുന്നു. എന്റെ

ഏമാന്നേപ്പോലെ സുഖിയൻ—സുഖിക്കുന്നവൻ—ഈ ദിക്കിൽ കാണുകേല്ല.

വാസവൻ:-എടാ, രസികാ! ബഹുരസികാ! നിന്നെ ഹൈസ്കൂളിലല്ല, കാളേജിൽ പ്രഫസറായിത്തന്നെ അയയ്ക്കും.

ഭൃത്യൻ:-അവിടെ കിട്ടൻ കൃഷ്ണനായി ശോഭിക്കും.

വാസവൻ:-അതൊക്കെ സമ്മതിച്ചു. പിന്നെ എന്തൊന്നുണ്ട് വായിലെ ചൊവ കളയാൻ? ഓത്തുനോക്ക്.

കിട്ടൻ സരസനും വിരുതനും ആണ്. അവൻ ആലോചിക്കാൻ തുടങ്ങി. ഇവിടെ അരികൊണ്ട് പലഹാരമുണ്ടാക്കിയാൽ ഏമാനനും മക്കളും മററും തിന്നും. അതു തയാറാക്കുന്ന ഈയുള്ളവർ കണ്ടു വെള്ളം വിഴുങ്ങുകമാത്രം. ഞങ്ങൾക്കു കാപ്പിക്ക് കപ്പപ്പുട്ടേ കപ്പപ്പുട്ട്. ഇപ്പോൾ അതു് അല്പം ഒന്നു തീററണം.

ഭൃത്യൻ:-ഏമാനെ, കുറച്ചു കപ്പപ്പുട്ടുമാത്രം ഇവിടെ ഇരിപ്പുണ്ട്.

വാസവൻ:-എന്നാൽ വേഗം എടുത്തുകൊണ്ടുവാ, വയറു കത്തുന്നു.

കിട്ടൻ ഓടിച്ചെന്നു കപ്പപ്പുട്ട് എടുത്തുകൊണ്ടുവന്ന് അയാൾക്കു കൊടുത്തു ആർത്തിയോടെ കുറേ തിന്നിട്ടു പറഞ്ഞു:

വാസവൻ:-ഇതു ബഹുരസികനാണല്ലോ കിട്ടാ.

കിട്ടൻ:-കുഴപ്പമായി ഏമാന്നേ, കാര്യം കുഴപ്പത്തിലായി.

വാസവൻ:-എന്തോന്നെടാ കുഴപ്പം?

കിട്ടൻ:-മേലാൽ ഇവിടെ കപ്പപ്പുട്ടും കിട്ടുകയില്ല.

ഈ പാവങ്ങൾക്ക സക്കാരുകാരേപ്പോലെ വല്ല ആട്ടമാവോ അട്ടമാവോ ഒക്കെ ഇനി ഏമാൻ അന്വേഷിച്ചു കൊണ്ടുവരും.

വാസവൻ:-ഇല്ല, നീ എൻെറ ഹിതംനോക്കി പെരുമാറുന്ന ഫലിതക്കാരനാകയാൽ ഇന്നുമുതൽ ഒരു സ്ഥാനക്കയററം തരാൻ തീരുമാനിക്കുന്നു.

കിട്ടൻ:-എന്താണെന്നു കേൾക്കട്ടെ.

വാസവൻ:-ഇനി എന്റെ കാപ്പിയുടേയും പലഹാരത്തിൻെറയും ബാക്കിയൊക്കെ നിനക്കുതന്നെ.

കിട്ടൻ:-എന്നാൽ കിട്ടനു വേഗം അങ്ങേലോകത്തേയ്ക്കു പോകാം.

വാസവൻ:-എന്തുകൊണ്ടാടാ?

കിട്ടൻ:-ഏമാൻ എന്തെങ്കിലും കഴിച്ചു് എഴുനേല്ക്കുമ്പോൾ ബാക്കിയൊന്നും ഇതേവരെ കണ്ടിട്ടില്ല.

വാസവൻ:-അപ്പോൾ നീ എന്നെ വലിയ വയറനാക്കി, അല്ലേ?

കിട്ടൻ:-വയറൻ ആയാൽത്തന്നെ എന്തു്? വേണ്ടതൊക്കെ ധാരാളം ഇഷ്ടംപോലെ വയറുനിറച്ചു കഴിക്കാൻ ഇവിടെ ഉണ്ടല്ലോ.

വാസവൻ:-അപ്പോൾ നീ ദിവസവും പട്ടിണിയാണെന്നാണോ പറയുന്നതു്?

കിട്ടൻ:-എൻെറ കാര്യം പോകട്ടെ. ഉണ്ണാനും ഉടുക്കാനും കിട്ടാതെ വാടി വഴലുന്ന അനവധി അഗതികൾ ഇന്നു നാട്ടിലുണ്ടെന്നു, തിക്കികൊള്ളിച്ച വയറുതിരുമ്മുന്ന ഏമാനന്മാരൊക്കെ അല്പം ഒന്നു ഓർത്തിരുന്നുവെങ്കിൽ മതിയായിരുന്നു.

വാസവൻ:-അതൊക്കെ വേറെകാൎയ്യം കിട്ടാ! എല്ലാം നടന്നുകൊള്ളും. ഏതിനും വഴി ദൈവംകാണും.

കിട്ടൻ:-അതേ, ദൈവംതന്നെ എല്ലാം കാന്നട്ടെ.

വാസവൻ:-നീ അട്ടക്കളയിലേയ്ക്കു ചെല്ലു്. എല്ലാം ഭദ്രമായിരിക്കണം, കേട്ടോ.

കിട്ടൻ:-അങ്ങനെതന്നെ.

മണി പത്തടിക്കാറായി. ഒരു വിശേഷതരമായ കാർ പൂപ്പള്ളിലെ പടിക്കൽ വന്നുനിന്നു. ഒരു പ്രഭുകുമാരൻ അതിൽനിന്നു് താഴെയിറങ്ങി. വാസവൻ വേഗം ചെന്നു സ്വീകരിച്ചു് തന്റെ സ്നേഹിതനെ സൽക്കാരശാലയിലേയ്ക്കു് ആനയിച്ചു. ഉത്സാഹപൂൎവ്വം അവർ കുശലങ്ങൾ പറവാൻ ആരംഭിച്ചു.

അവിടെ അവരുടെ മേളങ്ങൾ യഥായോഗ്യം നടക്കട്ടെ. ഞാൻ ആ മനോഹര മന്ദിരത്തിന്റെ പശ്ചിമഭാഗത്തുള്ള മറെറാരു മൂലയിലേക്കാണു് മാന്യവായനക്കാരുടെ ശ്രദ്ധയെ ക്ഷണിക്കുന്നതു്.

അവിടെ ഒരു കസാലയിൽ ത്രിലോകസുന്ദരിയായ ഹരിണി, പ്രശാന്തയായി പുസ്തകപാരായണപരയായി സ്ഥിതിചെയ്യുന്നു. ചിലപ്പോൾ ആ മനോഹരിയുടെ നീലവിലോലലോചനങ്ങൾ നാഴികമണിയിലേയ്ക്കും ചുവരിൽ തൂക്കിയിട്ടിരിക്കുന്ന ചില ചിത്രങ്ങളിലേയ്ക്കും മാറിമാറി പതിയുന്നുണ്ടു്. ദീർഘനിശ്വാസങ്ങളും സ്പഷ്ടമാകാതിരിക്കുന്നില്ല. ഉടനേ അവളുടെ കൊച്ചനുജൻ ബാലൻ അവിടെ കടന്നുവന്നു് ആ മുറിയിലെ മൗനത്തെ ഭഞ്ജനം ചെയ്തു.

ബാലൻ:-ചേച്ചീ ചേച്ചീ! ഇപ്പോംവന്ന ആ ആളിനെ ചേച്ചി കണ്ടോ? നീളംകുറഞ്ഞ ഒരു തടിയൻ!

ഹരിണി:-ഇല്ല ബാലാ.

ബാലൻ:-അയാൾ ആണോപെണ്ണോ എന്നു് എനിക്കു ഒരു സംശയം.

ഹരിണി:-സംശയത്തിനു കാരണം എന്താ കുഞ്ഞേ?

ബാലൻ:-പെണ്ണുങ്ങളല്ലാതെ കഴുത്തിൽ സ്വർണ്ണമാല ധരിക്കുമോ ചേച്ചീ?

ഹരിണി:-ഇക്കാലത്തു് ചില ആണുങ്ങൾ പെണ്ണുങ്ങളായിപ്പോകുമായിരിക്കാം.

ബാലൻ:-അയാളുടെ ചില മോതിരങ്ങൾ കരയുന്നുണ്ടായിരിക്കണം, സംശയമില്ല.

ഹരിണി:-(പുഞ്ചിരിയോടെ) അതെന്തിനു കുഞ്ഞേ?

ബാലൻ:-അയാൾക്കു് വിരൽപോരാത്തതുകൊണ്ടു്. പത്തുവിരലിലും മോതിരമുണ്ടെന്നു തോന്നുന്നു. ഹാ, എന്തൊരു വൃത്തികേടു്!

ഹരിണി:-അതിനു നിനക്കു് എന്തുവേണം? ധാരാളം ഉള്ളവർക്കു് വാരിഅണിയരുതോ?

ബാലൻ:-അയാടെ പല്ലുകൂടെ സ്വർണ്ണം കെട്ടിയതാ. എപ്പോഴും ചിരിക്കുന്നതു് അതു് എല്ലാരും കാണാനായിരിക്കും.

ഹരിണി:-എന്തിനെങ്കിലും ആകട്ടെ.

ബാലൻ:-അയാളെ കണ്ട ഉടനേ കനകപ്പുറത്തെ പേരമ്മ പറകയാ, 'നല്ലചെറുക്കൻ, മിടുക്കൻചെറുക്കൻ' എന്നു്.

ഹരിണി:-ഇഷ്ടംപോലെ പറയട്ടെ.

ബാലൻ:-ഒടനേ അമ്മ, 'എന്തുചെയ്യാം ഹരിണിക്കു പിടിക്കേല്ല.' എന്നു പറഞ്ഞു. അപ്പം വടക്കേതിലെ വല്യമ്മ 'കൊറെ കഴീമ്പം പിടിക്കുമേ പിടിക്കും' എന്നു വിധിയെഴുതി.

ഹരിണി:-അങ്ങനെയൊക്കെ വിധിയെഴുതട്ടെ കുഞ്ഞേ.

ബാലൻ:-ചേച്ചിക്കു പിടിച്ചാലെന്താ ചേച്ചി? ഏ, ചേച്ചി?

ഹരിണി:-(ചിരിച്ചുകൊണ്ടു്) നീ ചെല്ല്; പോയി കാപ്പികുടിക്കു്.

"ഓ ഓ! ഇതാ ഇങ്ങോട്ടു് എഴുന്നള്ളുന്നു. ഞാൻ പോകയാ." എന്നുപറഞ്ഞു് അവൻ നടന്നു. അവൾ വാതിൽക്കലേയ്ക്കു നോക്കി. സുവർണ്ണവസനങ്ങൾകൊണ്ടു് പൊതിഞ്ഞ ഒരു രൂപം അവളുടെ പുരോഭാഗത്തെത്തി. ആരുകണ്ടാലും ആ വങ്കൻെറ വേഷം പെണ്ണുകാണാൻ ചമഞ്ഞതെന്നു നിശ്ചയിക്കുകതന്നെ ചെയ്യും. അയാൾ മുറിക്കുള്ളിൽ കടന്നു് അവിടെയെല്ലാം ഒന്നു കണ്ണോടിച്ചു ശേഷം മന്ദസ്മിതപ്രൗഢിയോടെ ചോദിച്ചു: "ഹരിണിക്കുട്ടി എന്നെ കണ്ടിട്ടില്ല; ഉണ്ടോ?"

ഹരിണി:-കുറേക്കാലം മുമ്പൊരിക്കൽ താങ്കൾ ഇവിടെവന്നു് ഞാൻ കണ്ടിട്ടുണ്ടു്.

മുരളീധരൻ:-ഹരിണിക്കുട്ടിയേ കണ്ടതായി എനിക്കു് ഓർമ്മയില്ല. എങ്കിലും സ്വഭാവസൗന്ദര്യാദികൾ ഈയിടെയായി കേട്ടു് അറിയാം.

ഹരിണി:-അപ്രകാരം കേൾവി കേൾക്കത്തക്ക വിശേഷഗുണങ്ങളൊന്നും എനിക്കില്ല.

മുരളീധരൻ:-ശരി, ശരി; ഇതാണു ശീലഗുണം. വിനയപ്രകടനം. അതുവേണ്ടതുതന്നെ. പക്ഷേ, ഈ അലസവേഷം എന്തിനാണാവോ?

ഹരിണി:-എന്താണ് അലസവേഷം?

മുരളീധരൻ:-അതു പറയാം. മനോഹരിയായ ഭവതി, വസ്ത്രാഭരണാദ്യലംകാരപ്രൗഢികളിൽ കുറവു വരുത്താമോ? വല്ലവരും പരിഹസിക്കയില്ലേ? അവനവൻെറ സ്ഥിതി സൂക്ഷിക്കേണ്ടേ?

ഹരിണി:- (പരിഹാസഭാവത്തിൽ) സ്ഥിതിയോ? ഇന്നത്തെ സ്ഥിതിയെന്താണ്? നഗ്നത മറയ്ക്കാൻ നിവ്വാഹമില്ലാതെ, കഞ്ഞിവെള്ളം കുടിക്കാൻ മാൎഗ്ഗമില്ലാതെ പാവങ്ങൾ കഷ്ടപ്പെടുമ്പോൾ, ചിന്താശീലന്മാർ അതേപ്പറ്റി ആവേശം കൊള്ളുമ്പോൾ, മനുഷ്യത്വമുള്ള മഹത്തുക്കൾ തങ്ങളുടെ സുഖകാര്യങ്ങൾ കഴിയുന്നതും ചുരുക്കി സാധുരക്ഷണത്തിനായി പ്രയത്നിക്കുമ്പോൾ, വെറും ആഡംബരത്തിനു മാത്രമായി ദുർവ്യയം ചെയ്യുന്ന ദുർമദാന്ധന്മാരെ കണ്ണും കരളും ഉള്ള സജ്ജനം പരിഹസിക്കതന്നെ ചെയ്യും.

മുരളീധരൻ:-ഭവതിയുടെ അഭിപ്രായം ആദരിക്കത്തക്കതുതന്നെ. കൈവശമിരിക്കുന്ന പുസ്തകമെന്താണ്?

ഹരിണി:-'തൊഴിലാളിവിജയം' എന്ന നോവൽ.

മുരളീധരൻ:-ഓഹോ! ഞാൻ 'മുതലാളിവിജയം' എന്ന ഒരു നാടകം എഴുതണമെന്നു വിചാരിച്ചുകൊണ്ടിരിക്കയാണ്.

ഹരിണി:-വിചാരിക്കുവാൻ പ്രയാസമില്ലല്ലോ.

മുരളീധരൻ:-(മന്ദഹാസത്തോടെ) ഹരിണിക്കുട്ടിക്കു

വാക്സാമർത്ഥ്യം വളരെ കൂട്ടം. ഒന്നു കാണുവാൻ വേണ്ടിയാണു് ഞാൻ ഇങ്ങോട്ടു വന്നതു്. വിവാഹാലോചന കൊണ്ടു് ഇരിക്കപ്പൊറുതിയില്ല. ആ ഉപദ്രവത്തിൽനിന്നും ഒഴിയുവാനായി ഏതെങ്കിലും ഒന്നു തീരുമാനിക്കുക എന്നുറച്ചു.

ഹരിണി:-അതു നന്നുതന്നെ.

മുരളീധരൻ:-നാം വിദ്യാസമ്പന്നരല്ലേ. കാര്യങ്ങൾ നേരിട്ടു പറയാമല്ലോ. ഭവതി എൻെറ പ്രേമഭാജനമാകുന്നതിൽ സന്തോഷവതിയായിരിക്കുമല്ലോ.

ഹരിണി:-അല്ല. ഞാൻ ഒരു സാധാരണക്കാരനെ മാത്രമേ വിവാഹം ചെയ്യുകയുള്ളു എന്നു തീരുമാനിച്ചു പോയി.

മുരളീധരൻ:-ഞാൻ ഒരു സാധാരണക്കാരനായി മാറിയേക്കാം, അതു പോരയോ?

ഹരിണി:-പോരാ. കാകൻ കുളിച്ചാൽ കൊക്കാകുമോ? എന്നുതന്നെയല്ല, എൻെറ ഹൃദയം ഞാൻ മറെറാരാളിൽ അർപ്പിച്ചുപോയി.

മുരളീധരൻ:-എങ്കിലും ഒന്നുകൂടി ആലോചിച്ചുനോക്കണം.

ഹരിണി:-എനിക്കു കൂടുതലൊന്നും ആലോചിക്കാനില്ല.

"ഇങ്ങനെയൊക്കെ ചിലേടത്തു കേൾക്കാറുണ്ടു്. അതെല്ലാം മാറും അഥവാ മാററാം." എന്നു പറഞ്ഞുകൊണ്ടു് ഗൗരവഭാവത്തിൽ അയാൾ നടന്നു. ഹരിണി സ്വസ്ഥാനത്തേയും പ്രാപിച്ചു.

KOTTAYAM PUBLIC LIBRARY
L B S ROAD
686001
KOTTAYAM

## അദ്ധ്യായം ആറ്

ശ്രീ സൂര്യഭഗവാൻ, തന്റെ ദിനകൃത്യങ്ങൾ ശ്രദ്ധാപൂർവ്വം നിർവ്വഹിച്ച് പൂർണ്ണവിശ്രമം കൈക്കൊണ്ടു. അത്തുലാക്കെന്നു കരുതി കുതിച്ചുകയറിയ തമസ്സഞ്ചയത്തെ ബാലചന്ദ്രൻ സ്വകരങ്ങൾകൊണ്ട് കഴിയുന്നത്ര പ്രതിരോധിച്ചു. അല്പമെല്ലാം ആദരിച്ചു എന്ന ഭാവത്തിൽ അവ മാമരഛായകളിൽ അഭയംതേടി. അഞ്ചാറുനാഴികനേരം ലോകരക്ഷ നിർവ്വഹിച്ച ആ ശശാങ്കനെ സമുദ്രരാക്ഷസൻ തട്ടിയെടുത്തു സ്വഗഹ്വരത്തിൽ നിക്ഷേപിച്ചു. ആ അവസരംനോക്കി തമോവൃന്ദം യഥേഷ്ടം വിഹരിക്കാനും തുടങ്ങി.

ഘടികാരങ്ങളെല്ലാം മണി എട്ടരയായി എന്ന് എല്ലായിടത്തും അറിവു നല്കി. അസത്തുക്കൾ ഇരുട്ടിന കൂട്ടുപിടിച്ചുകൊണ്ട് ഓരോ പ്രകടനങ്ങൾക്കൊരുങ്ങി. കല്പകശ്ശേരിനഗരിയിലെ ഒരു മദ്യഷാപ്പ് ഏതാനും തോന്ന്യാസക്കാരുടെ വിഹാരരംഗമായി. അവിടെയിരുന്നു മദ്യം സേവിച്ചു സ്വബോധം അപകടത്തിലാക്കിയ ചിലർ ആ ശാലയുടെ മാത്രമല്ല സമീപസ്ഥലങ്ങളുടേയും ശാന്തതയെ ഭഞ്ജിച്ചു.

ഒന്നാമൻ:-എഴാ, എഴാ! നീ കള്ളിനെ കുഴിച്ചോ, അതോ കള്ള് നിന്നെ കുഴിച്ചോ? പഴയെഴാ പഴ.

രണ്ടാമൻ:-ഞാൻ പഴയാമെഴാ തത്യം. ആദ്യം ഞാൻ കള്ളിനെ കുഴിച്ചു. കൊഴെ കഴിഞ്ഞപ്പം കള്ള് എന്നെ കുഴിച്ചു. ഹ്ഹഹ! അഹ! അഹ!

മൂന്നാമൻ:-എഴാ തിഴിച്ചു പഴേഴാ; ഞാൻ പഴേന്നാ പോലെ.

നാലാമൻ:-എഴാ എഴാ, ഒഴു പാട്ടു പാഴാവുന്നാവഴ ആഴെഴാണ്ടഴാ ഇവിഴെ?

അഞ്ചാമൻ:-ഞാൻ പാഴാമെഴാ തിഴിച്ച്.

"പെന്മഴികഴാപഴണ നമ്മെ കെട്ടിത്തൂക്കി-
നിർമ്മലകഴാപഴണമേന്നികൊണ്ടച്ചാഴീ."

ആറാമൻ:-അഹ്ഹ! ഹഹഹ!

ഷാപ്പുടമസ്ഥൻ:-മതിമതി. ഇവിടെവച്ച് ആരും പാടിക്കൂടാ. എല്ലാവരും വെളിക്കിറങ്ങീട്ടു പാടിക്കോണം.

ഒന്നാമൻ:-എഴാ! ഏ!ഏ അമ്മേഴെ മഹനേ, ഞങ്ങ ഴെല്ലാം വെഴിക്ക് എഴങ്ങിയേച്ചാഴാ വന്നെ. ഹ്ഹഹഹ.

ആ കുടിയന്മാരുടെ വിധം മാറുന്നതുകണ്ട് മദ്യശാല യുടെ ഉടമസ്ഥൻ കണ്ണുരുട്ടിയും കാലുപിടിച്ചും ഒരുവിധ ത്തിൽ. അവരെ റോഡിലേക്കിറക്കിവിട്ടു. അവർ തെന്നി യും തെറിച്ചും ആടിയും പാടിയും തമ്മിൽക്കൂട്ടിമുട്ടിയും നടന്നുതുടങ്ങി.

രണ്ടാമൻ:-ഇനി പാഴാമെഴാ. കേട്ടോഴാ കർണ്ണ പഠംവ്വം:

"പഴാ പഴാ പഴാ പഴമ പാഹിമാം
പഴമാനന്ദമെന്നതേ പഴയാവൂ." അഹ്ഹഹ്!

മൂന്നാമൻ:-ചേഴം ഞാൻ പാഴാമെഴാ. നീ പാഴീട്ടു തിഴീന്നില്ലേഴാ.

"പഴഞ്ഞ കള്ളു ഞാൻ കുഴിച്ച വേഴയിൽ
പഴഞ്ഞതൊന്നുമേ അഴിഞ്ഞതുമില്ല." അഹ്ഹഹ.

നാലാമൻ:-എഴാഎഴാ! ഈ ഴോട്ടു ഇത്തഴ വീതി

കൊഴച്ചു വെട്ടിയതാഴാഴാ. അവനെ ഒന്നു കാണിച്ചു തഴാമോഴാ.

അഞ്ചാമൻ:-എഴാ എഴാ ഈ ബൂമി ഇട്ടു കുലുക്കുന്നതേതവനാഴാ.

ആറാമൻ:-പഴഞ്ഞതപോലെ ആഴാണ്ടു ബൂമി ഇട്ടു കുലുക്കുന്നല്ലോഴാ. അവനെ ഇങ്ങോട്ടു പിഴിച്ചോഴ.

ഒന്നാമൻ:-ചെഴിയല്ലാഴാ അതു്. ഇട്ടു വട്ടം കഴുക്കുന്നെല്ലോഴാ.

രണ്ടാമൻ:-(എതിരെ ടോർച്ചുലൈററുമായി വരുന്ന ഒരാളിനെ നോക്കി) ഈ വഴന്നവനാഴാ കൂഴക്കിക്കുഴക്കി നമ്മെ വീഴിക്കാൻ ഒഴുങ്ങുന്നതു്. അവനെ ഇങ്ങോട്ടു പിഴിച്ചോഴാ.

മൂന്നാമൻ:-പിഴി, നായീൻെറമഹനെ നില്ലെഴാ അവിഴെ.

പാന്ഥൻ:-(കോപത്തോടെ) കള്ളു കുടിച്ചാൽ വയററിൽക്കിടക്കണം, റോഡേ മര്യാദയ്ക്കു നടക്കണം.

ഒന്നാമൻ:-ഹഴി, ചികഴത്തിൻെറ മഹനേ! നീയാണൊഴാ ഞങ്ങഴെ മഴിയാദ പഴിപ്പിക്കാൻ വഴന്നതു്.

പാന്ഥൻ:-അതേ, ഞാൻ നിങ്ങളെ മര്യാദ പഠിപ്പിക്കും. ചെവിക്കല്ലുനോക്കി ഈരണ്ടെണ്ണം തരും.

നാലാമൻ:-എന്നാ നമുക്കു് കൊഴച്ചൊന്നു പഴീക്ഷിച്ചുകഴയാമെഴാ; പിഴിച്ചോഴിനെഴാ എല്ലാഴുംക്കൂഴെ.

കുടിയന്മാർ പാന്ഥനോടു കയർത്തു. അവൻ ലൈറ്റ് അണച്ചിട്ടു് പ്രഹരം തുടങ്ങി. ഒന്നും രണ്ടുംവീതം പലക്കും കൊടുത്തശേഷം ആ ബുദ്ധിമാൻ മിണ്ടാതെ ഒഴിഞ്ഞു് അകലെ മാറിനിന്നു. കുടിയന്മാർ തമ്മിൽത്തമ്മിൽ

വാശിയോടെ അടിനടത്തി. അപകടകരമായ പന്തുക്കേറ്റ് എല്ലാം നിലംപതിച്ചു. പാന്ഥൻ അവൻെറ വഴിക്കു തിരിച്ചു. നാലഞ്ചടി നടന്നപ്പോൾ വഴിയരികിൽ രണ്ടുപേർ നില്ക്കുന്നതായി കണ്ടു. "ആരത്?" എന്നു സഗൗരവം ചോദിച്ചുകൊണ്ടു് ലൈററു തെളിച്ചു നോക്കി.

പാന്ഥൻ:-ഇതു മി. വാസവനും മി. മുരളീധരനു മല്ലേ.

വാസവൻ:-കുടിയന്മാരുമായി കയത്തുു് സാഹിത്യതിലകൻ മി. രാജശേഖരൻ ആണെന്നു് ഞങ്ങൾ അറിഞ്ഞില്ല. അവരുടെ ശ്രദ്ധയിൽപ്പെടാതെ ഇങ്ങോട്ടു കടക്കുവാൻ ഞങ്ങൾ വളരെ വിഷമിച്ചു.

മുരളീധരൻ:-നിങ്ങൾ ഇത്ര സമത്ഥനെന്നു് ഇപ്പോഴേ ധരിച്ചുള്ളു; ഇവരെല്ലാം വേലക്കാരല്ലെ?

പാന്ഥൻ:-അധികവും തൊഴിലാളികൾതന്നെ. നോക്കണം, കൈയിലെ കാശുകൊടുത്തു് കടിക്കുന്ന പട്ടിയെ വാങ്ങി കടിയേല്ക്കുന്നതു്. നമുക്കു നടന്നുകൊണ്ടു സംസാരിക്കാം.

വാസവൻ:-ഇവരൊക്കെയാണു് നമ്മുടെ ശശീന്ദ്രൻെറ അനുയായികൾ!

മുരളീധരൻ:-വല്ലതും ഒരു തൊഴിൽ വേണ്ടേ? പിന്നെ, പ്രമാണിയാവാം, പാവങ്ങളെ പററിക്കാം, ആ മാർഗ്ഗേണ ഉപജീവനവും കഴിഞ്ഞുകൂടും.

പാന്ഥൻ:-അങ്ങനെ പറയുന്നതു ശരിയല്ല. ശശീന്ദ്രൻ ഇവരിൽനിന്നു് യാതൊരു പ്രതിഫലവും പററുന്നില്ല; ഇവരുടെ ഉല്ക്കഷ്ത്തിനായി വേണ്ടവണ്ണം ഉത്സാഹിക്കുന്നുമുണ്ടു്.

വാസവൻ:-ഉത്സാഹത്തിൻെറ ഫലമല്ലേ നാം ഈ കണ്ടതു്?

പാന്ഥൻ:-അതിന് ഇപ്പോൾ ശശീന്ദ്രൻ എന്തു വേണം? ഇവരുടെയൊക്കെ പിന്നാലെ നടക്കാൻ അദ്ദേഹത്തെക്കൊണ്ടു സാധിക്കുമോ?

മുരളീധരൻ:-പിന്നെ ഈ സംഘടനകൾകൊണ്ടൊക്കെയുള്ള പ്രയോജനം എന്താണു്?

പാന്ഥൻ:-അദ്ദേഹം ഓരോ സ്ഥലത്തും പോയി സംഘടനകൾ ശരിപ്പെടുത്തുന്നു. മാസത്തിൽ ഒരിക്കൽ പൊതുയോഗം വിളിച്ചുകൂട്ടി ചാതുര്യത്തോടെ അവൎക്കു വേണ്ട ഉപദേശം നൽകുന്നു.

വാസവൻ:-അതൊക്കെ ശരി, എന്നിട്ടുണ്ടായ ഫലമെന്തെന്നു പറയണം.

പാന്ഥൻ:-ഉണ്ടു്, ഫലമുണ്ടു്. തൊഴിലാളികൾ സ്വകൃത്യനിരതന്മാരായി വരുന്നു. ഐക്യബോധവും അവരിൽ കടന്നുകൂടിയിട്ടുണ്ടു്.

മുരളീധരൻ:-അവർ കള്ളുകുടിച്ചു് വലിയ കലാപങ്ങൾ ഉണ്ടാക്കുന്നുമുണ്ടു് എന്നുകൂടി പറയണം.

പാന്ഥൻ:-കുററം പറവാൻമാത്രം തയ്യാറാകുന്നതു് നന്നല്ല. തൊഴിലാളികളെ സദാചാരതല്പരന്മാരാക്കുക എന്നുള്ളതു് ശശീന്ദ്രൻെറ പ്രധാന പരിപാടികളിൽ ഒന്നാണു്.

വാസവൻ:-ഇമ്മാതിരി ബഹളങ്ങൾ/അതിൻെറ ഫലമായിരിക്കാം, അല്ലേ?

പാന്ഥൻ:-അനവധിലക്ഷംപേരെ അല്പകാലംകൊണ്ടു നേരെയാക്കുവാൻ സാദ്ധ്യമാണോ? ക്രമേണ എല്ലാം

ശരിയാകും. ഇപ്പോഠംത്തന്നെ കള്ളുകുടിയും ശണ്ഠയും വളരെ കുറഞ്ഞിട്ടുണ്ട്. മദ്യപാനത്തിൽനിന്ന് നിശ്ശേഷം വിരമിച്ച തൊഴിലാളികളെ എനിക്ക് അറിയാം.

മുരളീധരൻ:-ആകട്ടെ, ശശീന്ദ്രൻ മദ്യം സേവിക്കുന്നവനല്ലേ?

പാന്ഥൻ:-അല്ല, ഒരിക്കലുമല്ല. ഞാൻ സധൈര്യം പറയാം.

വാസവൻ:-രഹസ്യമായി അയാളും ഉപയോഗിക്കും. അടുത്തു് അറിയുമ്പോഴേ പരമാത്ഥം മനസ്സിലാകയുള്ളൂ.

പാന്ഥൻ:-ആ ആരോപണം അക്ഷരംപ്രതി അബദ്ധമാണു്.

വാസവൻ:-ഇന്നു വലിയവരെന്നും സുചരിതന്മാരെന്നും പച്ചപ്പരമാത്ഥികളെന്നും മററും ലോകം പരിഗണിക്കുന്നവർ അധികവും മദ്യപാനികളാണു്.

പാന്ഥൻ:-സ്വാനുഭവം വച്ചുകൊണ്ടു മററുള്ളവരെ അളക്കുന്നതു ശരിയായിരിക്കയില്ല.

വാസവൻ:-ആകട്ടെ, ആ ഭാഗം പോകട്ടെ. നമുക്ക് ഈ തൊഴിലാളിപ്രസ്ഥാനം തകക്കാൻ എന്താ വഴി?

പാന്ഥൻ:-എന്തിനാണിത്ര ബദ്ധപ്പെടുന്നതു്? തൊഴിലാളികഠം യോജിച്ചു സുചരിതന്മാരായി, കൃത്യബോധമുള്ളവരായി വിജയിക്കട്ടെ. ദേശവും നാട്ടും നന്നാകും. അതിൽ സന്തോഷിക്കയല്ലേ വേണ്ടതു്?

മുരളീധരൻ:-ശശീന്ദ്രൻ—ആ ഏഭ്യൻ കുറെ ഞെളിയുന്നു; അവൻെറ അഹങ്കാരം ഒന്നു കുറയ്ക്കണം.

പാന്ഥൻ:-അദ്ദേഹം ഏഭ്യനല്ല; ഉയരുന്നു എന്നതു്

ശരി. അദ്ദേഹത്തിൻെറ ആജ്ഞ അനുസരിക്കാൻ അനവധിലക്ഷം ആളുകൾ ഇന്നുണ്ട്. അസൂയ, ക്ലേശത്തിന്നു കാരണമാണ്. എനിക്കു നിങ്ങളുതമ്മിലുള്ള മാത്സര്യവശങ്ങൾ അറിയാം. അതെല്ലാം ഉപേക്ഷിച്ച് ആ ശശീന്ദ്രനുമായി രഞ്ജിപ്പായി കഴിയുകയാണു നന്ന്.

വാസവൻ:-ഇല്ല ഇല്ല. അവനുമായി ഈ ജന്മം ഞങ്ങൾ യോജിക്കയില്ല, ബോദ്ധ്യപ്പെട്ടത്തിത്തരാം.

മുരളീധരൻ:-(ദൃഢസ്വരത്തിൽ) ഞങ്ങൾ പുരുഷന്മാരാണെങ്കിൽ അവനേയും അവൻെറ തൊഴിലാളിപ്രസ്ഥാനത്തേയും തകക്കും നിശ്ചയമാണ്.

പാന്ഥൻ:-അവിടെയാണ് എനിക്കു സംശയം. നിങ്ങൾക്ക് ഇനി ആ വഴി അല്ലേ പോകേണ്ടതു്? ഞാൻ ഇതിലെക്കൂടെ നടക്കട്ടെ.

വാസവൻ:-(മന്ദസ്വരത്തിൽ) ഹേ സ്നേഹിതാ, ഈ കാണുന്നതു വലിയ ആളുകൾ പലരും സന്ധിക്കുന്ന സ്ഥാനമാണ്. നല്ല 'ചുവന്ന' സാധനം ഇവിടെയുണ്ട്. നമുക്ക് ഇങ്ങോട്ടൊന്നു കയറാം.

പാന്ഥൻ:-ഇല്ല, ഞാൻ വരുന്നില്ല. സ്നേഹബുദ്ധിക്കു വന്ദനം.

വാസവൻ:-എന്നാൽ നിങ്ങൾ നടക്കുക.

## അദ്ധ്യായം ഏഴ്

പ്രകൃതിദേവിയുടെ വിവിധാനുഗ്രഹങ്ങൾ വിശേഷ വിധിയായി വിലസുന്ന കല്പകശ്ശേരി രാജ്യത്തിൻെറ ഉത്തരഭാഗത്തുള്ള ഒരു വിശിഷ്ട നഗരമാണ് ഹരിപുരം. അധികവും മണൽപ്രദേശമാണെങ്കിലും ഭൂകല്പതരുവായ നാളികേരവൃക്ഷങ്ങൾ സർവ്വത്ര കൊഴുത്തു തഴച്ചുവളന്ന് ആ രമ്യപുരിക്കു നൽകുന്ന മോഹന ശ്രീവിലാസം വാക്കിന്ന വിഷയമല്ല. നാനാതരത്തിലുള്ള മററു വൃക്ഷലതാദികളും ആ പ്രദേശത്തിൻെറ ഭംഗിക്ക് മാററുകൂട്ടുകതന്നെ ചെയ്യുന്നു. വലിയ കുബേരന്മാർ കുറവാണെങ്കിലും പലവിധത്തിലുള്ള തൊഴിലുകൾചെയ്തു് സാധാരണ ജനങ്ങൾ തിങ്ങിക്കൂടി പാർത്തുപോരുന്ന ആ പ്രദേശം ശശീന്ദ്രന്റെ പ്രത്യേക ദൃഷ്ടിക്കു വിഷയമായി. ഏതാനും സഹചരന്മാരോടുകൂടി അദ്ദേഹം അല്പകാലം പരിശ്രമിച്ചതിൻെറ ഫലമായി തൊഴിലാളി സംഘടനകൾ അവിടെ ഉണ്ടാകുവാൻ കഴിഞ്ഞു. കൂടാതെ പുരുഷന്മാക്കും സ്ത്രീകൾക്കും പ്രത്യേകമായ ഓരോ സമാജവും അവിടെ രൂപീകരിച്ചു കൂടുതൽ ഉത്സാഹഭരിതരായ സ്ത്രീജനങ്ങൾ ഒരു വിശേഷാൽ യോഗം നടത്തുന്നതിനുള്ള ഏപ്പാടുകൾ ദ്രുതതരം ചെയ്തു. സമ്മേളനശാല കെട്ടിയലങ്കരിച്ചു് ഭംഗിയാക്കി. ശ്രീ ഹരിണീദേവിയെ അദ്ധ്യക്ഷയായി അവർ തിരഞ്ഞെടുത്തു.

അദ്ധ്യക്ഷയെ കൊണ്ടുപോകുന്നതിനായി ഒന്നുരണ്ടു

സ്ത്രീകൾ ഒരു കാറിൽ പൂറ്റപ്പള്ളിൽ എത്തി. ഹരിണി അവരുമായി സംസാരിച്ചുകൊണ്ടിരിക്കുന്നതിനിടയ്ക്ക് അവളുടെ അമ്മ അടുക്കൽ വന്ന് "മകളെ, മീററിംഗിനു പോകുന്ന കാര്യത്തിൽ ഒട്ടും മടിക്കേണ്ടതില്ലെന്നും തുലാവർഷക്കാലമായതുകൊണ്ട് പക്ഷേ, വൈകിട്ട് മഴയും കാററും ഉണ്ടായേക്കുമെന്നുള്ളതിനാൽ കായൽ കടക്കുന്നവിഷയത്തിൽ നീ വിഷമിക്കാതിരിക്കുന്നതിനായി നേരത്തെ നമ്മുടെ ബോട്ട് അവിടെ തയാറായിരിക്കും എന്നും നിന്നെ അറിയിക്കുവാൻ വാസവൻ താൽപര്യപ്പെടുന്നു." എന്നു പറഞ്ഞു. "വലിയ ഉപകാരം" എന്ന് അതിന് മറുപടി നൽകിക്കൊണ്ട് അവൾ യാത്ര പുറപ്പെട്ടു.

വണ്ടി, യൂണിയൻ മന്ദിരത്തിനു സമീപം എത്തി. ശശീന്ദ്രൻ ആഫീസിൽ ഇരുന്ന് എഴുതുന്നതു ഹരിണി കണ്ടിട്ട് വണ്ടിയിൽനിന്നും ഇറങ്ങി അങ്ങോട്ടു കയറിച്ചെന്നു. അവൾ സസന്തോഷം സ്വീകൃതയായി.

ശശീന്ദ്രൻ:-ഓഹോ, മീററിംഗിനു പുറപ്പെട്ടിരിക്കയാണ് അല്ലേ? നന്നുതന്നെ. ഞങ്ങളാരും വരേണ്ടേ?

ഹരിണി:-(പുഞ്ചിരിയോടെ) സ്ത്രീജനങ്ങളുടെ മീററിംഗിൽ ആണുങ്ങൾക്ക് എന്തുകാര്യം?

ശശീന്ദ്രൻ:-എന്നാൽ വരുന്നില്ല, സമ്മതിച്ചു.

ഹരിണി:-ചേട്ടനല്ലെ ഇതിൻെറയെല്ലാം സൃഷ്ടികർത്താവ്. അപ്പോൾ ക്ഷണത്തിൻെറ ആവശ്യമേയില്ലല്ലോ. പോവാൻ തയാറാകണം.

ശശീന്ദ്രൻ:-ഞാൻ വരുന്നില്ല. കുറേദിവസം ഇടവിടാതെ യാത്രയും പ്രവർത്തനവും നടത്തി വലിയ ക്ഷീണം. തന്നെയല്ല, ഇതൊന്ന് എഴുതി തീർക്കുകയും വേണം.

ഹരിണി:-എന്താണു് ഈ എഴുതിക്കൂട്ടുന്നതു്?

ശശീന്ദ്രൻ:-ഒരു നോവൽ. മുതലാളികളെ പഴിക്കാതെ തൊഴിലാളികൾക്കു പ്രചോദനവും ആനന്ദവും അരുളുന്ന ഒരു പുതിയ ഗ്രന്ഥം.

ഹരിണി:-രണ്ടു് ഉദ്ദേശ്യവുംകൂടി ഒരുമിച്ചു സാധിക്കുക എന്നുള്ളതു പ്രയാസമേറിയ ഒരു പണിതന്നെയാണു്. ഇന്നാൾ എഴുതിയ നോവൽ ഞാൻ വായിച്ചു. വളരെ നന്നായിരിക്കുന്നു. അതിൻെറ ധാരാളം കോപ്പികൾ ചെലവായിക്കാണുമല്ലോ.

ശശീന്ദ്രൻ:-ഉവ്വു്, വലിയ ഒരു തുകകിട്ടി. അതു മുഴുവനും തൊഴിലാളി യൂണിയൻഫണ്ടിലേയ്ക്കു ചേർത്തു.

ഹരിണി:-അതു നന്നുതന്നെ. ഈ നോവലിന്റെ പേരെന്തു്?

ശശീന്ദ്രൻ:-'അഗതികൾ.'

ഹരിണി:-മറെറാരാൾ 'മുതലാളിവിജയം' എന്നൊരു നാടകം എഴുതുന്നു.

ശശീന്ദ്രൻ:-അതു് ആരാണു്?

ഹരിണി:-ബാരിസ്റ്റർ മുരളീധരൻ; മഹാസാഹിത്യകാരൻ!

ശശീന്ദ്രൻ:-അദ്ദേഹത്തിന്റെ പ്രേമഭാജനത്തിനു്— അഥവാ പ്രേമഭാജനമാവാൻ പോകുന്ന ഭാഗ്യവതിക്കു്— അതെല്ലാം എഴുതുന്ന ചൂടോടെ വായിച്ചു രസിക്കാമല്ലോ.

ഹരിണി:-ആരാണു് ആ ഭാഗ്യവതി?

ശശീന്ദ്രൻ:-പറയാം, ശ്രീമതി ഹരിണീദേവി. വിവാഹാഘോഷവും ഉടനേ നടക്കുമെന്നു കേട്ടു.

ഹരിണി:–എന്നാൽ നമ്മേക്കൂടെ ക്ഷണിക്കുമായിരിക്കുമല്ലോ?

ശശീന്ദ്രൻ:–എന്തു്, നമ്മെയോ?

ഹരിണി:- (നിശ്ചിതസ്വരത്തിൽ) അതേ, നമ്മേ· അന്നു നമുക്കൊരു വിവാഹമംഗളപത്രവും അവൾക്കു സമൎപ്പിക്കണം.

ശശീന്ദ്രൻ:–എന്തിനാണു് ഈ വിദ്യയൊക്കെ എടുക്കുന്നതു്? ബാരിസ്റ്റർ പെണ്ണുകാണാൻ പൂപ്പള്ളിൽ വന്നതുംമററും ആരും അറിഞ്ഞില്ലെന്നായിരിക്കാം വിചാരം.

ഹരിണി:–പെണ്ണുകാണാൻവന്ന വിവരങ്ങൾ സൂക്ഷ്മം ധരിച്ച ബുദ്ധിശാലി, ആ പെണ്ണിൻെറ അന്നത്തെ വൎത്തമാനരീതികൂടെ അറിയാൻ ശ്രമിക്കേണ്ടതായിരുന്നു.

ശശീന്ദ്രൻ:–(മന്ദസ്വരത്തിൽ) എന്തിന് അതൊക്കെ അറിയണം? ഏതുവിധത്തിലായാലും പുണ്യവതിയായ ഭവതി, അനുരൂപനായ വിശിഷ്ടവരനോടുകൂടി അത്യുന്നതസ്ഥാനത്തു് സസുഖം ശോഭിച്ചരുളുന്നതു കാണുമാറാകട്ടെ, എന്നുള്ളതുമാത്രമാണു് ഈ സാധുവിൻെറ പ്രാൎത്ഥന.

ഹരിണിയുടെ ഭാവം മാറി. അവളുടെ പൂങ്കണ്ണിണ അശ്രുപൂൎണ്ണമായി. പവിഴാധരങ്ങൾ വിറച്ചു. ദീൎഘനിശ്വാസങ്ങൾ ഉന്നതമാൎവ്വിടത്തെ ഇട്ടുലച്ചു. അവളുടെ ഗദ്ഗദാക്ഷരങ്ങൾ പുറത്തുവന്നു:

"ചേട്ടനു് ദയയെന്നതു പണ്ടേയില്ല. എന്നേപ്പററി ഇപ്രകാരം ധരിക്കുമെന്നു് അല്ലായിരുന്നു എൻെറ പ്രതീക്ഷ. എൻെറ പ്രാണനാഥൻ ആരെന്നു് ഞാൻ സ്ഥിരപ്പെ

ട്ടത്തി വച്ചിട്ടുണ്ട്. ആ 'ശശി'യാണ് എൻെറ ഹൃദയതലത്തിന് കുളിർമയും പ്രകാശവും പ്രസാദവും നൽകിപ്പോരുന്നതു്. എൻെറ ആ ജീവനാഥൻ എന്നെ തെററിദ്ധരിക്കുന്നുവെങ്കിൽ—ഇനി... ഇനി ഞാൻ..."

ശേഷം പറവാൻ അക്ഷരങ്ങൾ കിട്ടാതെ ഹൃദയംനൊന്തു കരയുന്ന ആ ദിവ്യപ്രേമരൂപിണിയെ ആഞ്ഞണഞ്ഞു് ആശ്ലേഷിച്ച് കണ്ണീർ തുടച്ചു് മൂർദ്ധാവിൽ ചുംബിച്ചുകൊണ്ട് ആ സ്നേഹമൂർത്തി തൂമൊഴി തൂകി.

"ഓമനെ, ഈ ഭാവങ്ങൾ എനിക്കു സഹ്യമല്ല. സൂഗുണസമ്പന്നയായ ഭവതി എൻേറതുതന്നെ എന്ന ദൃഢവിശ്വാസം എനിക്കുണ്ട്. ആ ദൃഢബോധം എനിക്ക് ആശ്വാസവും ആനന്ദവും അരുളി എന്നെ സദാ ഉന്മേഷഭരിതനും കർമ്മധീരനും ആക്കിത്തീർക്കുന്നു. ഞാൻ വൃഥാ നേരമ്പോക്കു പറഞ്ഞു് ഇപ്രകാരം എൻെറ പ്രാണേശ്വരിയെ ഖേദിപ്പിച്ച അപരാധം പൊറുക്കണേ! നമ്മുടെ ദേഹവും ദേഹിയും രണ്ടല്ല; ഒന്നുതന്നെയാകുന്നു."

ആനന്ദസാഗരത്തിൽ മുഴുകി ആ യുവതീയുവാക്കൾ ഏതാനും നിമിഷങ്ങൾ അപ്രകാരം അവിടെ നിന്നു. ആ മോഹനാംഗിയുടെ മൃദുപാണിപങ്കജം ആ ഭാഗ്യശാലിമുകരമവേ; ഒരു കടലാസുകഷണം താഴെ പതിച്ചു. അതെടുത്തു പരിശോധിച്ചശേഷം ആ സന്തുഷ്ടമാനസൻ പറഞ്ഞു:

"ഓമനേ, ഇതു പതിനായിരം രൂപയുടെ ഒരു ചെക്കാണല്ലോ?"

ഹരിണി:-അതേ; തൊഴിലാളികളുടെ പാവപ്പെട്ട

കുട്ടികൾക്കു് ഉച്ചഭക്ഷണം നൽകുന്നതിന്നു് അങ്ങേ ഏല്പി ക്കാൻവേണ്ടി ഞാൻ കൊണ്ടുവന്നതാണു്.

ശശീന്ദ്രൻ:-കഴിഞ്ഞമാസത്തിൽ അയ്യായിരംറുപ തന്നു. ഈ മാതൃക ധനികന്മാരുടെ കണ്ണു തുറപ്പിച്ചിരു ന്നെങ്കിൽ!

ഹരിണി:-അച്ഛൻ ഭാഗപത്രത്തിൽ എനിക്കായി നിശ്ചയിച്ചിട്ടുള്ള വസ്തുക്കൾ നമ്മുടെ കൈവശം വരട്ടെ. അതിലെ ആദായത്തിൻെറ പ്രധാനഭാഗം അഗതിസംര ക്ഷണത്തിനായി വിനിയോഗിക്കാം.

ശശീന്ദ്രൻ:-(സസന്തോഷം) നല്ലതുതന്നെ. മീററിം ഗിനുപോകണ്ടെ? അദ്ധ്യക്ഷപ്രസംഗം എഴുതി തയ്യാറാ ക്കിയിട്ടുണ്ടോ?

ഹരിണി:-ഇല്ല. ഞാൻ ഏതാണ്ടു കുത്തിക്കുറിച്ചിട്ടു ണ്ടു്. അതുനോക്കി വല്ലതുമൊക്കെ അവിടെച്ചെന്നു പറ യണം.

ശശീന്ദ്രൻ:-അതു ധാരാളം മതിയല്ലോ.

ഹരിണി:-എനിക്കു് ആദ്ധ്യക്ഷം വഹിച്ചോ മറേറാ പരിചയമുണ്ടോ? ഇതെല്ലാം അങ്ങേടെ പണിയാണു്.

ശശീന്ദ്രൻ:-ഏയ്, ഇക്കാര്യത്തിൽ എൻെറ പ്രേര ണ ഒട്ടുമില്ല. അവരെന്നോടു് അഭിപ്രായം ചോദിച്ച പ്പോൾ ഞാൻ അനുകൂലിച്ചു എന്നുമാത്രമേയുള്ളു. എന്റെ അറിവു മററൊരുവിധത്തിലാണല്ലൊ?

ഹരിണി:-എന്താണതു്?

ശശീന്ദ്രൻ:-ഭവതിയുടെ സഹോദരനും ബാരിസ്റ്ററും കൂടിയാണു് ഇപ്രകാരം നിർദ്ദേശിച്ചതെന്നു്.

ഹരിണി:- (ആലോചനയോടെ) എന്നാൽ അവ

രുടെ ഉദ്ദേശം സംശുദ്ധമല്ല. അതിൽ സംശയിക്കേണ്ടിയിരിക്കുന്നു. ഏതായാലും എൻെറ രക്ഷാഭാരം അങ്ങേ സന്നിധിയിൽ ഞാനേല്പിക്കുന്നു. എല്ലാം .....

ശശീന്ദ്രൻ:-ഏയ് അബദ്ധം പറയാതിരിക്കണം. എല്ലാവരേയും എവിടേയും എപ്പോഴും രക്ഷിക്കാനുള്ള കഴിവ് സർവ്വശക്തനായ ഈശ്വരനുമാത്രമല്ലേയുള്ളൂ. സകലതും അങ്ങോട്ടു സമർപ്പിച്ച് തൻെറ കർത്തവ്യം നിർവ്വഹിക്കുക. അപ്പോൾ സർവ്വവും ഭദ്രം.

Very good Novel.
By K. R. Pillai

# അദ്ധ്യായം എട്ട്

ഹരിണി യഥാസമയം ഹരിപുരത്തിലെത്തി. മാൎഗ്ഗമദ്ധ്യേ പല സ്വീകരണങ്ങളും അവൾക്കു ലഭിച്ചു. വലിയ ആഘോഷത്തോടെയാണ് അവൾ സമ്മേളനശാലയിലേയ്ക്കു് ആനയിക്കപ്പെട്ടതു്. താമസംവിനാ ആ വിദുഷീമണി തൊഴുകൈയോടെ അദ്ധ്യക്ഷപീഠം അലങ്കരിച്ചു. അസംഖ്യം സ്ത്രീജനങ്ങളും ധാരാളം പുരുഷന്മാരും നിറഞ്ഞു ശോഭിക്കുന്ന ആ വിപുലസദസ്സു കണ്ടു് സന്തുഷ്ടയായി. അവൾ കാൎയ്യപരിപാടിയിലേയ്ക്കു കടന്നു. ഏതാനും ചെറുബാലികമാർ ഈശ്വരസ്തോത്രം ഭക്തിപൂൎവ്വം പാടി. തുടൎന്നു് അദ്ധ്യക്ഷയെ വാനോളം പുകഴ്ത്തിക്കൊണ്ടുള്ള സ്വാഗതപ്രസംഗവും നടന്നു. അനന്തരം ഉത്സാഹഭരിതയായ ആ മഹതി ഉപക്രമപ്രസംഗത്തിനായി എഴുനേററു. ബഹുവിധകുസുമനിചയത്തിൽ റോസാപുഷ്പം പോലെ ആ മനോഹരി പ്രശോഭിച്ചു. പ്രശാന്തമായ ആ സദസ്സിനെ ആകമാനം അവൾ ഒന്നു നോക്കി. ഒരു പ്രധാന സ്ഥാനത്തു പ്രാമാണികഭാവത്തിൽ സ്ഥിതിചെയ്യുന്ന മുരളീധരൻെറ ദൎശനം അവളെ കൂടുതൽ ഉത്തേജിതവീൎയ്യയാക്കി. അവളുടെ പ്രഭാഷണമംഗളധ്വനി അവിടെ മുഴങ്ങി.

"'സ്ത്രീ'ശബ്ദം രണ്ടാമത്തെ പ്രണവമാണു്. സഹിഷ്ണുതയുടെ പൎയ്യായമാണതു്. സാമൎത്ഥ്യത്തിൻെറ മൂലകന്ദവും അതുതന്നെ.

"വൈദികകാലത്തു പുരുഷന്മാരേക്കാൾ പ്രാധാന്യം സ്ത്രീകൾക്കുണ്ടായിരുന്നു. അന്ന് കൂടുതൽ വിജ്ഞാനം സമ്പാദിച്ചതു സ്ത്രീകളാണ്. വേദത്തിലെ ആദിഗാനങ്ങൾ അധികവും രചിച്ചത് അവരാകുന്നു.

"പൗരാണികകാലത്ത് സ്ത്രീകൾ ഒട്ടും പിന്നോക്കം പോയില്ല. ഏതുകാര്യത്തിലും പുരുഷന്മാരോടൊപ്പം അവർ പ്രവർത്തിച്ചു. നരകാസുരനോടു യുദ്ധത്തിനു പുറപ്പെട്ട കൃഷ്ണനെ ഭാമ ഉത്സാഹപൂർവ്വം പിൻതുടൎന്നു. സമരമദ്ധ്യേ കൃഷ്ണൻ ബോധഹീനനായി താഴെ വീഴുകയുണ്ടായി. ആ സമയം ഭാമ വാടിയില്ല, വഴന്നില്ല, കണ്ണീരൊഴുക്കിയില്ല. സധൈര്യം ആയുധമെടുത്ത് ആ ബലവതി ശത്രുവിനെ പ്രതിരോധിച്ചു. ദീർഘസമയം ഘോരഘോരം പോരാടി എതിരാളിയെ വിഗതവീര്യനാക്കി.

"മറ്റൊരു ധീരവനിതയായ സുഭദ്ര, വില്ലാളിത്തലവനായ അർജ്ജുനൻകൂടി പ്രശംസിക്കത്തക്കവിധം യുദ്ധമദ്ധ്യേ തേരുതെളിച്ചു. അനവധി രജപുത്രസ്ത്രീകളുടെ അത്ഭുതസാമർത്ഥ്യങ്ങളും സ്ഥിരനിശ്ചയം ചരിത്രംമുഖേന നാം മനസ്സിലാക്കിയിട്ടുണ്ട്.

"ഇപ്രകാരം സർവ്വവിധത്തിലും പ്രശംസിക്കത്തക്ക നിലയിൽ ജീവിച്ചുപോന്ന സ്ത്രീസമുദായം ഇടക്കാലത്ത് അധഃപതിച്ചു. പുരുഷന്മാരുടെ സ്വാർത്ഥമോ സ്ത്രീകളുടെ ആലസ്യമോ അതിനു കാരണമെന്ന് അറിഞ്ഞുകൂടാ. ഏതായാലും ഏറെക്കുറെ അസ്വാതന്ത്ര്യവും പരാധീനതയും അവരെ ഗ്രസിച്ചു. സർവ്വഥാ ശോച്യമായ നിലയിൽ അവർ എത്തിച്ചേർന്നു.

"പുതിയ പരിഷ്കാരത്തിൻെറ ആവിർഭാവത്തോടു

കൂടി വിദ്യാസമ്പന്നകളായ തരുണികൾ സ്ത്രീസ്വാതന്ത്ര്യഘോഷം മുഴക്കിത്തുടങ്ങി. വാസ്തവത്തിൽ സ്ത്രീസ്വാതന്ത്ര്യം പുരുഷന്മാരിൽനിന്നും ലഭിക്കത്തക്കതോ ലഭിക്കാവുന്നതോ അല്ല. നമ്മിൽ ആ ദിവ്യശക്തി വേണ്ടുവോളം ഉണ്ട്. നാം അതിനെ പ്രോജ്വലിപ്പിച്ച് ഉപയോഗയോഗ്യമാക്കിത്തീത്താൽ മതി. ഇതാണ് എന്റെ വിനീതാഭിപ്രായം.

"ഇന്ന് സ്ത്രീജനങ്ങൾ വളരെ കഷ്ടതകൾ അനുഭവിക്കുന്നുണ്ട്. അക്കൂട്ടത്തിൽ തൊഴിലാളിസ്ത്രീകളുടെ അവശതയാണ് അസഹ്യമായിത്തീൎന്നിരിക്കുന്നതു്. ദാരിദ്ര്യം അവരെ അത്യധികം പീഡിപ്പിക്കുന്നു. കിടക്കാൻ ഇടമില്ലാതെ, ഉടുക്കാൻ വസ്ത്രമില്ലാതെ, കുടിക്കാൻ കഞ്ഞിയില്ലാതെ ആ സാധുക്കൾ അനുഭവിക്കുന്ന ദുരന്തദുരിതം, അഹോ, ചിന്തിക്കുവാൻപോലും സാദ്ധ്യമല്ലതന്നെ. അതിനെപ്പറ്റി സ്വയം ചിന്തിച്ച് നെടുവീപ്പിട്ടതുകൊണ്ടോ കുത്തിയിരുന്നു കരഞ്ഞതുകൊണ്ടോ യാതൊരു പ്രയോജനവും വരുവാനില്ല. മാന്യസഹോദരിമാരെ, നിങ്ങളെ വിഴുങ്ങുന്ന ഘോരദാരിദ്ര്യത്തിൽനിന്നും രക്ഷപെടാൻ കുബേരന്മാരുടെ ഔദാൎയ്യം നിങ്ങൾക്കു ലഭിക്കുമെന്ന് വ്യാമോഹിക്കുന്നുവെങ്കിൽ, അതിൽഭേദം പേട്ടുതേങ്ങാ പൊതിച്ചു ഭക്ഷിക്കുവാനും, പതിരു് (മങ്ക്)കുത്തി കഞ്ഞിവെച്ചുകുടിക്കാനും ശ്രമിക്കുന്നതായിരിക്കും. അററർ അധികം പേരും വാടിയ വല്ലരിയെ തീയിലിട്ടു ചുടുവാനാണിഷ്ടപ്പെടുന്നതു്."

"കേൾക്കുക, കേൾക്കുക" എന്നുള്ള പ്രഘോഷണം ഏതാനുംനിമിഷനേരത്തേയ്ക്കു് അവിടെ മുഴങ്ങി. ഹസ്ത

താഡനം ധാരാളമുണ്ടായി. തരളമാനസയായ ഹരിണി തന്റെ പ്രസംഗം ഇങ്ങനെ തുടൎന്നു:

"പ്രിയ സോദരികളെ, നിങ്ങളുടെ അവശതകളെ പരിഹരിപ്പാൻ അന്യമാൎഗ്ഗങ്ങൾ തേടി കുഴങ്ങേണ്ട ആവശ്യമില്ല. നിങ്ങൾ എല്ലാവരും സ്വയം സഹായം സഹായം—താൻതന്നെ തനിക്കു് ആശ്രയം—എന്ന പരമാൎത്ഥതത്വം മനസ്സിലാക്കണം. അതോടുകൂടി ആലസ്യനിദ്രയിൽനിന്നും ഉണൎന്നെഴുന്നേറ്റു് രക്ഷാമാൎഗ്ഗം അന്വേഷിക്കണം. സംഘടിച്ചുള്ള പ്രയത്നമേ വേഗം വിജയലാഭം നല്കുകയുള്ളു. അതിന്റെ നാന്ദി ഇവിടെ അഭിനയിച്ചുകഴിഞ്ഞു എന്നു് ഞാൻ വിചാരിക്കുന്നു.

"ഓരോ പെണ്ണും ആണും ഉത്സാഹപൂൎവ്വം വേലചെയ്തു് ദുൎവ്യയങ്ങൾ നിശ്ശേഷം നിൎത്തി വിജയവിശ്വാസത്തോടെ മുന്നോട്ടുപോകണം. അച്ഛനും മക്കളുംതമ്മിൽ, സഹോദരീസഹോദരന്മാരുതമ്മിൽ, ഭാൎയ്യാഭൎത്താക്കന്മാരുതമ്മിൽ—ഹേതു ഉണ്ടായാൽപ്പോലും പരുഷവാക്കു പറയാതെ—കലഹിക്കാതെ, ഏകാഭിപ്രായസമേതം പ്രയത്നിക്കണം. ആദായത്തിന്റെ ഒരു അംശം മിച്ചംവയ്ക്കണമെന്നതു് ഒരിക്കലും വിസ്മരിക്കരുതു്. വൎഗ്ഗീയവിചാരം നിശ്ശേഷം സംത്യജിക്കണം. തന്നെ സ്നേഹിക്കുവാൻ ആദ്യമേ പഠിച്ചു് ആ ദിവ്യകല്പലതയെ അയൽപക്കങ്ങളിലേയ്ക്കും ക്രമേണ വിദൂരപരിസരങ്ങളിലേയ്ക്കും പരത്തി, രാജ്യക്ഷേമം പുലൎത്തി പ്രശോഭിക്കുവിൻ, എന്നുള്ളതാണു് എനിക്കു നിങ്ങളുടെ മുമ്പിൽ വയ്ക്കുവാനുള്ള എളിയ സന്ദേശം."

ഇപ്രകാരം അധ്യക്ഷയുടെ ഉപക്രമപ്രസംഗം സമാ

പിതമായി. സദസ്യർ നിഷ്കളങ്കമായ ഹർഷാരവം ദീർഘനേരം പ്രകടിപ്പിച്ചു. അനന്തരം എട്ടുപത്തു ബാലികമാരുടെ തിരുവാതിരകളി, അഥവാ കൈകൊട്ടിക്കളി ആരംഭിച്ചു.

ഒരു കുമ്മി

'മതിമുഖി, മമസഖി' എന്ന മട്ട്.

തമ്പുരാനേ, ഭഗവാനേ!—വൻപുമൻപുമെഴുവോനെ
കുമ്പിടുന്നു കനിയണേ, കരുണവേണേ.
അടിയങ്ങളനാശ്രയ—രരക്ഷകരഗതികൾ
അടിക്രൂപ്പിയുണർത്തുന്നതറിയേണമേ.
നറുംപാൽച്ചോറുണ്ടു ചില—രരോചകാൽ കുഴങ്ങവേ
വെറും കഞ്ഞിപോലും ഞങ്ങൾ കുടിക്കുന്നില്ല.
സ്ഫടികപ്രാസാദംതന്നിൽ—നടമാടി ചിലർ വാഴ്കേ
കിടക്കാടമെന്യേ ഞങ്ങൾ കിടപ്പു മണ്ണിൽ.
കുളിക്സവണിപ്പൂമ്പ—ട്ടൊളികുറേപ്പേരെപ്പുൽകെ
കുളിർമാററാൻ കീറമുണ്ടുമിവക്കില്ലയ്യോ.
ആരോടിതു പറയുവാൻ, പറഞ്ഞാലാരറിയുവാൻ!
അറിഞ്ഞാലാർ സഹായിപ്പാനഹോ, ദൈവമേ!
ഉണ്ടവനെ വീണ്ടുമൂട്ടി—വിശന്നോനെച്ചവുട്ടുന്നോ-
രാണ്ടവനെ, നിൻെറ നയം വിചിത്രമത്രേ.
നിരപ്പുകേടിതുപോക്കി—നിരന്തരം നീതിനൽകി
നിരഞ്ജനാ, പാലിക്കണേ! നമോ നമസ്തേ.

ഹൃദ്യമായ സ്വരമാധുരിയോടും സ്തുത്യമായ താളമേളങ്ങളോടുംകൂടി പ്രകടിതമായ ആ സുന്ദരവിനോദപ്രദർശനം സദസ്യരെ ആകമാനം ആനന്ദപരവശരാക്കിത്തീർത്തു.

അതിനെത്തുടൎന്ന് രണ്ടുസ്ത്രീകൾ, വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, എന്നീ വിഷയങ്ങളെക്കുറിച്ചു പ്രസംഗിച്ചു. അവയെയെല്ലാം പരാമൎശിച്ചുകൊണ്ടുള്ള അദ്ധ്യക്ഷയുടെ ഉപസംഹാരപ്രഭാഷണം സമുജ്ജ്വലവും കാൎയ്യസമ്പൂൎണ്ണവും ആയിരുന്നു. സമാജസാധാരണമായ മററു ചടങ്ങുകളോടു ക്രൂടി സംഘം വിജയകരമായി പൎയ്യവസാനിച്ചു.

സൎവ്വജനങ്ങളുടേയും മുക്തകണ്ഠമായ പ്രശംസയോടു ക്രൂടി ഹരിണി സ്വഗൃഹത്തിലേയ്ക്കു് പുറപ്പെട്ടു. കായൽ ക്കരയിൽ സജ്ജമായി നിന്നിരുന്ന ബോട്ടുകണ്ടപ്പോൾ സ്വസഹോദരന്റെ സ്നേഹത്തെ ആ സാധുചിത്ത മനസാ പുകഴ്ത്തി. സംഘദാരവാഹികൾ അവിടെവച്ചു് കൃതജ്ഞതാപൂൎവ്വം യാത്രപറഞ്ഞു പിരിഞ്ഞു.

സന്ധ്യകഴിഞ്ഞപ്പോഴേയ്ക്കു് ബോട്ടു മറുകരയിൽ എത്തി. അവിടെ കാത്തുനിന്നിരുന്ന കിട്ടനോടുക്രൂടി അവൾ കാറിൽ കയറി. അപ്പോൾമുതൽ ആരംഭിച്ച വലിയ മഴയും കാററും അവളുടെ സഞ്ചാരം ദുരിതകരമാക്കിത്തീൎത്തു എങ്കിലും അന്നു കഴിഞ്ഞുക്രൂടിയ പരിപാടിയുടെ പുനഃപരിശോധനയിൽനിന്നു സംജാതമായ ചാരിതാൎത്ഥ്യം ആ ക്ലേശത്തെ ലഘുതരമാക്കുകയാണുണ്ടായതു്.

വണ്ടി വളരെദൂരം ഓടിയശേഷം ഒരു വലിയ മാളികയുടെ പുരോഭാഗത്തു ചെന്നുനിന്നു. "ഏമാൻ ഇവിടെ അടുത്തൊരു സ്ഥലത്തുണ്ടു്, വേഗത്തിൽ വന്നുചേരും. എന്നിട്ടു് ഒരുമിച്ചു യാത്രതുടരാം. അതുവരെ കൊച്ചമ്മ ഇവിടെ വിശ്രമിക്കണം." എന്നു ഭൃത്യൻ കിട്ടൻ അവളോടു പറഞ്ഞു. അതിൻപ്രകാരം ഹരിണി ആ മണിഗൃഹത്തിലേയ്ക്കു പ്രവേശിച്ചു. ആ വിശാലശാലയുടെ വിചിത്രാ

ലങ്കാരങ്ങൾക്കായി വാരിക്കോരി ചെലവാക്കിയിരിക്കുന്ന ധനത്തിൻെറ ഒരു അംശം, സാധുജനപരിപാലനത്തിന് ഉപയോഗിക്കാനുള്ള ഹൃദയം കുബേരന്മാർക്ക് ഉളവായെങ്കിൽ എന്ന് ആ ഉദാരശീല ചിന്തിക്കുമ്പോഴേയ്ക്കു് ഒരു വിശേഷരൂപം അവിടെ പ്രത്യക്ഷമായി. തൻെറ നേത്രങ്ങൾ തന്നെ വഞ്ചിക്കുന്നോ എന്ന് സംശയത്തോടെ വീണ്ടും നടത്തിയ പരിശോധന അതു് ബാരിസ്റ്റർ മുരളീധരൻതന്നെ എന്ന ഉറപ്പുനൽകി. ഒരു വികൃതമന്ദഹാസത്തോടെ അയാൾ ആ സുമുഖിയെ സമീപിച്ചു. അസഹ്യമായ മദ്യത്തിൻെറ ദുർഗ്ഗന്ധവും അവിടെ പരന്നു.

മുരളീധരൻ:-ഓമനേ, ഭവതി മററൊരുവിധത്തിൽ ശങ്കിക്കേണ്ട. നമുക്കു സ്വാതന്ത്ര്യമുള്ള സ്ഥലമാണിതു്.

ഹരിണി:-ആയിരിക്കാം.

മുരളീധരൻ:-ദീർഘസഞ്ചാരത്താൽ ഭവതി വളരെ ക്ഷീണിച്ചിരിക്കുന്നു. ആ കസാലയിൽ ഇരിക്കുക. വിശിഷ്ടഭോജ്യപേയാദികൾ ഇവിടെ തയാറുണ്ടു്. ആവശ്യം പോലെ ഉപയോഗിക്കാം.

ഹരിണി:-എനിക്കിപ്പോൾ യാതൊന്നും ആവശ്യമില്ല. വേഗം വീട്ടിൽ എത്തുകയാണു വേണ്ടതു്. എടാ, കിട്ടാ!

മുരളീധരൻ:-കിട്ടൻ ഇവിടെയില്ല, അവൻ പോയിക്കഴിഞ്ഞു.

ഹരിണി:-ഇതെല്ലാം അങ്ങേ കൃത്രിമം ആണു്, മനസ്സിലായി.

മുരളീധരൻ:-ഒരു കൃത്രിമവും ഇല്ല. ഭവതി ഭയപ്പെട്ടുകയും വേണ്ട,

ഹരിണി:-സ്ത്രീകൾ അബലകൾ എന്നാണ് അങ്ങേപ്പോലെയുള്ള പുരുഷന്മാരുടെ ധാരണ. അതു ശരിയല്ലെന്ന് ഇന്നു ബോധ്യമാവും.

മുരളീധരൻ:-ഭവതിയുടെ തന്റേടവും അസാധാരണവൈഭവവും എല്ലാം ഇന്നത്തെ മീററിംഗിൽനിന്നും മനസ്സിലാക്കാൻ എനിക്കു കഴിഞ്ഞു. ഭവതിയെ അനുമോദിച്ചു സൽക്കരിക്കുവാനാണ് എന്റെ ഒരുക്കം.

ഹരിണി:-ഈ അനുമോദനങ്ങളൊന്നും എനിക്ക് ആവശ്യമില്ല.

മുരളീധരൻ:-ഓമനേ, പരിഭവിക്കാതിരിക്കൂ. ഗുണവതിയായ ഭവതി എന്റെ പ്രാണവല്ലഭയായി ശോഭിക്കണം. ഞാൻ ഭവതിയുടെ ദാസനായി ജീവിച്ചുകൊള്ളാം. ശാഠ്യംകൊണ്ടു് ഇനി പ്രയോജനമില്ല.

ഹരിണി:-അങ്ങ് ഈ കാട്ടുന്നതും പറയുന്നതും എല്ലാം അനധികൃതമാണ്.

മുരളീധരൻ:-അല്ല, അവിടെയാണു ഭവതിക്കു തെററിയതു്. ഭവതിയെപ്പററിയുള്ള പരമാധികാരം ഭവതിയുടെ രക്ഷാകത്താവായ വാസവൻ എനിക്കു നല്കിക്കഴിഞ്ഞു.

ഹരിണി:-(ദൃഢസ്വരത്തിൽ) എന്നെപ്പററിയുള്ള പൂർണ്ണാധികാരം എനിക്കാണ്.

മുരളീധരൻ:-(ഭാവഭേദത്തോടെ) ഇതൊന്നും കേട്ടു ഭയന്നു് ഓടുന്നവനല്ല ഈ മുരളീധരൻ. മര്യാദപറഞ്ഞാൽ അനുസരിക്കയില്ലെങ്കിൽ?—

ഹരിണി:-എന്താണ് ഇല്ലെങ്കിൽ?

"ഇതാ കാണിച്ചുതരാം." എന്നു പറഞ്ഞ് ആ മ്ലേച്ഛ

മദമത്തൻ ആ ത്രിലോകസുന്ദരിയെ സമീപിച്ചു ... മാറിനില്ക്കു" എന്ന രൂക്ഷവചനം ആ ദുൎന്നയനെ ... പിൻതിരിപ്പിച്ചു. വീണ്ടും ആ കാമലോലുപൻ അവളുടെനേരെ ആഞ്ഞടുക്കുമ്പോഴേയ്ക്കു് ഒരു ധന്യരൂപൻ മദ്ധ്യേ ചാടിവീണു് അവനെ പിടികൂടി. ആഗതൻ ശശീന്ദ്രനാണെന്നു മനസ്സിലാക്കിയ ഹരിണിആശ്വാസപൂൎവ്വം അവിടെ മാറിനിന്നു. അല്പസമയത്തെ ദ്വന്ദ്വസമരത്തിനു ശേഷം ബലവാനായ ശശീന്ദ്രൻ ആ കീചകനെ ഒരു തൂണിൽ ബന്ധിച്ചു. അനന്തരം ആ ദീനജനബന്ധു, സ്വഗളതലത്തിൽ കൃതജ്ഞതാ മണിമാല്യം അണിയിച്ചുകൊണ്ടു നില്ക്കുന്ന ഹരിണിയോടുകൂടി ഒരു കാറിൽ യാത്രയാവുകയും ചെയ്തു.

## അദ്ധ്യായം ഒമ്പതു്

ഒരുസ്ത്രീ:-ഹേ റിക്ഷാക്കാരൻ! ഈ ബോട്ടുജട്ടിയിൽ നിന്നും മോട്ടോർസ്റ്റാന്റിലേക്കു് എന്തു ദൂരമുണ്ടു്?

റിക്ഷാക്കാരൻ:-രണ്ടു ഫർലാംഗ്ഗ് ഉണ്ടുകൊച്ചമ്മാ. ഇതാ ഈ വണ്ടിയിലേക്കു കയറണം. ഞാൻ അവിടെ കൊണ്ടുചെന്നുവിടാം.

സ്ത്രീ:-വേണ്ട, ഞാൻ നടന്നു പൊയ്ക്കൊള്ളാം. എന്റെ കൈവശം അധികം പണമില്ല.

റിക്ഷാക്കാരൻ:-അയ്യോ! ഭാഗ്യമുള്ള കൊച്ചമ്മ ഈ ചുമടും ചുമന്നുകൊണ്ടു നടക്കുന്നതു വലിയ കൊറച്ചിൽ! മഹാകൊറച്ചിൽ!

സ്ത്രീ:-ഇതു് ഒരു ചെറിയ തുകൽബായ്ഗ് അല്ലേ ഉള്ളു. ഇതാണോടോ വലിയ ചുമടു്. സാരമില്ല.

റിക്ഷാക്കാരൻ:-അതുതന്നെയുമല്ല, ചുട്ടെരിയുന്ന വെയിലു്; കൊച്ചമ്മ എങ്ങനെ നടന്നുപോകും. ഇഷ്ടമുള്ള കൂലി തന്നാൽമതി.

സ്ത്രീ:-ആകട്ടെ, തനിക്കു് എന്തു കൂലി വേണം?

റിക്ഷാക്കാരൻ:-അക്കാര്യത്തിൽ കൊച്ചമ്മ വിഷമിക്കേണ്ട. എന്തെങ്കിലും മനസ്സുപോലെ തരണമെന്നേയുള്ളു.

സ്ത്രീ:-അതു സാധിക്കയില്ല. കൂലി എന്തു വേണമെന്നു ഖണ്ഡിതമായി പറയണം.

റിക്ഷാക്കാരൻ:-ഈ കൊച്ചുവേല്യ, അങ്ങനെ പറ‌ഞ്ഞു

മറിച്ചു പറയുന്ന കൂട്ടത്തിലല്ല. കൊച്ചമ്മ റിക്ഷായിൽ കയറിയാട്ടെ. താമസിച്ചാൽ പിന്നെ രണ്ടു മണിക്കൂർ അവിടെ കറങ്ങേണ്ടിവരും.

സ്ത്രീ:-എടോ ഒന്നു രണ്ടു പ്രാവശ്യം കൂലി പറയാതെ റിക്ഷയിൽ കയറി എനിക്കു് അബദ്ധം പററിയിട്ടുണ്ടു്. കൂലി തീർത്തു പറഞ്ഞാൽ ഞാൻ വണ്ടിയിൽ കയറാം. അല്ലെങ്കിൽ ഇതാ നടക്കാൻ തുടങ്ങുകയാണു്.

റിക്ഷാക്കാരൻ:-കൊച്ചമ്മ പറഞ്ഞതു ശരിയാണു്. കൂലിക്കു തക്കം പറയുന്ന ചില മര്യാദകെട്ടവരുണ്ടു്. കൊച്ചുവേലു ആ കൂട്ടത്തിലല്ല. വിശേഷിച്ചും സ്ത്രീജനങ്ങളോടു് ഏററവും മര്യാദയായിട്ടേ ഞാൻ പെരുമാറുകയുള്ളൂ. അമ്മ പെങ്ങമ്മാരെല്ലാം എനിക്കുമുണ്ടു കൊച്ചമ്മേ!

സ്ത്രീ:-എടോ താൻ ഇവിടെവച്ചു് ഇങ്ങനെയൊക്കെ പറയും. അവിടെ ചെല്ലുമ്പോൾ തന്റെ മട്ടുമാറും; എനിക്കറിയാം.

റിക്ഷാക്കാരൻ:-കൊച്ചമ്മ പരീക്ഷിച്ചോണ്ടാട്ടെ. തരുന്നതു കൊച്ചുവേലു എണ്ണുകപോലുമില്ല. കയറിയാട്ടെ വണ്ടിയിൽ.

അവന്റെ ഭാവവും ആംഗ്യങ്ങളും പ്രസംഗവും എല്ലാം വിശ്വസിച്ചു് ആ സ്ത്രീ റിക്ഷയിൽ കയറി. കാഴ്ചയിൽ തടിയനാണെങ്കിലും അശക്തനായ റിക്ഷാക്കാരൻ ഒരു പ്രകാരത്തിൽ ഇഴഞ്ഞിഴഞ്ഞു കാൽമണിക്കൂർകൊണ്ടു മോട്ടോർസ്റ്റാൻറിലെത്തി. ആ സ്ത്രീ ബദ്ധപ്പെട്ടു താഴെ ഇറങ്ങുമ്പോഴേയ്ക്കു് അവർക്കു കയറാനുള്ള ബസ്സു സ്റ്റാർട്ടുചെയ്തു പോകയും ചെയ്തു.

സ്ത്രീ:-എടോ ഞാൻ മെല്ലെ നടന്നിരുന്നെങ്കിൽ

എനിക്ക് ആ ബസ്സിൽ പോകാമായിരുന്നു. കഷ്ടമായി. എന്നാലും ഞാൻ തനിക്കു കുറയ്ക്കുന്നില്ല. കൂലി ഇതാ നാല ണ പിടിച്ചോളു.

റിക്ഷാക്കാരൻ:-അല്ലേ, നാലണയോ. എനിക്കെ ങ്ങും വേണ്ട.

സ്ത്രീ:-തരുന്നതു മേടിച്ചുകൊള്ളാമെന്നല്ലേടോ താൻ പറഞ്ഞിരുന്നതു്?

റിക്ഷാക്കാരൻ:-അതിനെന്താ, ഒരുമാതിരി മാനമാ യിട്ടൊക്കെ തരേണ്ടേ?

സ്ത്രീ:-എടോ രണ്ടുഫർലോംഗ് ദൂരം വന്നതിനു നാ ലണ പോരേ?

റിക്ഷാക്കാരൻ:-(മുഖംചുളിച്ചു്) പിന്നെ, പിന്നെ. നാലണയ്ക്കു വല്ലോരും വലത്തിവിടണം. കൊട്ടുക്കിനെ ന്നേ, ചക്രം വേഗം.

സ്ത്രീ:-താനിപ്പോൾ അവിടെവച്ചു കണ്ട ആളല്ല ല്ലോ, പിന്നെ തനിക്കെന്തുകൂലി വേണം?

റിക്ഷാക്കാരൻ:-എനിക്കു പത്തണ കിട്ടണം.

സ്ത്രീ:-അതു വളരെ കൂടുതൽതന്നെ. ഇതാ ആറണ വാങ്ങിക്കൊള്ളു. തൻെറ വണ്ടിയിൽ കയറിപ്പോയില്ലേ.

റിക്ഷാക്കാരൻ:-(സഗൗരവം) നാണവും മാനവും ഉ ള്ളവരെ നോക്കി വണ്ടിയിൽക്കയററിയില്ലെന്നുള്ള കുഴ പ്പം എനിക്കാണു പററിയതു്. വേഗം പത്തണ കൊടു ക്കണം, അല്ലെങ്കിൽ ഞാൻ വാങ്ങിക്കും.

മറെറാരു കൂലിക്കാരൻ:-എന്തോന്നാ ചങ്ങാതീ ത ക്കം പറേന്നതു്?

റിക്ഷാക്കാരൻ:- കേട്ടോ ബാപ്പൂ, റിക്ഷായിൽ

കയറി 'സാർട്ട്'ടിച്ചു് വന്നു. ഇപ്പോൾ കൂലി തരികയു് നല്ലകാലമല്ലേ?

കൂലിക്കാരൻ:-ഒട്ടും കുറയ്ക്കരുതു്, ചൊണയായിട്ട് ഇങ്ങോട്ടുതരാൻപറ.

മറെറാരുചുമട്ടുകാരൻ:-അല്ല, ഈ തടിച്ചിയെ വലിച്ചുകൊണ്ടുവന്നതിന്നു് ഡബിൾച്ചാർജ്ജ് വാങ്ങിക്കണം. അല്ലെങ്കിൽ കസവുനേര്യതേക്കേറി ഇങ്ങോട്ടു പിടിച്ചോ?

കൂലിക്കാരൻ:-എന്നാ നല്ലരസം കാണാമെടോ.

റിക്ഷാക്കാരൻ:-(അധികാരസ്വരത്തിൽ) തരീനെന്നോ പത്തണയിങ്ങോട്ടു്. അല്ലെങ്കിൽ മേടിക്കാനുള്ള വിദ്യയെനിക്കറിയാം.

സ്ത്രീ കൈവശമുള്ള തുക എണ്ണിനോക്കി. ബസ്സ് ചാർജ്ജുകഴിച്ചു് ആറണ മാത്രമേ ബാക്കിയുള്ളു. അവർ വല്ലാതെ വിഷമിച്ചു. ആ സമയം സമുചിതവേഷം ധരിച്ചു് യോഗ്യനായ ഒരു യാത്രക്കാരൻ അവരുടെ സമീപത്തേയ്ക്കുവന്നു. കാര്യങ്ങൾ ചോദിച്ചു് അയാൾ മനസ്സിലാക്കി.

യാത്രക്കാരൻ:-മതിയെടേ, ഒരു സ്ത്രീയല്ലേ അവർ. അവരോടു കയക്കാതെ ആറണ വാങ്ങിക്കൊണ്ടുപോകൂ. നല്ലകൂലിതന്നെ അവർ തന്നല്ലോ.

റിക്ഷാക്കാരൻ:-(മുഖം കോട്ടിക്കൊണ്ടു്) ഈ ഉത്തരവു കിട്ടാത്ത കുഴപ്പം ആയിരുന്നു ഇവിടെ.

ചുമട്ടുകാരൻ:-എടേ എടേ, മിണ്ടരുതു്. ആൾ ചില്ലറയല്ല, മുഴവനോടെയാ. തലച്ചുമട്ടേ ഇങ്ങോട്ടെഴുന്നള്ളുകയായിരുന്നു.

കൂലിക്കാരൻ:-അശ്ശോടാ, പതുക്കെപ്പറ. ഡിസ്ത്രി മജിസ്രേട്ടാ, ഇപ്പം തന്നെ അറത്തുവെയ്യും.

റിക്ഷാക്കാരൻ:-അതല്ലെടേ,പോലീസ്സൂപ്പരേണ്ടാ. കണ്ടില്ലേ, മുറിമീശേം കോട്ടും കീട്ടുമെല്ലാം.

യാത്രക്കാരൻ വിഷണ്ണനായി. ആ അഭിമാനി ചുററു പാടും നോക്കി. ഉടനേ ഒരു ചെറുപയ്യൻ ഓടിവന്നു് അ യാളോടു പറഞ്ഞു:

പയ്യൻ:-സാറേ സാറേ, ചുമട്ടുകൂലി ബാക്കികൂടിത്ത രണം.

യാത്രക്കാരൻ:-ഏതു ചുമട്ടുകൂലിയെടാ?

പയ്യൻ:-പെട്ടി ചുമന്നതിൻെറ കൂലി. സാറു കള്ളു കുടിച്ചിട്ടുണ്ടോ, തലയ്ക്കു തീരെ വെളിവില്ലേ?

യാത്രക്കാരൻ:-ബോട്ടുജട്ടിയിൽവച്ചു് രണ്ടണയേ ത രികയുള്ളുവെന്നു് ഞാൻ പറഞ്ഞു, അതു തരികയും ചെ യ്തല്ലോ.

പയ്യൻ:-സാർ അങ്ങനെ പറഞ്ഞു, അതിനു ഞാ നെന്തുവേണം?

യാത്രക്കാരൻ:-ഞാൻ തീർത്തുപറകയും നീ സമ്മതി ക്കയും ചെയ്തു.

പയ്യൻ:-വെളച്ചിൽ എടുക്കാതെ ചക്രം തരു സാ റേ, അല്ലെങ്കിൽ മേടിക്കാൻ എനിക്കറിയാം.

റിക്ഷാക്കാരൻ:-ആങ്ഹാ, നെനക്കും കൂലിതന്നി ല്ലേ. എന്നിട്ടാണോ തത്വജ്ഞാനം പറവാൻ ഇവിടെ യെത്തിയതു്? അവന്റെ കൂലികൊടുക്കു സാറേ (സ്ത്രീയോ ടു്) എന്നെ പെമ്പറന്നോത്തി, എൻെറ കൂലി തരു. എ നിക്കു പോയിട്ടു കാര്യമുണ്ടു്.

പയ്യൻ:-എടാ എടാ, പത്തുക്കെപ്പറ. അതാ യൂണിയൻസെക്രട്ടറിയദ്ദേഹം വരുന്നു, അദ്ദേഹം കേട്ടാൽ കൊഴപ്പമാ.

യൂണിയൻസെക്രട്ടറി അവരുടെ അടുത്തെത്തി. സ്ത്രീയും യാത്രക്കാരനും പരമാൎത്ഥങ്ങൾ ആഗതനെ ധരിപ്പിച്ചു. റിക്ഷാക്കാരന് നാലണയും പയ്യന് രണ്ടണയും കൊടുക്കാൻ ആ ന്യായസ്ഥൻ വിധിച്ചു. അങ്ങനെ ആ തൎക്കത്തിനു പരിഹാരമുണ്ടായി.

സ്ത്രീ:-എൻെറസാറേ, നിങ്ങൾ വന്നുചേൎന്നതു ഭാഗ്യം. ഈ കൂലിക്കാർ യാതൊരു വ്യവസ്ഥയും ഇല്ലാതെ യാത്രക്കാരെ വിഷമിപ്പിക്കുക ഒരു പതിവായിത്തീൎന്നിരിക്കുന്നു.

യാത്രക്കാരൻ:-തൊഴിലാളിയൂണിയൻ ഉണ്ട്, സംഘടനയുണ്ട്, നിയമങ്ങൾ ഉണ്ട്; ഇവരുടെ തോന്ന്യാസത്തിന് കുറവില്ലതാനും. ഇതിന് ഒരു പരിഹാരമുണ്ടാക്കണം.

സെക്രട്ടറി:-ഞങ്ങൾ അക്കാൎയ്യമെല്ലാം ആലോചിച്ചുവരികയാണ്.

യാത്രക്കാരൻ:-ഇവർ കൂലികുറയ്ക്കണമെന്നല്ല ഞാൻ പറയുന്നതു്; അതു നേരത്തെ തീരുമാനിക്കയും യാത്രക്കാരോടു മൎയ്യാദയായി പെരുമാറുകയും ചെയ്യേണ്ടതാൽ മതിയായിരുന്നു.

സ്ത്രീ:-ഏതു തൊഴിൽക്കാരനായാലും സത്യവും നീതിയും മനുഷ്യത്വവും ഇല്ലെങ്കിൽ അവൻ പരാജയം അടയുകതന്നെ ചെയ്യും.

സെക്രട്ടറി:-നിങ്ങളുടെ അഭിപ്രായങ്ങൾ വളരെ ശരിയാണ്. അവ ഞാൻ ഞങ്ങളുടെ പ്രസിഡൻറ ശശീന്ദ്രൻെറ ശ്രദ്ധയിൽപ്പെടുത്താം. അപ്പോൾ അതിന് പരിഹാരം ഉണ്ടാകും. അദ്ദേഹം പറയുന്നതു് ഇവക്കെല്ലാം വേദവാക്യമാണ്.

യാത്രക്കാരൻ:-വളരെനന്ദ്. എന്നാൽ ഗുഡ്ബൈ.

## അദ്ധ്യായം പത്തു്

മാരുതൻ:-എടാ കണ്ണാ! നീ ഇന്നു് തങ്കത്തിന്ന പോയിരുന്നോ?

കണ്ണൻ:-പോയിരുന്നു. താനെന്താ പാഞ്ഞെ?

മാരുതൻ:-ഞാൻ പാനൊക്കെ ഒരുങ്ങി. അപ്പം എൻെറ പെമ്പറന്നോത്തിക്കു് ഒരു സോക്കേട്ടു്. ഒരു ഓക്കാനോം ഛത്തീം ഒക്കെ.

കണ്ണൻ:-താൻ വല്ലോം കുരുത്തക്കേട്ട പററിച്ചിട്ടാരിക്കും. അഹ്ഹ!

മാരുതൻ:-എന്തോ, ആക്കറിയാം! തങ്കത്തിൽ ആളന്മാരു ദാരാളം ഒണ്ടാരുന്നോ.

കണ്ണൻ:-ഒണ്ടാരുന്നോന്നു്! കൊച്ചുകുന്നംപൊറം നെറച്ചു്; മണ്ണു നുള്ളിയിട്ടാ താഴാത്തതുപോലെ.

മാരുതൻ:-എന്തോ ഒക്കെ ആരുന്നു ഇന്നത്തെ പെറസംഗം?

കണ്ണൻ:-ആത്തിയം നമ്മടെ കപ്പാനച്ചി ഏതാണ്ടൊക്കെ പിറുപിറുത്തു. അപ്പം ചെലരൊക്കെ ക്രുകി. അതുകഴിഞ്ഞു് പ്രെസേണ്ടു് ശശീന്ദ്രനദ്ദേഹം പെറസംഗിച്ചു. എത്തറ രസികനാരുന്നെന്നറിയാമോ! താൻ കേട്ടില്ലല്ലോ.

മാരുതൻ:-അത്തകം ചീത്ത പറഞ്ഞാക്രുടെ എല്ല...ഇട്ടമാ. അത്തറ യോഗപാനാ അതിയാൻ. എന്തോ എല്ലാമാരുന്നു പെറസംഗം, കേക്കട്ടെ.

കണ്ണൻ:-എല്ലാരും കണിശമായിട്ട് എന്നും വേലയ്ക്കു പോണം. വേലയിൽ കള്ളത്തരം കാണിക്കരുതു്. മൊതലാളിയെ കളിപ്പിക്കാൻ ഒത്തേക്കം. ദൈവത്തിനെ പററിക്കാൻ ഒക്കുകേല്ല.

മാരുതൻ:-അയ്യോടാ, ഇതൊന്നും കേക്കാൻ ഇനിക്ക് ഒത്തില്ലല്ലോ.

കണ്ണൻ:-(പുഞ്ചിരിയോടെ) താൻ പെമ്പറന്നോത്തീടെ വയറും ഒക്കെ തടവിക്കൊണ്ടിരുന്നോ.

മാരുതൻ:-ഓ! കൊച്ചാക്കാതെടാ കൂവേ.

കണ്ണൻ:-'കൊച്ചൊന്നാ'കുമല്ലോ അഞ്ചാറുമാതം കഴീമ്പം.

മാരുതൻ:-അതൊക്കെ സാദാരണയല്ലിയോടാ. പൊറസംഗിച്ചതു പറ.

കണ്ണൻ:-കൂലി ചെരിയായിട്ടു മേടിക്കണം. കള്ളു കുടിക്കാൻ പോകരുതു്. നാലു ചക്കറമെങ്കിലും ദൈവസംതോറും മിച്ചം വയ്ക്കണം. തമ്മിത്തമ്മിൽ ചണ്ടപിടിക്കരുതു്. എല്ലാരും യോശിപ്പായിട്ടിരിക്കണം. എന്നൊക്കെ ബകപങ്ങിയായിട്ടു പലിതോം ചേത്തു പെറസംഗിച്ചു

മാരുതൻ:-എൻെറ കണ്ണാ! അത്തേകം ആളുകണ്ടാത്തന്നെ ഒരു തങ്കക്കൊടം. വത്താനം കേട്ടാൽ എതവനും കുമ്പിടും. തൊഴിലാളികൾക്കു വേണ്ടി എപ്പോഴും കട്ടപ്പെടുകയാ ജോലി. എത്തറ നല്ലമനുഷ്യേൻ!

കണ്ണൻ:-ചുമ്മാതാന്നോ അനവതിലെച്ചം ആളുന്മാരു് അദ്ദേകത്തിനുവേണ്ടി ചാകാൻകൂടെ ഒരുങ്ങി[illegible]ക്കുന്നതു്. നമുക്കെല്ലാം കാണപ്പെടുന്ന ദൈവംതന്നെ [illegible]ന്തിരൻ.

മാരുതൻ:-താൻ ഒരു രകസ്യം കേട്ടോ ക്രുവേ; ശശീന്ദ്രനദ്ദേഹം കല്യാണം കഴിക്കാൻ പോാന്നുപോലും.

കണ്ണൻ:-കൊള്ളാം, വേണ്ടതുതന്നെ. ആരാ ആ പാക്യവതി?

മാരുതൻ:-ആ മാലെച്ച്മി അരിണിക്കുഞ്ഞമ്മ.

കണ്ണൻ:-ബെകുപേഷ്. അവരുതമ്മിത്തന്നെ ചേരണം. എന്നാ അതു നടക്കാൻ എളുപ്പമില്ല.

മാരുതൻ:-അതെന്താക്രുവേ?

കണ്ണൻ:-ആ വാസവനദ്ദേഹം സമ്മതിക്കൂല്ല. ആ തങ്കക്കൊടത്തിനെ ഒരു മൊരളിക്കോ പെരളിക്കോ മറ്റോ പിടിച്ചുകൊടുക്കാൻ പോണെന്നാ ഞാൻ കേട്ടതു്.

മാരുതൻ:-അതൊക്കെ വെറുതെയാടെ. കുഞ്ഞമ്മയ്ക്കു ശശീന്തിരനദ്ദേകത്തിനെയാ ഇട്ടം. അതുതന്നെ നടക്കും.

കണ്ണൻ:-എൻെറ പകവാനെ! അങ്ങനെ സാതിക്കണേ.

മാരുതൻ:-എളുപ്പാ നടക്കും; തന്ത്യകഴിമ്പം ചെല്ലണമെന്നു വാസവനത്തേകം പറഞ്ഞിട്ടൊണ്ടു്.

കണ്ണൻ:-എന്നോടും പറഞ്ഞിട്ടൊണ്ടല്ലോടാക്രുവേ. പൂപ്പള്ളിലല്ലിയോ ചെല്ലേണ്ടതു്?

മാരുതൻ:-അല്ല, ആപ്പീസുകെട്ടിടത്തിൽ. അതു് ഇവിടെ അടുത്താ.

കണ്ണൻ:-തന്നെ കണ്ടതു വല്യകാരിയം. അല്ലേ ഞാൻ വെ[illegible] അങ്ങു പോയേനേം. ഇതാ തന്ത്യയായി. വേകം ന[illegible]

മാ[illegible]നും കണ്ണനും അതിവേഗത്തിൽ നടന്നു. ആ

സാധുക്കൾ വാസവൻെറ പറമ്പുകളിലെ കുടിപാർപ്പുകാരാണ്. സന്ധ്യകഴിഞ്ഞപ്പോൾ അവർ ബാങ്കാഫീസിൽ എത്തി. വാസവൻെറ രണ്ടുമൂന്നു ഭൃത്യന്മാർ പടിക്കൽനിന്നു കുശുകുശുക്കുന്നുണ്ട്. ഉടനേ ആരംഭിച്ച മഴയുടെ ശല്യം ഒഴിക്കാനായി അവരെല്ലാം നിശ്ശബ്ദം കെട്ടിടത്തിൻെറ വരാന്തയിലേയ്ക്കു കയറിനിന്നു. അടുത്തമുറിയിൽ കേട്ട മന്ദഭാഷണം അവരുടെ ശ്രദ്ധയ്ക്കു വിഷയമായി.

മുരളീധരൻ:-എടാ കിട്ടാ, നീ നേരത്തെ ഇങ്ങെത്തിയതു നന്നായി.

കിട്ടൻ:-പിന്നെ, അങ്ങുന്നു തനിച്ചിരുന്ന് വിഷമിക്കുമെന്നെനിക്കറിഞ്ഞുകൂടായോ?

മുരളീധരൻ:-നിന്നെ എനിക്കു നേരത്തെ അറിയാം. നീ ഒരു ചതുരൻ ആണ്.

കിട്ടൻ:-അല്ലേ അല്ല, ഞാൻ ചതുരനല്ല അങ്ങുന്നേ.

മുരളീധരൻ:-എന്തുകൊണ്ടല്ല?

കിട്ടൻ:-ഞാൻ നീളംകൂടിയവനല്ലേ; ചതുരത്തിലാണേ ഇരിക്കുന്നതു്?

മുരളീധരൻ:-ഓഹോ, നീയൊരു അത്ഥകാരൻ. അതു ഞാൻ മനസ്സിലാക്കീട്ടുണ്ട്.

കിട്ടൻ:-ഞാൻ അത്ഥകാരനമല്ല. എനിക്ക് അത്ഥം—ധനം—ധാരാളമുണ്ടെങ്കിൽ ഈ ദാസ്യവൃത്തിക്കു വരുമോ?

മുരളീധരൻ:-എന്നാൽ നീയൊരു രസികൻ[illegible].

കിട്ടൻ:-അതും 'ശരിയല്ല; രസികൻ ഒരു മാസിക

യല്ലയോ? എന്നെ രസികനാക്കി എല്ലാരുംഎടുത്തു വായിക്കാൻ തുടങ്ങിയേച്ചാൽ—

മുരളീധരൻ:-എടാ, ആ പേരു നിനക്കു യോജിച്ചതു തന്നെ. രസികൻമാസിക കൈവശം കിട്ടിയാൽ എല്ലാവക്കും സന്തോഷമായി. അതുപോലെ നീ സമീപത്തെത്തിയാൽ മുഷിയുകയേയില്ല.

കിട്ടൻ:-മുഷിഞ്ഞാൽ കഴകി വൃത്തിയാക്കാമല്ലോ. അഹ് ഹഹാ!

മുരളീധരൻ:-നിന്നോടു ജയിക്കാൻ പ്രയാസം. അളിയൻ വരാൻ താമസിക്കുന്നതെന്തു്?

കിട്ടൻ:-അളിയനോ! ഏതളിയൻ?

മുരളീധരൻ:-നമ്മുടെ വാസവൻ.

കിട്ടൻ:-ഇപ്പൊഴേ അളിയനായിക്കഴിഞ്ഞോ?

മുരളീധരൻ:-എൻെറ ആ സഹോദരൻ ആ സ്ഥാനം എനിക്കു നൽകിക്കഴിഞ്ഞു.

കിട്ടൻ:-വായളിയാ വാ, എന്നു സഹോദരൻ ഇങ്ങോട്ടു വിളിക്കുമ്പോഠം, പോ പളിയാ പോ, എന്നു് സഹോദരി കാൽകൊണ്ടു തൊഴിക്കും. ഞാൻ കണ്ടതല്ലേ!

മുരളീധരൻ:-(വിളറിയ മുഖത്തോടെ) അന്നത്തെ പോരാട്ടം നീ ശരിയായി കണ്ടില്ല. ശശീന്ദ്രനെ ഞാൻ നല്ലകണക്കിനു പ്രഹരിച്ചു.

കിട്ടൻ:-ആ, നല്ലകണക്കിനങ്ങോട്ടു്, നല്ല ഭാഷയ്ക്കിങ്ങോട്ടും, അത്രേയുള്ളു.

മുരളീധരൻ:-അങ്ങനെ അല്ലെടേ; എൻെറ പ്രഹരം ശക്തിമത്തായിരുന്നു.

കിട്ടൻ:-അതേയതേ, "പിടിച്ചു ഞാനവനെന്നെ

ക്കെട്ടി, കൊട്ടത്തു ഞാൻ അവനെനിക്കിട്ടു രണ്ടു്" എന്നു പണ്ടാരാണ്ടു പറഞ്ഞതുപോലെ. അത്രയേയുള്ളൂ.

മുരളീധരൻ:–നല്ല പോരാട്ടമായിരുന്നു കിട്ടാ അതു്. കുറച്ചുദിവസത്തേയ്ക്കു് എനിക്കനങ്ങുവാൻ മേലായിരുന്നു.

കിട്ടൻ:–പിന്നെ, അനങ്ങുകയേ ഇല്ലെന്നായിരുന്നു ഞാൻ വിചാരിച്ചതു്. "കരയുടെ നേരുകൊണ്ടു് പുരയുടെ ചുവരുവെന്തില്ല" എന്നുമാത്രം ഈ കഷ്ടപ്പാടൊക്കെ എന്തിനോ ആവോ.

മുരളീധരൻ:–എൻെറ കിട്ടാ, സാരസ്യം മനസ്സിലാക്കാൻ കഴിവുള്ള നീയിങ്ങനെ പറയുമെന്നു ഞാൻ വിചാരിച്ചില്ല. ആ മനോഹരിയുടെ ദാസിയാകാൻപോലും കൊതിക്കാത്തതാരാണു്? ഹരിണിയേപ്പോലെ ഒരു സുന്ദരി ഈ നാട്ടിലുണ്ടോ?

കിട്ടൻ:–അതൊക്കെ ശരിയാ അങ്ങുന്നേ.

മുരളീധരൻ:–വിശേഷകവശ്യമത്രെ ആ സുകുമാരിയുടെ കോമളമുഖകമലം. വിമലനീലവിലോചനങ്ങൾ സർവ്വാകർഷകമത്രേ. ആ പവിഴാധരപ്രഭ വാക്കിനു വിഷയമേയല്ല. അവയവഭംഗി ആരേയും ആനന്ദസാഗരത്തിൽ ആറാടിക്കും. വീണാനിനദത്തെ ജയിക്കുന്ന ശബ്ദമാധുരിയോ പറയേണ്ടതില്ല. എൻെറ കിട്ടാ അതൊക്കെ ഓർക്കുമ്പോൾ...!

കിട്ടൻ:–എപ്പോഴും വെള്ളം വിഴുങ്ങാം.

മുരളീധരൻ:–(നിരാശയോടെ) നീ പോടാ പോ.

കിട്ടൻ:–അങ്ങുന്നേ, ഞാൻ അഗതിയും ഭൃത്യനും തന്നെ. പക്ഷേ, അഭിമാനം...

മുരളീധരൻ:–അങ്ങനെ പറയാതെ കിട്ടാ: നിന്നെ

ഒരു സഹോദരൻ എന്ന ഭാവത്തിലല്ലേ ഞങ്ങൾ സ്നേഹിക്കുന്നതു്. അളിയൻ വരാൻ താമസിക്കുന്നതെന്താണു്?

കിട്ടൻ:-ഉടൻ വരുന്നതാകും.

മുരളീധരൻ:-കിട്ടാ, ഞങ്ങൾ ചില പ്ലാൻ ഒക്കെ തയാറാക്കാൻ പോകയാണു്. അതിൽ നിന്റെ സഹകരണം ആവശ്യമുണ്ടു്.

കിട്ടൻ:-സഹ ഉപയോഗിക്കാം. കരണത്തിന്റെ കാര്യം—

മുരളീധരൻ:-നീ ഒന്നും പേടിക്കേണ്ടടേ ആകട്ടെ, ഒരുടിൻ സിഗർട്ടു വാങ്ങിക്കൊണ്ടുവാ, ആ വളവിൽക്കൂടെ അങ്ങോട്ടുപോയാൽ മതി.

കിട്ടൻ:-വലിയ വളവിൽക്കൂടെ ആരും പോവാതിരിക്കയാണു നന്നു്.

മുരളീധരൻ:-ഓ, നീ പിന്നെയും അർത്ഥവും വ്യാഖ്യാനവും തുടങ്ങി. (പോക്കററു പരിശോധിച്ചശേഷം) സിഗർട്ടു കുറേയുണ്ടു്. ഇനി ഉടനെ വാങ്ങണമെന്നില്ല. ആ ചുമന്നകുപ്പി നോക്കി ഒന്നിങ്ങു് എടുത്തുകൊണ്ടുവാ.

കിട്ടൻ:-എല്ലാം ചുമന്ന കുപ്പിയാണല്ലോ അങ്ങുന്നേ, അവ ഞാൻ ചുമന്നല്ലേ ഇവിടെ കൊണ്ടുവന്നതു്.

മുരളീധരൻ:-(പുഞ്ചിരിയോടെ) സരസാ, സരസാ. ആകട്ടെ, പറഞ്ഞതു കേൾക്കു.

കിട്ടൻ:-അതാ, ഏമാനൻ വന്നുകഴിഞ്ഞു. ഇനി ഒരുമിച്ചാവാം.

[illegible]ളീധരൻ:-എന്നാൽ അങ്ങനെതന്നെ.

[illegible]ൻ ബദ്ധപ്പെട്ടു നടന്നുവന്നു് ബാരിസ്റ്റർവന്ദ[illegible] പറ[illegible]ശേഷം ഒരു കസാലയിൽ ഇരുന്നു. ആജ്ഞാനു

സാരം കിട്ടൻ കുപ്പികളും ടംബ്ലറുകളും മേശപ്പുറത്തു നിരത്തി. അതിൽ രണ്ടെണ്ണം വാസവൻതന്നെ എടുത്തു കൊണ്ടു വരാന്തയിൽ ചെന്നു് ഭൃത്യന്മാൎക്കു സമ്മാനിച്ചു് ചില ഉപദേശങ്ങളും നല്കിയശേഷം തിരിച്ചുവന്നു് ആസനസ്ഥനായി.

കിട്ടൻ ഉത്സാഹപൂൎവ്വം മദ്യം പാത്രങ്ങളിൽ പകൎന്നു കൊടുക്കുന്ന വേലയിൽ ഏൎപ്പെട്ടു.

മുരളീധരൻ:-(ഒരു പാത്രം കൈയിൽ എടുത്തു ഉയൎത്തിക്കൊണ്ടു്) ഇതു ഞാൻ എൻെറ അളിയൻെറ ആരോഗ്യത്തിനായി കുടിക്കുന്നു.

വാസവൻ:-ഇതു ഞാനും എൻെറ അളിയൻെറ ആരോഗ്യത്തിനായി കുടിക്കുന്നു.

മുരളീധരൻ:-(മറെറാരു പാത്രം എടുത്തിട്ടു്) ഇതു ഞാൻ എൻെറ പ്രാണപ്രേയസിയുടെ ആരോഗ്യത്തിനായി കുടിക്കുന്നു.

വാസവൻ:-എൻെറ പ്രിയതമയുടെ ആരോഗ്യത്തിനായി ഞാനും ഇതു കുടിക്കുന്നു.

മുരളീധരൻ:-കിട്ടാ, ഇന്നത്തെ സപ്ലൈ മുഴുവൻ എൻെറ വകയാണു്; 'ചെന്നതു് ചെലവു്' എന്നാണു ബഡ്ജറു്. ഒരു ലോഭവും കാണിക്കരുതു്.

കിട്ടൻ:-(സവിനയം) അങ്ങുന്നേ കിട്ടൻെറ ആരോഗ്യം—

മുരളീധരൻ:-ശരി, ശരി! അതിനുവേണ്ടി ഓരോ പാത്രവും നിറയ്ക്കൂ. കുടിച്ചുകളയാം.

കിട്ടൻ ഒരു വലിയ ടംബ്ലറിൽ മദ്യം പകൎ[illegible]ത്തു ഉയൎത്തി. "ഇതു് എൻെറ ആരോഗ്യത്തി[illegible] ഞാൻ

കുടിക്കുന്നു." എന്നു പറഞ്ഞു വേഗം ഉള്ളിലാക്കി. "എന്തെടാ കിട്ടാ ഇതു്!" എന്നു ഒരു വികൃതഹാസത്തോടെ വാസവൻ ചോദിച്ചതിനു് "എന്റെ ആരോഗ്യം നിങ്ങൾ കുടിച്ചുകളഞ്ഞാൽ ഞാൻ ക്ഷീണിക്കും." എന്ന മറുപടി കേട്ടു രണ്ടുപേരും ചിരിച്ചു.

എല്ലാവരും ധാരാളം മദ്യം സേവിച്ചു. പ്രാകൃതഭാവങ്ങളും അട്ടഹാസങ്ങളും പ്രകടിതമായി.

മുരളീധരൻ:-നമ്മുടെ അഭിലാഷസാദ്ധ്യത്തിനു ശശീന്ദ്രൻ, ആ ദുർന്നയൻ വിലങ്ങുതടിയായി എപ്പോഴും അനുഭവപ്പെടുന്നു. അതിനു്—

വാസവൻ:-വേണ്ട പ്രതികാര നടപടികളെല്ലാം നാം സ്വീകരിച്ചുകഴിഞ്ഞു. ഓരോന്നും ഉടനെ അനുഭവപ്പെട്ടുകൊള്ളും.

മുരളീധരൻ:-ആ ധൂർത്തൻ എന്നെ അവമാനിച്ചതു് എനിക്കു ചിന്തിക്കുവാൻപോലും സാദ്ധ്യമല്ല.

വാസവൻ:-പ്രതികാരം ഇന്നുതന്നെ നമുക്കു ചെയ്യണം. അതിനല്ലേ നമ്മുടെ ഒരുക്കം. ശശീന്ദ്രൻ പതിവിൻപടി ഉടനേ ഈ വഴിയേ വരും. തല്ലി അവന്റെ എല്ലൊടിക്കണം.

മുരളീധരൻ:-അതേ, അകൃത്യത്തിന്റെ ഫലം ഇന്നു ബോദ്ധ്യപ്പെടണം.

കിട്ടൻ:-കൊല്ലരുതേ! കൊലക്കേസിനു് ഉത്തരം പറയേണ്ടിവരുമേ.

വാസവൻ:-ശരിയാണതു്. തല്ലിക്കൊല്ലാതെ കൊല്ലണം. അതുമതി.

ആടി ആടി മുരളീധരന്റെ തല മേശപ്പുറത്തേയ്ക്കു

ചാഞ്ഞു. വാസവനും കിട്ടനും വരാന്തയിലേയ്ക്കു ഇറങ്ങി. കുടിച്ചു മത്തരായി നില്ക്കുന്ന ഭൃത്യന്മാരെ അവർ കണ്ടു.

വാസവൻ:-കണ്ണനും മാരുതനും എവിടെയെടാ?

ഭൃത്യൻ:-അവരു് കൊറെ നേരം ഇവിടെ നിന്നിട്ടു പോയി.

വാസവൻ:-ആങ്ഹാ! നാളെയാകട്ടെ എല്ലാററിനേം കുടിയിറക്കിയേക്കാം. നിങ്ങഠം കാര്യങ്ങളെല്ലാം മനസ്സിലാക്കിയല്ലോ?

ഭൃത്യന്മാർ:-അഴിഞ്ഞേ അഴിഞ്ഞു! ഇപ്പം ചെഴിയാക്കിയേക്കാം.

വാസവൻ:-ആ ശശീന്ദ്രൻ വരുന്നനേരമായി. ചതച്ചു് ഇഞ്ചയാക്കിവിട്ടേക്കണം.

കിട്ടൻ:-പിന്നെ താളിയാക്കി തലേലെടുത്തു ദൂരെയെറിഞ്ഞേക്കണം.

വാസവൻെറ നിർദ്ദേശമനുസരിച്ചു് ഭൃത്യന്മാർ തയാറായിനിന്നു. റോഡിലെ ലൈററിൻെറ മങ്ങിയ വെളിച്ചം അവരുടെ സാഹസത്തിനു മാർഗ്ഗദർശനം അരുളി. ഉടനേ അതിലെ നടന്നുപോയ ഒരുവനോടു ചോദിച്ചു് ശശീന്ദ്രൻ പിന്നാലെ വരുന്നു എന്നു മനസ്സിലാക്കി. അക്ഷമരായി ഭൃത്യന്മാർ തയാറായിനിന്നു. അപ്പോഠം ഒരാളിൻെറ ധൃതഗതിയിലുള്ള യാത്ര അവർ കണ്ടു. "അതാ വരുന്നു, പിടിച്ചു് നല്ലതു കൊടുക്കിൻ." എന്നു വാസവൻ ആജ്ഞാപിച്ചു.

ഭൃത്യന്മാർ പിശാചുക്കളെപ്പോലെ ഓടിയണഞ്ഞു് ആഗതനെ പിടികൂടി രണ്ടുനാലു പ്രഹരം ഏല്പിച്ചു. "അയ്യോ! ഞാൻ മുരളീധരനാണേ കൊല്ലരുതേ!" എന്നുള്ള

രോദനം അവിടെ മുഴങ്ങി. ഭൃത്യന്മാർ അടിനിർത്തി. നിലം പതിച്ച മുരളീധരൻ, അമ്പരന്നു നില്ക്കുന്ന വാസവൻെറ മുമ്പിൽ ആനീതനായി.

വാസവൻ:-അല്ല! ഈ സമയത്തു നിങ്ങൾ അവിടെ എത്തിയതെങ്ങനെ?

മുരളീധരൻ:-മദ്യം അധികം സേവിക്കയാൽ ഛർദ്ദിക്കേണ്ട ആവശ്യം എനിക്ക് നേരിട്ടു. നിങ്ങളാരും അറിയാതെ ഞാൻ ഒരു ഒഴിഞ്ഞ ഭാഗത്തേയ്ക്കു മാറി.

വാസവൻ-:റോഡിൽ പോയതു്?

മുരളീധരൻ-:അയ്യോ, പൈപ്പിൽനിന്നും വെള്ളമെടുത്തു മുഖം കഴുകാൻ.

കിട്ടൻ:-താൻ കുഴിച്ച കുഴിയിൽ താൻതന്നെ വീഴും.

## അദ്ധ്യായം പതിനൊന്നു്

ഹേഡ്:-ഇതാരു്, വാസവനല്ലേ. എന്താ ഇത്ര ബദ്ധപ്പെട്ടു് ഇങ്ങോട്ട പുറപ്പെട്ടതു്?

വാസവൻ:-ഇങ്ങോട്ട പുറപ്പെട്ടതെന്തെന്നോ? ഈ ദിക്കിൽ താമസിക്കേണ്ട എന്നായി.

ഹേഡ്:-ഈ ദേശത്തിൻെറ അധിനാഥനും മഹാകുബേരനുമായ നിങ്ങഠം ഇപ്രകാരം പറഞ്ഞാൽ?

വാസവൻ:-ഒന്നും പറയാനില്ല, പറഞ്ഞാൽ ഫലവുമില്ല. തൊഴിലാളികളായി, അവരുടെ സംഘടനയായി, അതിൻെറ നായകനായി, ഒക്കെയായി. അവർമാത്രം മേലാൽ ജീവിച്ചാൽ മതി, ഈയുള്ളവർ നാടുവിട്ടു പൊയ്ക്കൊള്ളാം.

ഹേഡ്:-ഹേ, നിങ്ങഠം ഈ പറയുന്നതിൻെറ അത്ഥമൊന്നും എനിക്ക മനസ്സിലാകുന്നില്ല.

വാസവൻ:-എൻെറ കൈവശമുള്ള ഹർജി നിങ്ങളുടെ സംശയം തീക്കും. നിങ്ങഠം എങ്ങോട്ടാണു പുറപ്പെട്ടിരിക്കുന്നതു്?

ഹേഡ്:-കുറച്ചുരൂപയുടെ ഒരത്ത്യാവശ്യം, പെട്ടെന്നുണ്ടായതാണു്. മനുഷ്യത്വവും സ്നേഹവും ഉള്ള ആരെയെങ്കിലും കണ്ടു കാൎയ്യം പറയാം എന്നു വിചാരിച്ചു് ഇങ്ങോട്ടിറങ്ങിയെന്നേയുള്ളൂ.

വാസവൻ:-തുക എന്താണെന്നുകൂടി ഞാൻ ഒന്നു കേഠക്കട്ടെ.

ഹേഡ്:-ഓ, വെറും നിസ്സാരം. നിങ്ങളെ ആരേയും അറിയിക്കത്തക്കവണ്ണം ഒന്നും ഇല്ല.

വാസവൻ:-എങ്കിലും പറയണം.

ഹേഡ്:-ഒരു നൂറുരൂപാ, അത്രേയുള്ളൂ.

വാസവൻ:-പൂപ്പള്ളിലേയ്ക്കു വല്ലവരേം ഒന്നു പറഞ്ഞയയ്ക്കാഞ്ഞതെന്തു്? അല്ലെങ്കിലും നിങ്ങൾക്കു സ്നേഹമില്ല.

ഹേഡ്:-ഹ്ഹഹ! കോഴിയെ കൊല്ലാൻ കുറുംതടി വേണോ? ഈ നിസ്സാരത്തുകയ്ക്കു നിങ്ങളെപ്പോലെയുള്ളവരെ ഉപദ്രവിക്കുന്നതു ശരിയാകുമോ? തന്നെയല്ല, സ്നേഹമുള്ള നല്ലയാളുകളെ ബദ്ധപ്പെടുത്തുന്നതു് എനിക്കിഷ്ടവുമല്ല.

വാസവൻ വേഗം ഒരു നൂറുരൂപാനോട്ടെടുത്തു് ഹേഡ്കാൺസ്റ്റബിളിനു കൊടുത്തു. പിന്നാലെ കൈവശമുള്ള ഒരു ഹർജിയും ഏല്പിച്ചു. നോട്ടു കീശയിൽ ഇട്ടശേഷം ആ പരമാർത്ഥവാദി ഹർജി വായിക്കാൻ തുടങ്ങി. പകുതിയായപ്പോഴേയ്ക്കു് മുഖഭാവം മാറി, നേത്രങ്ങൾ വിടന്നു, മേൽമീശ വിറച്ചു. വായന തീർന്നയുടനെ പറഞ്ഞു:

"അക്രമം, ഭയങ്കരമായ അനീതി, ധാർഷ്ട്യത്തിന്റെ പാരമ്യം, അഹങ്കാരത്തിൻെറ തികച്ചിൽ. നിങ്ങൾ പറഞ്ഞതു ശരി, മുഴുവൻ ശരി, ശരിയിലേക്കും ശരി. ഇതു ക്ഷമിക്കത്തക്കതല്ല. എല്ലാം ഞാൻ—ഈ നിങ്ങളുടെ മിത്രം—നേരെയാക്കിക്കൊള്ളാം."

വാസവൻ:-നിങ്ങളെ എനിക്കു് അത്യധികമായി വിശ്വാസമുണ്ടു്. ആശപോലെ ആദ്യംതന്നെ കാണാൻ

ഇടയായതു ഭാഗ്യം; ഈ ദേശത്തിൻെറ ഭാഗധേയം. ആ തെമ്മാടിയെ ഉടൻ അറസ്റവു ചെയ്യണം.

ഹേഡ്:-അതിനു സംശയമില്ല. പോലീസ്സ്റ്റേഷനിലേയ്ക്കൊന്നു കയറിയാട്ടെ. നമ്മൾ ഒരുമിച്ചു ചെല്ലുന്നതല്ല ഭംഗി. കാര്യം ഞാൻ രസംപിടിപ്പിച്ചുകൊള്ളാം.

വാസവൻ:-വല്യഹേഡ് അവിടെയുണ്ടോ?

ഹേഡ്:-ഉണ്ടു്. അദ്ദേഹത്തിനെ സല്ക്കരിക്കാൻ ഒന്നും ഒരുങ്ങരുതേ; ഒന്നും വാങ്ങുന്നകൂട്ടത്തിലല്ല. വലിയ പണക്കാരൻ. ഇൻസ്പെക്ടർയജമാനനും അതാ വരുന്നു. നിങ്ങൾ നല്ല ശകുനം കണ്ടുകൊണ്ടാണു പുറപ്പെട്ടതു്. വേഗം ചെന്നു് ഹർജി കൈയിൽ കൊടുക്കണം.

വാസവൻ നടന്നു സ്റ്റേഷനിലെത്തി, വന്ദനം പറഞ്ഞു. ഹർജി ഇൻസ്പെക്ടരെ ഏല്പിച്ചു. അദ്ദേഹം അതു വായിക്കുമ്പോഴേയ്ക്കു് വലിയ ഹേഡും സമീപത്തെത്തി.

ഇൻസ്പെക്ടർ:-(ഹേഡിനോടു്) ഹേ, മിസ്റ്റർ നടരാജൻ, ഈ ഹർജി ഒന്നു നോക്കണം. ശശീന്ദ്രൻ ഇദ്ദേഹത്തിൻെറ സഹോദരിയായ ഹരിണിയേയും മാതാവിനേയും അപഹരിച്ചുകൊണ്ടു പോയിരിക്കുന്നു എന്നു്.

നടരാജൻ:-ഏതു ശശീന്ദ്രൻ?

വാസവൻ:-ഏതു ശശീന്ദ്രനെന്നോ? തൊഴിലാളിനേതാവായി അഹങ്കരിക്കുന്ന ആ വലിയ തത്വവാദി.

നടരാജൻ:-ഏയ്, ആ നല്ലമനുഷ്യൻ ഈ ഹീനകൃത്യത്തിനൊരുമ്പെടുമോ?

വാസവൻ:-നിങ്ങൾക്കു സംശയമാണല്ലേ? കൂടുതൽ സൽഭാവം നടിക്കുന്നവരുടെയെല്ലാം പണി ഇങ്ങനെയൊക്കെയാണു്. ഉടൻ നടപടിയെടുക്കണം.

ഇൻസ്പെക്ടർ:-മിനിഞ്ഞാന്നു് ഈ അപഹരണം ന ടന്നതായി ഹർജിയിൽ പറയുന്നു. പിന്നെ ഇത്രയും അ മാന്തിക്കാൻ കാരണം?

വാസവൻ:-ഞാൻ രണ്ടുദിവസമായി ശിവപട്ടണ ത്തായിരുന്നു.

നടരാജൻ:-ഏയ്, ഇന്നലെ പകലേ നിങ്ങളെ ഞാൻ കണ്ടുവെന്നു തോന്നുന്നല്ലോ, നിങ്ങളുടെ ബാങ്കാ ഫീസിൻെറ മുററത്തു്.

വാസവൻ:-അതുശരി. ഇന്നലെ ഉച്ചതിരിഞ്ഞ പ്പോൾ ഞാൻ വന്നു. ഞാൻ ഇവിടെ ഇല്ലാത്തു തക്കംനോ ക്കിയാണു് ആ നന്ദികെട്ടവൻ ഈ ദുഷ്കൃത്യം ചെയ്തതു്. ഞാൻ വീട്ടിലെത്തിയശേഷമേ കാര്യം മനസ്സിലായുള്ളു.

നടരാജൻ:-ഉടനേ അറിവു തരാമായിരുന്നല്ലോ.

വാസവൻ:-ഞങ്ങളുടെ സ്ഥിതിയെപ്പറ്റി ശരിയായ അറിവുകൂടാതെയാണു് നിങ്ങൾ സംസാരിക്കുന്നതു്.

നടരാജൻ:-സ്ഥിതിഗതികളൊക്കെ ഏറെക്കുറെ എനിക്കും അറിയാം. ആ ഭാഗമൊന്നും വിസ്തരിക്കേണ്ട, കാര്യം പറയണം.

വാസവൻ:-ഞാൻ നിങ്ങൾക്കു് അസുഖം ഉണ്ടാക്കി യെങ്കിൽ ക്ഷമിക്കണം. വിവരം അറിഞ്ഞയുടനെ അന്വേ ഷണം നടത്തി. എൻെറ സഹോദരിയേയും മാതാവിനേ യും ഒരു നിസ്സാരൻ അപഹരിച്ചുകൊണ്ടുപോയി എന്നു പുറത്തു അറിയുന്നതു കുറച്ചിലല്ലേ? ഇന്നു കാലത്തുവരെ പല മാർഗ്ഗേണ തിരക്കിനോക്കിയിട്ടും ഒരു തുമ്പും കിട്ടാഴി കയാലാണു ഞാൻ ഇങ്ങോട്ടു പുറപ്പെട്ടതു്.

അല്പസമയത്തേയ്ക്കു് അവിടെ ഒരു മൗനംവ്യാപിച്ചു.

എല്ലാവരും ചിന്താവിഷ്ടരായി സ്ഥിതിചെയ്തു. അപ്പോൾ പുറത്തുപോയിരുന്ന ഹെഡ്കാൺസ്റ്റബിൾ കൗടില്യൻ നടരാജൻെറ സമീപം വന്നുനിന്നുകൊണ്ടു് ഇൻസ്പെക്ടർക്കുടെ കേൾക്കത്തക്കവണ്ണം അല്പം ഉച്ചത്തിൽ പറഞ്ഞു.

കൗടില്യൻ:-പട്ടണത്തിലെല്ലാം ഒരു ബഹളം.

നടരാജൻ:-ബഹളമോ? ആരുതമ്മിൽ?

കൗടില്യൻ:-ശണ്ഠയൊന്നുമല്ല. ഹരിണീദേവിയെ ശശീന്ദ്രൻ തട്ടിക്കൊണ്ടുപോയി, എന്നു് ഒരു വത്തമാനബഹളം.

നടരാജൻ:-അതാ, ഇൻസ്പെക്ടരുടെ അപ്പുറത്തു വാസവനല്ലേ ഇരിക്കുന്നതു്. ഈ ഹർജി നോക്കു.

കൗടില്യൻ:-(ഹർജി വായിച്ചിട്ടു്) അപ്പോൾ, കേട്ടതു ശരിയാണല്ലോ. ഇതു് ഭയങ്കരമായ അനീതി! അക്ഷന്തവ്യമായ അക്രമം. സിംഹത്തിനെ കടുവാ പിടിക്കാൻ തുടങ്ങിയാൽ പിന്നെ പശുക്കുട്ടികളെ ഇട്ടേക്കുമോ?

നടരാജൻ:-(മന്ദസ്വരത്തിൽ പുഞ്ചിരിയോടെ) വലിയ ഗൗരവത്തിൽ ആണെല്ലോ തുടസ്സം. നല്ല കൈമടക്കു കിട്ടിയെന്നു തോന്നുന്നുണ്ടല്ലോ.

കൗടില്യൻ:-(സസ്നേഹം) ഏയ്! ഒന്നുമില്ല. ഉണ്ടെങ്കിൽത്തന്നെ എന്തു്? ഇക്കാലത്തു് ഈ ഇരുപതുരൂപകൊണ്ടു് എങ്ങനെ ചെലവു നടക്കും. സക്കാരിൽനിന്നും നല്ല ശമ്പളം തരട്ടെ. പിന്നെ ഒരു കാശു വാങ്ങിക്കയില്ല.

നടരാജൻ:-അതൊക്കെ ശരി. എന്നാലും കൈക്കൂലി വാങ്ങുന്നവർ എന്നെങ്കിലും കുടുങ്ങും. ഓത്തുകൊള്ളണം.

ഇൻസ്പെക്ടർ:-നാം ഉടനേ എന്താണു ചെയ്യേണ്ടതു്?

കൗടില്യൻ:-ആലോചിക്കാനൊന്നുമില്ല. ശശീന്ദ്രനെ ഉടനേ അറസ്റ്റ് ചെയ്തു് ലാക്കപ്പിലാക്കണം.

നടരാജൻ:-അതൊക്കെ എളുപ്പം കഴിയും. ശശീന്ദ്രൻ ഇന്നു സാമാന്യനായ ഒരു ആൾ അല്ല. ഗൗരവതരമായ പല ഫലങ്ങളും തുടൎന്നു സംഭവിക്കാൻ ഇടയുണ്ടു്.

ഇൻസ്പെക്ടർ:-മിസ്റ്റർ നടരാജൻെറ അഭിപ്രായമാണു ശരി. ശശീന്ദ്രനു് എല്ലാവിധത്തിലും നിസ്തുല്യമായ ഒരു സ്ഥാനമുണ്ടു്.

വാസവൻ:-ഏയ്! ഒരു മണ്ണാങ്കട്ടയുമില്ല. അടുത്തു നോക്കുമ്പോൾ ഉള്ളി പൊളിച്ചപോലെ ഇരിക്കും.

നടരാജൻ:-ഉള്ളി പൊളിക്കുന്നവൻെറ കണ്ണിൽക്കൂടി വെള്ളം ചാടുമെന്നു വാസവനു് അറിയാമോ?

ഇൻസ്പെക്ടർ:-ശശീന്ദ്രൻ നിസ്സാരനായ ഒരു വ്യക്തി അല്ല. വലിയ സ്വാധീനശക്തിയും പ്രഭാവവും അയാൾക്കുണ്ടു്.

വാസവൻ:-(സഗൗരവം) അതുകൊണ്ടു് ഈ മാതിരി അക്രമം കാണിക്കാമെന്നോ? ഇതിൽവച്ചു് ആ ദുൎന്നയനെ മര്യാദ പഠിപ്പിക്കണം. ഇപ്പോൾ ഒരുകക്ഷിയായി നിന്നു ഊൎജ്ജിതമായി പെരുമാറേണ്ട ചുമതല നിങ്ങൾക്കും ഉണ്ടു്.

നടരാജൻ:-ഉം! അതെന്താണു്?

വാസവൻ:-അയാൾ സൎക്കാരിനെതിരായി തൊഴിലാളിപ്രസ്ഥാനം കെട്ടിയുയൎത്തുന്നു. എന്നിട്ടു കലാപത്തിനുള്ള തയാർ എടുക്കുന്നു.

ഇൻസ്പെക്ടർ:-ആ അഭിപ്രായത്തിൽ വലിയകഴമ്പു്

ഒന്നും ഇല്ല. നിങ്ങൾ പുറപ്പെടുവിച്ച ധാരണ വച്ചുകൊണ്ടു സക്കാരിൻെറ നിർദ്ദേശപ്രകാരം കമ്മീഷൻകൂടി ഇടപെട്ടു ഞങ്ങൾ ഗൗരവതരമായ അന്വേഷണം നടത്തിയതാണ്.

വാസവൻ:-എന്നിട്ട്?

ഇൻസ്പെക്ടർ:-ശശീന്ദ്രന്റെ പ്രസ്ഥാനം സക്കാരിന് എതിരായിട്ടുള്ളതല്ലെന്നും പാവപ്പെട്ടവരുടെ രക്ഷയെമാത്രം പരിഗണിച്ചുള്ളതാണെന്നും ബോദ്ധ്യപ്പെട്ടു. അതു തന്നെ.

കൗടില്യൻ:-അതൊക്കെ എങ്ങനെയും ആകട്ടെ. ഇതു ഗൗരവതരമായ ഒരു കേസാണ്. ഉടൻ വേണ്ട നടപടി സ്വീകരിക്കാത്തപക്ഷം നമ്മൾ.....

നടരാജൻ:-ഈ ഘട്ടത്തിൽ സൂപ്രണ്ടിനെ വിവരം ധരിപ്പിക്കണമെന്ന് എനിക്കു തോന്നുന്നു.

വാസവൻ:-അഹ്ഹഹ! ഞാൻ വെറുതേയിരിക്കയല്ല. ഫോൺമൂലം സംഗതി പ്രധാനസ്ഥാനങ്ങളിലൊക്കെ അറിയിച്ചിട്ടുണ്ട്. ഒരു മണിക്കൂർ മുൻപേ സൂപ്രണ്ടിനെ ഫോണിൽ വിളിച്ചു. അദ്ദേഹം സ്ഥലത്തില്ലെന്നും ഉടൻ വന്നെത്തുമെന്നും അറിവു കിട്ടി. ദ്രുതതരമായ നടപടി നടത്താൻ നിങ്ങൾ അമാന്തിക്കയാണെങ്കിൽ...!

അവരെല്ലാംകൂടി അല്പനേരം ആലോചന നടത്തി. കൗടില്യൻെറ അഭിപ്രായങ്ങൾ അവിടെ വിജയം നേടി. അതനുസരിച്ച് അവർ ഏതാനും പോലീസുകാരോടുകൂടി ഒരു ബസ്സിൽ കയറി മജിസ്ട്രേട്ടിൻെറ അടുത്തുചെന്നു. ശശീന്ദ്രനെ അറസ്റ്റ് ചെയ്യാനും വേണ്ടിവരുന്നപക്ഷം

ഭവനപരിശോധന നടത്താനും അധികാരപത്രം വാങ്ങി നേരേ യൂണിയൻ ആഫീസിൽ എത്തി.

സെക്രട്ടറി മാത്രം അവിടെയുണ്ടു്. ശശീന്ദ്രൻ അദ്ദേഹത്തിൻെറ വീട്ടിലാണെന്നും അരമണിക്കൂറിനകം വന്നെത്തുമെന്നും സെക്രട്ടറി ഇൻസ്പെക്ടരെ അറിയിച്ചു. അതിനിടയിൽ കൗടില്യൻ ശശീന്ദ്രൻെറ ആഫീസുമുറി പരിശോധിച്ച് ഒരു കടലാസുകഷണം ഇൻസ്പെക്ടരുടെ അടുത്തു ഹാജരാക്കി.

"ഇതു് ശശീന്ദ്രന്റെ കൈപ്പടമല്ലെ?" എന്നചോദ്യത്തിന് "അതേ, നക്ഷത്രംപോലെ സുന്ദരമായ ആ അക്ഷരം കണ്ടാൽ ആൎക്കും അറിയാം." എന്നു സെക്രട്ടറി മറുപടി നൽകി. സെക്രട്ടറിയെ ദൂരെയാക്കിയശേഷം കൗടില്യൻ ആ ലേഖനം ഇങ്ങനെ വായിച്ചു.

"ഓമനേ! ഞാൻ കാമതാപസന്തപ്തനാണു്. ഊണും ഉറക്കവും ഇല്ലാതെ ഞാൻ വലയുന്നു. കൎമ്മശക്തി എന്നിൽനിന്നു വിട്ടുമാറി. ഞാൻ ഏററവും വിവശനായി. ഭവതിയോടു കൂടാതെയുള്ള ജീവിതം ഇനി എനിക്കു സാദ്ധ്യമല്ല.

ഭവതിയുടെ അവിടെയുള്ള വാസവും ദുരിതകരമെന്നെനിക്കറിയാം. സ്വസഹോദരൻെറ വിപരീതഭാവം ഭവതിയെ വളരെ വിഷമിപ്പിക്കുന്നുണ്ടായിരിക്കണം. അതിനുള്ള നിവൃത്തിമാൎഗ്ഗം ഞാൻ കണ്ടുപിടിച്ചിട്ടുണ്ടു്.

ഇന്നുരാത്രി ഒരുമണിക്കു് ഞാൻ കാറുമായി അവിടെവരാം. എന്നോടു് സ്നേഹത്തിൻെറ കണികയെങ്കിലും ഉണ്ടെങ്കിൽ ഉറങ്ങാതെ കാത്തിരിക്കണം. അവിടെനിന്നും

രക്ഷപെട്ടശേഷം ബാക്കി നടപടികഠം നമുക്കു തീരുമാനിക്കാം. എല്ലാം ഏററവും രഹസ്യമായിരിക്കണം.

എന്നു്, ഭവതിയുടെ വിശ്വസ്തകാമുകൻ (ഒപ്പു്)"

ഇതു ശശീന്ദ്രൻെറ മേശയുടെ കീഴിൽനിന്നു കിട്ടിയതാണെന്നും, അദ്ദേഹം ഹരിണിക്കുകൊടുത്ത അറിയിപ്പിന്റെ പകപ്പാണെന്നതിൽ സംശയിക്കേണ്ടതില്ലെന്നും കൗടില്യൻ കത്തുവായിച്ചുകഴിഞ്ഞശേഷം അഭിപ്രായപ്പെട്ടു.

ഇൻസ്പെക്ടർ ആ അപരാധപ്രമാണം വാങ്ങി വീണ്ടും വായിച്ചുനോക്കി. കൂടുതൽ ചില പരിശോധനകൊണ്ടു് അതു ശശീന്ദ്രൻ എഴുതിയതുതന്നെ എന്നു ബോദ്ധ്യപ്പെടുകയും ചെയ്തു. ആ രേഖ അതുവരെ ശശീന്ദ്രപക്ഷപാതികളായിരുന്ന ഇൻസ്പെക്ടരേയും നടരാജനേയും അഭിപ്രായപരിവത്തനം ചെയ്യിച്ചു. കൃപാ വാങ്ങിക്കൊണ്ടാണെങ്കിലും കാൎയ്യസാദ്ധ്യത്തിനുവേണ്ടി ഉററുശ്രമിക്കുന്ന കൗടില്യൻെറ ബുദ്ധിയെ വാസവൻ അഭിനന്ദിച്ചു. അതോടൊപ്പം കേസിൻെറ വിജയവും ദശിച്ചു. അയാഠം ആനന്ദസമുദ്രത്തിൽ ആറാടി.

ഇതേ സന്ദർഭത്തിൽ സെക്രട്ടറി ഒരു വിശ്വസ്തനെ ശശീന്ദ്രൻെറ അടുക്കലേയ്ക്കു് രഹസ്യമായി ഓടിച്ചു.

അവൻ മാൎഗ്ഗമദ്ധ്യേ ശശീന്ദ്രനെ കണ്ടുകൂടി.

ശശീന്ദ്രൻ:–നീ പരിഭ്രമിച്ചെങ്ങോട്ടാണു സോമാ?

സോമൻ:–(വിറച്ചുകൊണ്ടു്) അയ്യോ, അങ്ങുന്നേ! പോലീസുകാർ യൂണിയനാഫീസ് പരിശോധിക്കുന്നു.

ശശീന്ദ്രൻ:–എന്തിനു്?

സോമൻ:–ആ ഹരിണിക്കുഞ്ഞമ്മയെ അങ്ങുന്നു് അപഹരിച്ചുകൊണ്ടുപോയി എന്നു വാസവനദ്ദേഹം ഹർജി

കൊടുത്തു. അതിൻപ്രകാരം പോലീസുകാർ ഉടനേ അങ്ങന്നിനെ അറസ്ററുചെയ്യുമെന്നും, തല്ക്കാലം അതിൽ പെടാതിരിക്കുവാനായി അങ്ങന്നെങ്ങോട്ടെങ്കിലും പോകണമെന്നും അങ്ങന്നിനെ രഹസ്യമായി അറിയിക്കുവാൻ സെക്രട്ടറിയദ്ദേഹം എന്നെ അയച്ചിരിക്കയാണു്.

ശശീന്ദ്രൻ:-(പുഞ്ചിരിയോടെ) അതെന്തിനു സോമാ! ഇന്നല്ലെങ്കിൽ നാളെ പിടികൂടുകയില്ലേ?

സോമൻ:- അങ്ങനെയല്ല, ഇപ്പോൾ പിടികൊടുക്കരുതു്.

ശശീന്ദ്രൻ:- ആകട്ടെ, നീ പൊയ്ക്കോ.

ശശീന്ദ്രൻ വേഗം നടന്നു യൂണിയനാഫീസിൽ എത്തി. അവിടെനിന്നും എടുത്ത രേഖയൊഴികെ ഹർജിയും മററും ഇൻസ്പെക്ടർ അദ്ദേഹത്തെ കാണിച്ചു. ഉടനേ ശശീന്ദ്രനെ അറസ്ററുചെയ്തു് ഒരു കാറിൽ കയററി പോലീസ്സ്റ്റേഷനിലേയ്ക്കു കൊണ്ടുപോയി.

## അദ്ധ്യായം പന്ത്രണ്ടു്

ശശീന്ദ്രനെ അറസ്ററുചെയ്ത വിവരം വെടിമരുന്നിന്ന തീ പിടിച്ചതുപോലെ ക്ഷണംകൊണ്ടു നാനാദിക്കിലേയ്ക്കും പരന്നു. കേട്ടവർ കേട്ടവർ പോലീസ്സ്റ്റേഷനിലേയ്ക്കു നടന്നുതുടങ്ങി. അതിനേ തചരിപ്പിക്കാൻ ചില ഉത്സാഹികൾ സൈക്കിളിൽ സവാരി ആരംഭിച്ചു.

ഒരുത്സാഹി:-വരീനെടാ, വേഗം വരീനെടാ; എല്ലാരും വരീൻ.

ജനങ്ങൾ:-എങ്ങോട്ടു്? എങ്ങോട്ടു്?

ഉത്സാഹി:-പോലീസ്സ്റ്റേഷനിലേയ്ക്കു്. നമ്മുടെ നേതാവിനെ—ശശീന്ദ്രനെ—അറസ്റ്റ്ചെയ്തു.

ജനങ്ങൾ:-ശശീന്ദ്രനദ്ദേഹത്തെ അറസ്ററുചെയ്തെന്നോ?

ഉത്സാഹി:-അതേ, ശശീന്ദ്രനെ അറസ്ററുചെയ്തു് ലാക്കപ്പിലാക്കി.

ജനങ്ങൾ:-എന്താണു കാരണം? എന്താണു കാരണം?

ഉത്സാഹി:-അദ്ദേഹം മോഷ്ടിച്ചുപോലും!

ജനങ്ങൾ:-എന്തോന്നു്, ചക്കയോ മോഷ്ടിച്ചതു്?

ഉത്സാഹി:- അല്ല, പെണ്ണിനെ. പൂപ്പെള്ളിലെ ഹരിണീദേവിയേയും മററും. വരീൻ, എല്ലാരും ഓടി വരീൻ.

---

ഇപ്രകാരമുള്ള പ്രചോദനം നാനാദിക്കിലും ഉണ്ടായി. "ശശീന്ദ്രൻ കീ ജെയ്, നേതാജി കീ ജെയ്, സത്യം

കീജെയ്, ധർമ്മം കീജെയ്, മഹാത്മജി കീജെയ്" എന്നിങ്ങനെയുള്ള ഘോഷണങ്ങളോടുകൂടി പോലീസ്സ്റ്റേഷനു ചുററും തൊഴിലാളികൾ ചെന്നു കൂടിത്തുടങ്ങി. ആ ഭാവഭേദങ്ങൾ കണ്ടു് ഇൻസ്പെക്ടർ സൂപ്രണ്ടിനു ഫോൺ ചെയ്തു. അദ്ദേഹം അതിവേഗത്തിൽ സ്ഥലത്തെത്തി. സ്റ്റേഷൻമൈതാനം ജനങ്ങളെക്കൊണ്ടു നിറഞ്ഞു. ഈ സമയം ഒരു പോലീസ്കാൺസ്റ്റബിൾ കൈയിൽ ഒരു കാപ്പിപ്പാത്രവുമായി ഗേററിങ്കൽ വന്നെത്തി. കടന്നുപോകുവാൻ വിഷമിക്കയാൽ ആ അധികാരസംവാഹകൻ കോപാകുലനായി.

കാൺസ്റ്റബിൾ:-പോയിനെടാ എല്ലാരും. വയ്യാവേലിക്കു്—പെണ്ണിനെ മോട്ടിച്ചവനു കൂട്ടുനില്ക്കാൻ വന്നിരിക്കുന്നു, എല്ലാരും പോയിൻ.

ഒരാൾ:-എങ്ങോട്ടാ അമ്മാച്ചാ പോകേണ്ടതു്?

കാൺസ്റ്റബിൾ:-നിൻെറ അമ്മേടെ...ഞാൻ പറേണോ, വേഗം ഇവിടെനിന്നു പോയിൻ.

മറെറാരാൾ:-അല്ലെങ്കിലോ?

കാൺസ്റ്റബിൾ:-അല്ലെങ്കിൽ ഞാൻ എല്ലാത്തിനേം അറസ്ററുചെയ്തു് അകത്താക്കും.

വേറൊരാൾ:-അമ്മാച്ചൻെറ അകത്തു് ഇത്രവല്ലരെ സ്ഥലമുണ്ടോ?

നാലാമൻ:-ഉണ്ടെടാ, പേടിക്കണം. ഈ കുടവയർ കണ്ടില്ലേ, ഇതിൽ ഒരുലക്ഷം എണ്ണത്തിനെ അടയ്ക്കാം.

അഞ്ചാമൻ:-എന്നാലും അവസാനിക്കുമോടാ!

കാൺസ്റ്റബിൾ:-നോക്കിനെടാ, തെമ്മാടിത്തരം പറഞ്ഞാലത്തെ ഫലം അറിയാമോ?

ആറാമൻ:—പഴമോ, എന്തറ പലമുണ്ട്?

കാൺസ്റ്റബിൾ:-(ബാററൺതടി ഉയത്തീട്ട്) തെമ്മാടികളെ, എന്റെ കൈയിൽ ഇരിക്കുന്നതു കണ്ടോ?

ഏഴാമൻ:—അതെന്തോവാ, ഈച്ചേ ഓടിക്കാനൊള്ള കോലോ?

എട്ടാമൻ:-അമ്മാച്ചനെന്താ ഇത്തറ കോപം, ഇന്നലെ ഒന്നും കഴിച്ചില്ലേ?

ഒമ്പതാമൻ:- അയ്യടാ, മിണ്ടാതിരിയെടാ.....ഇതാ കൊമ്പൻമീശ വെറച്ചുതുടങ്ങിയെടാ.

കാൺസ്റ്റബിൾ:-പോക്കിരികളെ,നിങ്ങൾ ഇപ്പോൾ എന്നോടു മേടിക്കും!

പലർ:-ഞങ്ങൾക്കും അങ്ങനെതന്നെ തോന്നുന്നു.

ആ രംഗത്തിന്റെ ഭാവം ഭേദിക്കുന്നതു കണ്ട് അല്പം അകലെനിന്നിരുന്ന വിവേകിയും നയജ്ഞനുമായ മറെറാരു കാൺസ്റ്റബിൾ ഓടി അവിടെ എത്തി. ആ തന്ത്രശാലി കൂട്ടുകാരനെ ശാസിക്കയും ജനങ്ങളോടു രഞ്ജന വചനങ്ങൾ ഉപയോഗിക്കയും ചെയ്തുകൊണ്ട് "നിങ്ങൾ ഞങ്ങൾക്കു വഴിതരണം. ഇതു ശശീന്ദ്രനദ്ദേഹത്തിനു കൊടുക്കാനുള്ള കാപ്പിയാണ്." എന്നുപറഞ്ഞു."മാറെടാ, മാറെടാ!" എന്ന പ്രേരണയോടെ ജനങ്ങൾ ഒഴിഞ്ഞുനിന്നു. പോലീസുകാർ നിഷ്പ്രയാസം സ്റ്റേഷനിലും എത്തിച്ചേർന്നു.

അല്പസമയംകൊണ്ട് സ്റ്റേഷൻമൈതാനം മാത്രമല്ല പരിസരപ്രദേശങ്ങൾ മുഴുവൻ ജനനിബിഡിതമായി. എന്നുതന്നെയല്ല, മലവെള്ളംപോലെ തൊഴിലാളികൾ വന്നുകൂടിക്കൊണ്ടുമിരുന്നു. അവരെ പിരിച്ചയയ്ക്കുന്നതിനുള്ള അധികാരികളുടെ ശ്രമം മുഴുവൻ വിഫലമായി,

"ശശീന്ദ്രൻ കീജെയ്, നേതാജി കീജെയ്, സത്യം കീ ജെയ്, ധർമ്മം കീ ജെയ്, മഹാത്മജി കീജെയ്." എന്നുള്ള നൂതനപ്രണവ കീർത്തനങ്ങൾ സർവ്വത്ര മുഴങ്ങി. ആ ശബ്ദസമുച്ചയം ആകാശത്തേയും ഭേദിക്കുമാറു് സർവ്വദാ ഉയൎന്നു. പ്രക്ഷുബ്ധമായ ജനസഞ്ചയത്തിന്റെ മനോഗതി ഏതുതരത്തിൽ തിരിയുമെന്നുള്ള ഭീതിയും അധികാരികളെ ബാധിച്ചു.

അനന്തരകരണീയം എന്തെന്നു ഭയപരവശരായി അവർ ആലോചന തുടങ്ങി. കണ്ണും തകൎക്കുന്ന ജയജയഘോഷത്തിനിടയ്ക്കു കൗടില്യൻ "അതിവേഗം കുറെ പോലീസുകാരേക്കൂടി വരുത്തി ബാററൺ പ്രയോഗം നടത്തിയാൽ ഇവരെ പിരിച്ചയയ്ക്കാം." എന്നു ക്ഷോഭപൂർവ്വം പറഞ്ഞു.

നടരാജൻ "ഇല്ല! ആ സംരംഭം വിജയിക്കയില്ല. പോലീസെന്നല്ല, പട്ടാളം മുഴുവൻ വന്നാൽപ്പോലും ഇവിടെ വിഫലമാകയേ ഉള്ളു." എന്നു ശക്തിപൂർവ്വം പ്രതിഷേധിച്ചു.

തൽക്ഷണം സൂപ്രണ്ടു് "പിന്നെ ഇവിടെ രക്ഷാമാർഗ്ഗം എന്താണു്?" എന്നു് ഉൽക്കണ്ഠാപൂർവ്വം ഒരു ചോദ്യം ഉയൎത്തി.

"എന്താണു കേൾക്കട്ടെ, കേൾക്കട്ടെ!" എന്നു ഇൻസ്പെക്ടർ അക്ഷമനായി ജിജ്ഞാസ പുറപ്പെടുവിച്ചു.

"ജനക്ഷോഭത്തിനു പരിഹാരമുണ്ടാകണമെന്നപേക്ഷിച്ചു് ഗുണശീലനായ ശശീന്ദ്രനെ പുറത്തുകൊണ്ടുവരണം." എന്നു ബുദ്ധിമാനായ നടരാജൻ സ്വാഭിപ്രായം പ്രകടമാക്കി.

ആ അഭിപ്രായം എല്ലാവരും സ്വീകരിച്ചു. ഏതാനും നിമിഷങ്ങൾക്കകം ശശീന്ദ്രൻ പുറത്തുവന്നു. അപ്പോഴും ശാന്തസുന്ദരമായ ആ മഹാനുഭാവൻെറ മുഖകമലം അവിടെ വിളങ്ങി. ജനങ്ങളുടെ ഒത്തൊരുമിച്ച ജയജയ ശബ്ദം അവിടെ മാറെറാലിക്കൊണ്ടു. "ഞങ്ങൾക്കു വാസവനെക്കൂടി—ആ വഞ്ചകനെക്കൂടി ഒന്നു കാണണം." എന്ന് ഏതാനുംപേർ വിളിച്ചുപറഞ്ഞു. ആ ഭൂഭാഗം ഒന്നു കുലുങ്ങുന്നതുപോലെ എല്ലാവക്കും തോന്നി. ശശീന്ദ്രൻെറ സുശക്തകരം മേല്പോട്ട് ഉയന്നു. അതാ! ആ രംഗം ഒന്നുപോലെ പ്രശാന്തമായി.

ശശീന്ദ്രൻ എല്ലായിടത്തും ഒന്നു നോക്കി. "എൻെറ വന്ദ്യ സഹോദരന്മാരെ, സഖാക്കളേ!" എന്ന് സംബോധന ചെയ്യുമ്പോഴേയ്ക്കു് അദ്ദേഹത്തിൻെറ കണ്ഠം ഇടറി. ശബ്ദം തടസ്സപ്പെട്ടു.

വീണ്ടും "പ്രിയപ്പെട്ട സുഹൃത്തുക്കളേ!" എന്ന് വിളിക്കുമ്പോഴേയ്ക്കു് ആ മൃദുഹൃദയൻ സ്തബ്ധനായി.

ജനങ്ങൾ "ശശീന്ദ്രൻ കീജെയ്, ജയ് ജയ്" എന്നിങ്ങനെ ആത്തുവിളിച്ചു. വീണ്ടും കരം ഉയത്തിക്കൊണ്ട് ശാന്തമായ മനുഷ്യസമുദ്രത്തോട് അദ്ദേഹം, "മാന്യരെ, നിങ്ങൾ ഈ എളിയ എന്നിൽ ഉള്ള ബഹുമാനംകൊണ്ടല്ല, സ്നേഹംകൊണ്ടല്ല, കാരുണ്യം നിമിത്തമാണു് ഇവിടെ വന്നുചേന്നതു്" എന്നു പറയുമ്പോഴേക്കു്—

"അല്ല, അല്ല! ബഹുമാനംകൊണ്ടാണു്; ഭക്തികൊണ്ടാണു്" എന്നെല്ലാം ചിലർ ഉച്ചത്തിൽ അഭിപ്രായപ്രകടനം ചെയ്തു. ആ സ്നേഹമൂത്തിയുടെ നേത്രങ്ങൾ ആനന്ദബാഷ്പപൂരിതങ്ങളായി. കൈലേസുകൊണ്ടു് മുഖം തുടച്ചു

ശേഷം ആത്മവീര്യത്തെ പ്രത്യാഹരിച്ചുകൊണ്ടു് ആ ധീര ചിത്തൻ തുടൎന്നു.

ശശീന്ദ്രൻ:-ഞാൻ അഞ്ജലിബന്ധപൂൎവ്വം—സവിന യം—നിങ്ങളോട്ടു് അപേക്ഷിച്ചുകൊള്ളട്ടെ.

ജനങ്ങൾ:-ഞങ്ങൾ കേൾക്കാം. എന്തും അനുസരി ച്ചുകൊള്ളാം.

ശശീന്ദ്രൻ:-ആ വിശ്വാസം എനിക്കുണ്ടു്. എൻെറ ജനങ്ങൾ യാതൊരു ബഹളവും ഉണ്ടാക്കരുതു്. അകൃത്യ ങ്ങൾ ഒന്നും ചെയ്യരുതു്. വാസവനോട്ടു് യാതൊരു ദ്വേഷ വും ഭാവിക്കരുതു്.

ജനങ്ങൾ:-ഇല്ല ഇല്ല! ഈ ആജ്ഞയെ ഞങ്ങൾ പാ ലിച്ചുകൊള്ളാം.

ശശീന്ദ്രൻ:-നമസ്കാരപൂൎവ്വം ഞാൻ അപേക്ഷിക്കു ന്നു, നിങ്ങൾ ശാന്തരായി പിരിഞ്ഞുപോകണം.

ജനങ്ങൾ:-പോകാം, പോകാം. അങ്ങുകൂടെ ഞങ്ങളു ടെ മുൻപേ നടന്നുകൊള്ളണം.

ഉടനേ സൂപ്രണ്ടു് ശശീന്ദ്രൻെറ അടുക്കൽവന്നു് എ ന്തൊക്കെയോ മന്ത്രിച്ചു. അതിനെ ആസ്പദമാക്കി ആ നേ താവു് ജനങ്ങൾക്കൊരറിയിപ്പു നൽകി.

"ഞങ്ങൾ ജാമ്യം അനുവദിക്കുമോ എന്നറിവാനാ യി മജിസ്ട്രേട്ടുകോടതിവരെ പോയിട്ടു വേഗം വന്നെ ത്താം. നിങ്ങൾ ശാന്തരായിരിക്കണം."

"അങ്ങനെതന്നെ_അങ്ങനെതന്നെ," എന്നു് ജന ങ്ങൾ സമ്മതിച്ചു. സൂപ്രണ്ടും ശശീന്ദ്രനും കാറിൽ കയറി. ബഹുമാനപൂൎവ്വം ജയ്‌വിളിയോടുകൂടി ആളുകൾ അവൎക്കു യാത്രാസൗകൎയ്യം നൽകി. അവർ അപ്രത്യക്ഷരായി.

അനന്തരം ഏതാനം പ്രമാണികളുടെ ഉത്സാഹാനുസാരം ജനങ്ങൾ ഒരു പണപ്പിരിവുനടത്തി. ഒരുമണിക്കൂറിനകം കേസിൻെറ ആവശ്യത്തിനെന്നുപറഞ്ഞു് ഇരുപതിനായിരത്തോളം രൂപാ സെക്രട്ടറിയുടെ കൈവശം വന്നുചേൻ.

താമസംവിനാ സൂപ്രണ്ടും ശശീന്ദ്രനും വന്നെത്തി. പണക്കിഴി സെക്രട്ടറി സ്വാമിസന്നിധിയിൽ നിവേദിച്ചു. "അയ്യായിരം രൂപയ്ക്കുപുറമേ രണ്ടു വ്യക്തികളുടെ ബാധ്യതയോടെ എനിക്കു ജാമ്യം അനുവദിച്ചുകിട്ടി. ഇനി നിങ്ങളെല്ലാം ശാന്തരായി പിരിഞ്ഞുപോകണം," എന്നു ശശീന്ദ്രൻ വിളിച്ചറിയിച്ചു. ജനങ്ങൾ ജെയ്‌വിളികളോടുകൂടി സമാധാനപൂർവ്വം അവിടെനിന്നും പിരിഞ്ഞുപോയി.

## അദ്ധ്യായം പതിമ്മൂന്നു്

ശശീന്ദ്രന്റെ പേരിലുള്ള കേസ് സവിശേഷം സർവ്വജനങ്ങളുടേയും ശ്രദ്ധയ്ക്കു വിഷയമായി. പത്രങ്ങൾ വെണ്ടയ്ക്കാ അക്ഷരത്തിലുള്ള തലക്കെട്ടുകളോടുകൂടി ആ കേസുകാര്യ്യങ്ങൾ പ്രസിദ്ധീകരിച്ചുതുടങ്ങി.

ഗവണ്മെന്റിൽനിന്നും ആ കേസിന്റെ ശരിയായ വിചാരണയ്ക്കുവേണ്ടി ഒരു സ്പെഷ്യൽ കോടതിതന്നെ ഏർപ്പെടുത്തി. ഏററവും സത്യസന്ധനും ന്യായസ്ഥനും ധീരശ്ശൂരനും എന്നു് പ്രസിദ്ധികേട്ട ദിവാകരനെ അവിടെ വിപുലാധികാരങ്ങളോടുകൂടി സ്പെഷ്യൽമജിസ്ത്രേട്ടായും നിയമിച്ചു.

പുണ്ണ്യാത്മാവായ ശശീന്ദ്രൻ ഹരിണിയെ അപഹരിച്ചു് ഒളിവിൽ വച്ചിരിക്കയില്ലെന്നു് ആ നാട്ടിലെ ഭൂരിഭാഗം ആളുകളും വിശ്വസിച്ചു. ആ നിലയ്ക്കു് പ്രസ്തുത കേസിൽ സത്യവാനായ ആ ധന്യശീലനു വിജയലബ്ധിയുണ്ടാകണമെങ്കിൽ ഹരിണിയെ കണ്ടുകിട്ടുകതന്നെ വേണമെന്നുകരുതി സകല ജനങ്ങളും അന്വേഷണം തുടങ്ങി. നാടൊട്ടുക്കു വ്യാപിച്ചു നിവസിക്കുന്ന തൊഴിലാളികൾ അവിടെയുള്ള വീടുകളും കാടുകളുംകൂടി, സശ്രദ്ധം പരിശോധനനടത്തിയതിൽ യാതൊരു ഫലവും ഉണ്ടായില്ല. തന്മൂലം നീതിശാലിയായ മജിസ്ത്രേട്ടു് ദിവാകരൻ, നിർഭയം കഠിനമായ ശിക്ഷ ശശീന്ദ്രനു നൽകുമെന്നും അതു് അനിവാര്യ്യമായ ഭാവിഫലങ്ങളെ ഉളവാക്കുമെന്നുംപലരും

ശങ്കിച്ചു. ആകപ്പാടെ ആ അപഹരണക്കേസ് കല്പകശ്ശേരിരാജ്യത്തിൽ വലിയ ഭൂകമ്പത്തിനിടയാക്കിത്തീൎത്തു എന്നു് നിൎവ്വിശങ്കം പ്രസ്താവിക്കാം.

വാശിയുടേയും വൈരാഗ്യത്തിൻേറയും വിളനിലമായ വാസവൻ യഥാവിധി അന്യായം മജിസ്ട്രേട്ടുമുമ്പാകെ കൊടുത്തു. ഇരുഭാഗത്തും പ്രസിദ്ധന്മാരായ അഭിഭാഷകന്മാരും ഏൎപ്പെട്ടു.

ആദ്യദിവസംതന്നെ കോടതി വാദിയായ വാസവൻെറ മൊഴി രേഖപ്പെടുത്തി. അത്യധികം സ്വാധീനശക്തിയുള്ള ശ്ശീന്ദ്രൻ തൻെറ ഏകസഹോദരിയായ ഹരിണിയേയും മാതാവിനേയും അപഹരിച്ചു് ഒളിവിൽ വച്ചിരിക്കുന്നു എന്നും, സങ്കടപരിഹാരമുണ്ടാക്കിത്തരേണമെന്നും വാദി സത്യത്തിന്മേൽ മൊഴികൊടുത്തു. അതിസമൎത്ഥന്മാരായ പ്രതിഭാഗം വക്കീലന്മാർ മറിച്ചും തിരിച്ചും ക്രാസ് നടത്തിയിട്ടും അയാളുടെ മൊഴിയിൽ ഒരക്ഷരംപോലും തെററുവരുത്തുവാൻ കഴിഞ്ഞില്ല. സാക്ഷികളെ വിസ്തരിക്കാനായി കേസ് അടുത്തദിവസത്തേയ്ക്കു മാററിവച്ചു.

അടുത്തദിവസം കോടതികൂടി. പൂപ്പള്ളിയിലെ ഭൃത്യനായ ഒരു വിക്രമനേയും സമീപവാസിയായ ഒരു പാൎത്ഥനേയും വാദിഭാഗത്തുനിന്നും സാക്ഷിസ്ഥാനത്തു് ഹാജരാക്കി. ഒന്നാംസാക്ഷി വിക്രമൻ ഇപ്രകാരം മൊഴികൊടുത്തു.

"പേരു് വിക്രമൻ വിക്രമൻഎന്നാണു്. വയസ്സ് മുപ്പത്തെട്ടുണ്ടു്. ഒരുരൂപയോളം കരംതീരുവയും അഞ്ചൂറുരൂപയ്ക്കു് സ്വത്തും വരും. അഞ്ചെട്ടുവൎഷക്കാലമായിട്ടു്

36272

പൂപ്പള്ളളിൽ അരിവെയ്യാണു ജോലി. ഇതുവരെ ഒരു കേസിലും സാക്ഷിയെഴുതിയിട്ടില്ല. പ്രതിയായ ശശീന്ദ്രനേയും, ഹരിണിയേയും നല്ലപോലെ അറിയാം. കൃത്യം നടന്ന ദിവസം ഗൃഹനാഥനായ വാസവൻ വീട്ടിൽ ഇല്ലായിരുന്നു ഹരിണിയും വാദിയും തമ്മിൽ സഹോദരബന്ധമാണുള്ളതു്. അവർതമ്മിൽ കലഹിച്ചുപോന്നതായി തനിക്കറിവില്ല. ഹരിണിയും മാതാവും ഒരുമുറിയിലാണു കിടക്കാറുള്ളതു്. അതിനുതൊട്ടു് അടുത്ത മുറിയിലാണു് തൻെറ കിടപ്പു്.

"പ്രസ്തുതദിവസം രാത്രി ഒരുമണിക്കു് ഒരുകാർ പടിക്കൽ വന്നുനിന്നു. സ്വതേ ഉറക്കം കുറവുള്ള താൻ കാറിൻെറ ശബ്ദം കേട്ടു് പായിൽനിന്നും എഴുന്നേററു. വന്നതു് ഗൃഹനാഥനായ വാസവൻ ആയിരിക്കാമെന്നു കരുതി വാതിൽ തുറന്നു് പുറത്തുവന്നു. ഉടനേ വണ്ടിയിൽനിന്നും പ്രതിയായ ശശീന്ദ്രൻ ഇറങ്ങിവരുന്നതാണു് കണ്ടതു്. മോട്ടോറിൻെറ തെളിഞ്ഞ ലൈററിൽക്കൂടെ ആൾ ശശീന്ദ്രനാണെന്നു് സ്പഷ്ടമായി അറിയാമായിരുന്നു. അയാളെ കണ്ടു് താൻ ഒഴിഞ്ഞ ഒരു സ്ഥലത്തേയ്ക്കു മാറിനിന്നു. ചന്ദ്രപ്രകാശം നല്ലപോലെ ഉള്ള ഒരു ദിവസമായിരുന്നു അതു്. ശശീന്ദ്രൻ ഹരിണി കിടക്കുന്ന വാതിലിൽ ചെന്നു മുട്ടിവിളിച്ചു. അവൾ ഉറക്കമായിരുന്നോ ഇല്ലയോ എന്നു് നിശ്ചയമില്ല. രണ്ടുമൂന്നു വിളിച്ചപ്പോൾ വാതിൽ തുറന്നു് ഹരിണി പുറത്തുവന്നു. മാതാവും പിന്നാലെ എത്തി. അവർ മൂവരുംകൂടി രഹസ്യമായി എന്തൊക്കെയോ സംസാരിച്ചു. തമ്മിൽത്തമ്മിൽ പരുഷവാക്കുകൾ പറയുന്നു എന്നും എനിക്കു തോന്നി. എൻെറ നില പത്തുപതിനഞ്ചടി

അകലെ ആയിരുന്നതിനാൽ സംസാരിച്ചതു് എന്തൊക്കെയെന്നു് ഞാൻ കേട്ടില്ല. ശശീന്ദ്രൻ അവിടെ സാധാരണ വരാറുള്ള ആളും ആ വീട്ടിൽ വലിയ സ്വാതന്ത്ര്യമുള്ളവനും ആയിരുന്നതിനാൽ ഞാൻ കൂടുതൽ ശ്രദ്ധിക്കയോ സംശയിക്കയോ ചെയ്തില്ല. എന്നെ അവരാരും കണ്ടിരിക്കയില്ലെന്നാണു് വിശ്വാസം. അരമണിക്കൂറോളം കഴിഞ്ഞപ്പോൾ അവർ മൂവരും വണ്ടിയിൽ കയറി. വണ്ടി വളരെ വേഗം പാഞ്ഞുപോയി. അവർ ഉത്സവം കാണാനോ മറേറാ പോയതായിരിക്കുമെന്നും താമസിയാതെ തിരിച്ചുവരുമെന്നും കരുതി ഞാൻ അപ്പോൾ ആരോടും ആ വിവരം പറഞ്ഞില്ല. എനിക്കു് അറിയാവുന്ന വിവരങ്ങൾ ഇത്രയും മാത്രമാണു്."

വിഖ്യാതന്മാരായ പ്രതിഭാഗം വക്കീലന്മാർ വിക്രമനായ ആ സാക്ഷിയെ ക്രാസ്സുചെയ്തു. അവൻ സാത്ഥകനാമാവായിത്തന്നെ വിജയിയായി.

അടുത്ത സാക്ഷിയായ പാത്ഥൻെറ മൊഴി ഇപ്രകാരമായിരുന്നു:

"പേരു് ദേവൻ പാർത്ഥൻ. വയസ്സ് മുപ്പത്തിയേഴ്. കരംതീരുവ 15 രൂപയോളം വരും. ഇരുപതിനായിരം രൂപായുടെ സ്വത്തുണ്ടു്. കടം ഇല്ല. ഇതുവരെ വേറെ സാക്ഷി എഴുതിയിട്ടില്ല. വാദിപ്രതികളെ നല്ലപോലെ അറിയും. അവരോടു് വിശേഷാൽ സന്തോഷമോ വിരോധമോ ഇല്ലതന്നെ. പൂപ്പള്ളിൽനിന്നു നാലു ഫർലാംഗ് അകലെയാണു് വീടു്. അവിടെനിന്നും ഭാര്യവീട്ടിലേയ്ക്കു് ഒന്നരനാഴിക ദൂരംവരും. കൃത്യദിവസംരാത്രി രണ്ടുമണിയോളമായപ്പോൾ ഞാൻ ഭാര്യവീട്ടിലേക്കു പോയി. സിനിമാ

കണ്ടതിനാലാണ് അത്രത്തോളം താമസിച്ചത്. നല്ല നിലാവ് ഉണ്ടായിരുന്നു. ഒരു ഇടവഴിയിലേക്കു തിരിയാറായപ്പോൾ ഒരു കാർ അവിടെ വന്നുനിന്നു. അതിൽനിന്നു മൂന്നുപേർ റോഡിലിറങ്ങി. ഞാൻ അവരെ സൂക്ഷിച്ചുനോക്കി. വിശേഷ വസ്ത്രങ്ങളൊന്നും അവർ ധരിച്ചിരുന്നില്ല. അവർ ശശീന്ദ്രനും ഹരിണീദേവിയും മാതാവും ആണെന്നു മനസ്സിലായി. അവർ എന്നെ കണ്ടില്ല. ഒരു ചെറിയ ഇടവഴിയിലൂടെ അവർ നടന്നു. പിന്നീടുള്ള പോക്കിനെപ്പററി എനിക്ക് അറിഞ്ഞുകൂടാ. ഞാൻ വണ്ടിയുടെ സമീപത്തേക്കു ചെന്നു. അപ്പോൾ ഡ്രൈവർ കാർ തിരിക്കയായിരുന്നു. ആ ആളിനെ ഞാൻ അറിയുകയില്ല. അവർ മൂവരും എവിടെപ്പോകുന്നു എന്ന് ഞാൻ അയാളോടു ചോദിച്ചു. 'മിണ്ടരുത്. ഒരു അപഹരണമാണ്.' എന്നുമാത്രം അയാൾ പറഞ്ഞു. ഇതിൽക്കൂടുതൽ വിവരങ്ങൾ അറിവില്ല."

ആ സാക്ഷിയേയും പ്രതിവക്കീലന്മാർ ക്രാസ് ചെയ്തു. പ്രതിക്ക്, കാര്യമായ ഗുണം ചെയ്യുന്ന മൊഴികൾ ഒന്നുംതന്നെ അവനിൽനിന്നും കിട്ടിയില്ല. അനന്തരം വാദിവക്കീൽ, യൂണിയൻ ആഫീസിൽനിന്നും പോലീസുകാർ കണ്ടെടുത്ത ലേഖനം പ്രതിയെ കാണിച്ച് കൈപ്പട സമ്മതിപ്പിച്ച് കോർട്ടിൽ ഹാജരാക്കി.

അന്ന് വിശേഷവിധിയായി മജിസ്ട്രേട്ട് ആവശ്യപ്പെട്ട പ്രകാരം ശശീന്ദ്രൻ താഴെ പറയുംപ്രകാരം ഒരു സ്റ്റേററുമെൻറ നൽകി.

"ഞാനിപ്പോൾ സംയുക്തതൊഴിലാളി യൂണിയന്റെ വൈസ്പ്രസിഡൻറാണ്. പൂപ്പെള്ളിൽ കുടുംബത്തെ

കുറിച്ചു നല്ലപോലെ അറിയാം. അവിടെ കുറേക്കാലം താമസിച്ചിട്ടുണ്ട്. എല്ലാവരുമായി ഇഷ്ടമാണ്. ഹരിണിയും ഞാനും ഒരേ മീററിംഗിൽ പ്രസംഗിച്ചിട്ടുണ്ട്. വാദിയായ വാസവന് എന്നോട് വിരോധമാണ്. തൊഴിലാളിമുതലാളി പ്രസ്ഥാനത്തിലുള്ള രുചിഭേദമാണ് കാരണം. കൃത്യദിവസം ഞാൻ ഹരിണിയുമായി കണ്ടിട്ടില്ല. ഇപ്പോൾ എന്നെ കാണിച്ച ലേഖനം ഹരിണിക്ക് അയച്ചതിൻെറ പകർപ്പല്ല ഞാൻ ഒരു സാഹിത്യകാരനാണ്. ഈയിടെ എഴുതിക്കൊണ്ടിരുന്ന ഒരു നോവലിൽ, കഥാനായകൻ നായികയ്ക്ക് എഴുതിയതാണ് അത്. ഈ കേസുമായി ആ ലേഖനം ബന്ധിക്കാവതല്ല. ഞാൻ ഹരിണിയേയും മാതാവിനേയും അപഹരിച്ചുകൊണ്ടു പോകണമെന്ന് വിചാരിക്കുകയോ അപഹരിക്കുകയോ ചെയ്തിട്ടില്ല. കൃത്യദിവസം രാത്രിയിൽ ഞാൻ പൂപ്പെള്ളിൽ പോയിയെന്ന് പറയുന്നത് അസത്യമത്രേ. എല്ലാവിധത്തിലും ഈ കേസിൽ ഞാൻ നിരപരാധിയാകുന്നു."

ന്യായാധിപൻ സ്റ്റേററുമെൻറ് വാങ്ങിയശേഷം കുററപത്രം നൽകുന്നതിനെപ്പററി ഇരുഭാഗത്തേയും വാദം കേൾക്കുന്നതിനായി കേസ് അടുത്ത ദിവസത്തേക്കു മാറ്റി.

പിറേറദിവസം കോടതി കൂടി. വലിയ ഒരു ജനക്കൂട്ടം അന്ന് അവിടെ എത്തി. വാദിപ്രതികൾ യഥാസ്ഥാനത്തു നിന്നു. രണ്ടു ഭാഗത്തേയും അഭിഭാഷകപ്രവീണന്മാർ ശക്തിയായ വാദം നടത്തി. അവയെല്ലാം അവധാനപൂർവ്വം മജിസ്ട്രേട്ടു കേട്ടു. അദ്ദേഹം ആലോചനയിൽ മുഴുകി വളരെനേരം സ്ഥിതിചെയ്തു. അനന്തരം ആ ന്യായാധിപൻ, പ്രതിയുടെമേൽ അപരാധം തെളിയുന്നതു

കാരണം പ്രതിക്കു കുററപത്രം കൊടുക്കുന്നു എന്നു് വിധി പ്രസ്താവിച്ചു. അടുത്ത രണ്ടുദിവസം പബ്ലിക്ക് ഒഴിവാകയാൽ മൂന്നാംദിവസം മുതൽ കേസിൻെറ അനന്തരനടപടികൾ തുടരുന്നതാണെന്നു് അദ്ദേഹം എല്ലാവൎക്കും അറിവു നൽകി. വികാരഭരിതരെങ്കിലും ജനങ്ങൾ ശാന്തരായി പിരിഞ്ഞുപോയി.

KOTTAYAM PUBLIC LIBRARY
KOTTAYAM

## അദ്ധ്യായം പതിന്നാല്

"ശശീന്ദ്രന് കുററപത്രം നൽകി"എന്ന സുസ്ഫുടാക്ഷരങ്ങൾ പ്രകാശിപ്പിച്ചുകൊണ്ടാണു് അന്നത്തെ സായന്തനപത്രങ്ങൾപ്രചരിച്ചതു്. ആ വാൎത്താശ്രവണം കല്പകശ്ശേരിരാജ്യത്തെ ആകമാനം ഒന്നു നടുക്കി എന്നുപറഞ്ഞാൽ ലേശം അതിശയോക്തിയാകുന്നതല്ല. കേസ് ശിക്ഷയിൽ വരുമെന്നും, തുടൎന്നുണ്ടാകുന്ന പ്രക്ഷോഭം അനിവാൎയ്യമായിരിക്കുമെന്നും ചിന്താശീലന്മാർ ഭയപ്പെട്ടു. ഏതെങ്കിലുംവിധത്തിൽ വാസവനെക്കൊണ്ടു് കേസ് പിൻവലിപ്പിക്കുവാനുള്ള വിഫലശ്രമങ്ങളും ചില പ്രമാണികൾ നടത്താതിരുന്നില്ല.

കുററപത്രം കൊടുത്തതിൻെറ പിറേറദിവസം ഉച്ച കഴിഞ്ഞു് ഹരിപുരം മഹിളാസംഘം സെക്രട്ടറി ദാക്ഷായണി, ശശീന്ദ്രൻെറ സന്നിധിയിൽ എത്തി. ആ പ്രൗഢാംഗനയുടെ കോമളമുഖം കൂടുതൽ തുടുത്തു്, ഘൎമ്മസ്വേദബിന്ദുക്കൾ നിറഞ്ഞു് ദയനീയമായിരുന്നു.

ദാക്ഷായണി:- ശശീന്ദ്രാ, കാൎയ്യങ്ങൾ കുഴപ്പത്തിലേയ്ക്കു വരുന്നല്ലോ.

ശശീന്ദ്രൻ:- നാം എന്താണു ചെയ്യേണ്ടതു്?

ദാക്ഷായണി:-ഹരിണിയെ കണ്ടുപിടിക്കുന്നതിലാണു നമ്മുടെ വിജയം നിലകൊള്ളുന്നതു്. പക്ഷേ, ആ മനസ്വിനി ഈ കല്പകശ്ശേരിരാജ്യത്തിൽ ഇല്ലതന്നെ.

ശശീന്ദ്രൻ:-എൻെറ സുഹൃത്തുക്കളുടെ ശ്രമങ്ങൾ ഞാൻ അറിയുന്നുണ്ടു്.

ദക്ഷായയണി:-മുരളീധരനെപ്പററി എന്തെങ്കിലും വിവരങ്ങഠം ലഭിച്ചിട്ടുണ്ടോ?

ശശീന്ദ്രൻ:-അയാഠം സിലോണിലേയ്ക്കുപോയി എന്നാണു കേഠംവി.

ദാക്ഷായണി:-വാസവൻ ഗൂഢതന്ത്രങ്ങഠം പ്രയോഗിച്ച് ഹരിണിയേയും അയാളോടൊന്നിച്ച് അയച്ചു എന്നും പ്രസ്താവമുണ്ട്.

ശശീന്ദ്രൻ:-(ദീർഘനിശ്വാസത്തോടെ) അപ്രകാരം സംഭവിച്ചുകൂടാ എന്നില്ല.

ദാക്ഷായണി:-അതേപ്പററി സിലോണിൽ ഒരന്വേഷണം നടത്താവതല്ലേ?

ശശീന്ദ്രൻ:-ഏയ്, അതൊന്നും എളുപ്പമുള്ള കാര്യമല്ല.

ദാക്ഷായണി:-ഇനി ഞങ്ങളെല്ലാം ഇക്കാര്യത്തിൽ ചെയ്യേണ്ടതെന്തെന്നുകൂടി അനുശാസിക്കണം.

ശശീന്ദ്രൻ:-എൻെറ അപേക്ഷ നിങ്ങഠം സ്വീകരിക്കുമോ?

ദാക്ഷായണി:-എന്താണതിൽ സംശയം? അങ്ങേയ്ക്കുവേണ്ടി അനവധിലക്ഷം ജനങ്ങഠം ജീവൻ വെടിയാൻപോലും തയാറായി നില്ക്കുന്നു.

ശശീന്ദ്രൻ:-ശരി, എന്നാൽ കേസ് വിധിപറയുന്ന ദിവസം വലിയ ആഠംക്കൂട്ടം ഇവിടെ ഉണ്ടാവാതിരിക്കാനായി വേണ്ട ഇടപാടുകഠം ഓരോ സംഘങ്ങളിലും ചെയ്യണം. കൂടാതെ എന്നെ ശിക്ഷിക്കുന്നപക്ഷം നമ്മുടെ ആളുകഠം യാതൊരുവിധത്തിലും പ്രകടനങ്ങളോ ബഹള

ങ്ങളോ നടത്താതിരിക്കാൻ ഊർജ്ജിതപ്രവൎത്തനം നടത്തണം; ഇത്രമാത്രം.

ആ രാജ്യസ്നേഹിയുടെ സൗമ്യോക്തികൾ കേട്ട് ആ പ്രൗഢാംഗനാമണി, ബാഷ്പപൂരിതങ്ങളായ നേത്രങ്ങൾ തുടച്ചു. ആ സമയം ശശീന്ദ്രന്റെ വക്കീൽ അവിടെ കടന്നുവന്നു. ആസനസ്ഥനായശേഷം അയാൾ പറഞ്ഞു:

വക്കീൽ:-സുഹൃത്തേ, ഈ മൗനം ഇനി നല്ലതാണോ?

ശശീന്ദ്രൻ:-ഞാൻ എന്താണു ചെയ്യേണ്ടതു്?

വക്കീൽ:-മററന്നാൾ കോർട്ടിൽ കൊടുക്കുവാൻ വേണ്ട തെളിവുകൾ ശേഖരിക്കണം.

ശശീന്ദ്രൻ:-ഏതുവിധമെന്നുകൂടി പറയണം.

വക്കീൽ:-കൃത്യം നടന്നുവെന്നു പറയുന്ന രാത്രി ഏതെങ്കിലും ഒരു വിദൂരസ്ഥലത്തു് നിങ്ങൾ സംഘടനാശ്രമങ്ങൾ ചെയ്കയായിരുന്നു എന്നുള്ളതിന് അവിടത്തെ സംഘത്തിൽ റിക്കാർഡ് ഉണ്ടാക്കുകയും, അപ്രകാരം രേഖ കാണിച്ചു് തൽഭാരവാഹികൾ മൊഴി കൊടുക്കയും വേണം.

ദാക്ഷായണി:-ശശീന്ദ്രനുവേണ്ടി ആ ജോലി ഞങ്ങൾ നിൎവ്വഹിക്കാം.

വക്കീൽ:-കൂടാതെ ആ രാത്രി വാസവൻ ഹരിണിയേയും മാതാവിനേയും ഒരു കാറിൽക്കയററി കൊണ്ടുപോകുന്നതു കണ്ടതായി മൂന്നുനാലു പ്രബലസാക്ഷികൾ കോർട്ടിൽവന്നു പറയണം.

ശശീന്ദ്രൻ:-ഇതെല്ലാം സത്യവിശ്വാസത്തിന്മേൽ നടത്താൻ കഴിയുമോ?

വക്കീൽ:-സത്യം, നിങ്ങളുടെ സത്യം! സത്യവുംകൊണ്ടിരുന്നാൽ കേസു ജയിക്കുമോ?

ശശീന്ദ്രൻ:-വേണ്ടാ, വേണ്ട. അസത്യംകൊണ്ടു ലഭിക്കുന്ന വിജയത്തേക്കാൾ സത്യം ദീക്ഷിച്ച് ഉളവാകുന്ന പരാജയമാണെനിക്കിഷ്ടം.

വക്കീൽ കുപിതനായി അവിടെനിന്നും ഇറങ്ങിപ്പോയി. ദാക്ഷായണിയും സങ്കടപൂർവ്വം യാത്രപറഞ്ഞു. "സത്യത്തിലും ധർമ്മത്തിലും വിശ്വസിച്ച് ദൈവത്തെ ശരണം പ്രാപിക്കുക." എന്ന സന്ദേശം കൊടുത്ത് ആ മഹാമനസ്കൻ ആ സ്ത്രീയെ അയച്ചു.

അടുത്ത കോടതിദിവസം ന്യായാധിപനും കക്ഷികളും വക്കീലന്മാരും ഹാജരായി. ഒരു മ്ലാനത പ്രതിഭാഗത്തു ദൃശ്യമായി. വിശേഷവിധിയായി യാതൊരു തെളിവുകളും പ്രതിഭാഗത്തുനിന്നും നൽകിയില്ല. ന്യായാധിപൻ ഹിയറിംഗിനായി അഭിഭാഷകന്മാരെ ക്ഷണിച്ചു. വാദിവക്കീലന്മാർ പ്രതി കുററക്കാരനെന്നതിനു ധാരാളം തെളിവുകൾ മജിസ്ട്രേട്ടിൻെറ മുമ്പാകെ നിരത്തി. പ്രതിഭാഗം വക്കീലന്മാരും അവക്കു കഴിയുന്നവിധത്തിൽ ഏതാണ്ടൊക്കെ പറയാതിരുന്നില്ല. ന്യായാധിപൻ ആ വാദങ്ങൾ എല്ലാം കേട്ടശേഷം അടുത്തദിവസം കേസ് വിധി പറയുന്നതാണെന്നു പ്രസ്താവിച്ചു.

അപരവാസരപ്പുലരി നിഷ്പ്രഭം വന്നണഞ്ഞു. അരുണദേവൻ പ്രസാദഹീനനായി കാണപ്പെട്ടു. കാററു ചലിച്ചില്ല. വൃക്ഷലതാദികൾ നിശ്ചലതയെ സ്വീകരിച്ചു. ഒരു ഭീകരാവസ്ഥ പ്രകൃതി കൈക്കൊണ്ടു.

മണി പതിനൊന്നടിച്ചു ന്യായാധിപൻ കോടതി

യിൽ എത്തി. വാദിപ്രതികൾ യഥാസ്ഥാനത്തു നിന്നു. വക്കീലന്മാർ പുരോഭാഗത്തു നിരന്നു. പോലീസ് സൂപ്രണ്ടു് ഒരു വലിയ സൈന്യസമേതം ഹാജർ കൊടുത്തു. ശശീന്ദ്രന്റെ നിയന്ത്രണത്തേയും അതിലംഘിച്ചു് വലിയ ജനക്കൂട്ടം ചുററുപാടും വന്നുകൂടി. മൗനവും ശാന്തതയും സർവ്വത്ര നടമാടി.

ന്യായാധിപൻ വിധിപത്രികയോടുകൂടി എഴുന്നേററു. ഏതാനും വിശദീകരണങ്ങൾക്കുശേഷം അദ്ദേഹം തുടന്നു: "വാദിഭാഗത്തുനിന്നും പ്രതി കുററക്കാരനെന്നു തെളിയിച്ചു. എന്നാൽ പ്രതിഭാഗത്തിനു് അവയെ ദുർബലപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

"പ്രതിയുടെ— ശശീന്ദ്രന്റെ— വ്യക്തിമാഹാത്മ്യത്തേയും സ്വഭാവഗുണത്തേയും ഞാൻ പരിഗണിക്കുന്നുണ്ടു്. പക്ഷേ, അവ ഈ കേസിൽ അനുകൂലഫലം നൽകാൻ ശക്തങ്ങളല്ല. ആകപ്പാടെ പ്രതി കുററക്കാരനെന്നു ഞാൻ കാണുന്നു. അതുകൊണ്ടു്..." ന്യായാധിപൻ മ്ലാനവദനനായി ചുററുപാടും നോക്കി. അപ്പോഴും ശാന്തസുന്ദരമായ ശശീന്ദ്രന്റെ മുഖകമലം അദ്ദേഹം കണ്ടു.

അതേ സമയം "ഹരിണീദേവി കീ ജയ്, സത്യം കീജയ്, ധർമ്മം കീജയ്" എന്നുള്ള ഉച്ചപ്രഘോഷണം വെളിയിൽ കേട്ടു. സാദരം ജനങ്ങൾ ബദ്ധപ്പെട്ടു് ഒഴിഞ്ഞു നൽകുന്ന മാർഗ്ഗത്തിലൂടെ ഓടിയ ഒരു കാർ കച്ചേരിയുടെ മുററത്തെത്തി. ശ്രീദുർഗ്ഗയോ എന്നു് സംശയിക്കത്തക്ക ഒരു ദിവ്യരൂപം താഴെ അവതരിച്ചു് കോടതിയിലേയ്ക്കു് ഓടി അണഞ്ഞു. രംഗസ്ഥർ "ഹരിണി! ഹരിണി! എന്നു്" ഉൽഘോഷിച്ചു. ആ ധന്യരൂപിണി ന്യായാ

ധിപസന്നിധിയിൽ ആഗതയായി. എല്ലാവരും ആശ്ചര്യ്യപ്പെട്ടു.

ന്യായാധിപൻ:-(ആശ്വാസപൂർവ്വം) ഭദ്രേ! ഹരിണി! ഭവതി തക്കസമയത്തു വന്നുചേർന്നു. എനിക്കു ഗുരുതാപവും ദൈവാധീനവും ഉണ്ട്.

രംഗസ്ഥർ:-ശരിയാണ്, മററു ചിലക്കും കൂടെ.

ന്യായാധിപൻ:-ഇവിടെ നടക്കുന്ന കേസിനെപ്പററി ഭവതി ഏതാനുമെല്ലാം ധരിച്ചു കാണുമെന്ന് ഈ ആഗമനംമൂലം എനിക്കു വിശ്വസിക്കാമല്ലോ?

ഹരിണി:-തീവണ്ടിയിൽ വച്ച് അല്പം ചില വിവരങ്ങൾ എനിക്കു കിട്ടി. റയിൽവേസ്റ്റേഷനിൽ എത്തിയ സമയം ബാക്കികൂടി ധരിച്ചു, കാറിൽ ഇങ്ങോട്ടു പുറപ്പെട്ടുകയായിരുന്നു.

ന്യായാധിപൻ:-സത്യസമേതം ഏതാനും ചില വിവരങ്ങൾ ഭവതിയിൽനിന്നും എനിക്കു കിട്ടേണ്ടിയിരിക്കുന്നു. ഭവതിയെ ശശീന്ദ്രൻ അപഹരിച്ചു കൊണ്ടുപോയി എന്നുള്ളതു ശരിയാണോ?

ഹരിണി:-അപഹരിച്ചു എന്നുള്ളതു ശരി! സത്യം!

ന്യായാധിപൻ:-ശശീന്ദ്രൻ അപഹരിച്ചു എന്നുള്ളതു ശരിയോ? തെളിച്ചു പറയൂ.

ഹരിണി:-അതേ. പക്ഷേ, എൻെറ മനസ്സിനെയാണ് അപഹരിച്ചതു്. അതുപോലെ അനവധി ലക്ഷം സാധുക്കളുടെ ഹൃദയം ഈ ത്യാഗിവര്യൻ അപഹരിച്ചിട്ടുണ്ട്. കൂടുതൽ എന്നോടു ചോദിക്കയില്ലെങ്കിൽ—എൻ്റെ ഈ സഹോദരൻെറ സമ്മതത്തോടുകൂടി ഒരു മുരളീധരൻ സൃഷ്ടിച്ച ആപൽഗർത്തത്തിൽ നിന്നുകൂടി ഈ മഹാന

ഭാവൻ എന്നെ അപഹരിച്ചു. പക്ഷേ, ഒരു കാറിൽ കയററി എന്നെ എൻെറ വീട്ടിൽ കൊണ്ടുചെന്നു എത്തിക്കയാണു ചെയ്തതു്. അതല്ലാതെ എൻെറ ശരീരം അപഹരിക്കാൻ ഇദ്ദേഹം ചിന്തിക്കപോലും ചെയ്തിട്ടില്ല എന്നു് അറിയിക്കുവാൻ എനിക്കു സന്തോഷമുണ്ടു്.

ന്യായാധിപൻ:-എന്നാൽ ഭവതിയുടെ ഈ തിരോധാനകഥകൾ ഒന്നു വിവരിക്കുകതന്നെ.

ഹരിണി:-കഴിഞ്ഞ മാസം ഇരുപത്തിയാറാംതീയതി രാത്രി ഏകദേശം പത്തുമണിയായപ്പോൾ എൻെറ വലിയ അമ്മാവനും ഈ നില്ക്കുന്ന സഹോദരനും കൂടി വീട്ടിൽ വന്നു. വൃദ്ധമാതുലൻ രാമേശ്വരം കാശി മുതലായ പുണ്യസ്ഥലങ്ങളിലേയ്ക്കു യാത്രപുറപ്പെടുന്ന വേഷത്തിലാണു വന്നതു്. ഉടനേ എൻെറ മാതാവു് അദ്ദേഹത്തെ പിൻതുടരുവാൻ ഔത്സുക്യം പ്രദർശിപ്പിച്ചു. പുണ്യതീർത്ഥം ആടുവാൻ കൗതുകമുള്ള ഞാൻകൂടെ ചെല്ലുന്നതിൽ സന്തോഷവും പുറപ്പെടുവിച്ചു.

ന്യായാധിപൻ:-അക്കാര്യത്തിൽ ഈ വാസവൻെറ അഭിപ്രായം എന്തായിരുന്നു?

ഹരിണി:-പറയാം. "കുഞ്ഞേ ഹരിണി! നിനക്കു ഇപ്പോൾ അത്യന്തം ഗ്രഹപ്പിഴയുള്ള കാലമാണു്. നിൻെറ ജാതകം നോക്കി ഒരു വലിയ ജോത്സ്യൻ ഇന്നലെ എന്നോടു്, അങ്ങനെ പറഞ്ഞു. അതിൻെറ ശാന്തിക്കു ഈ തീർത്ഥാടനം സഹായമായിരിക്കും. നീ കൂടി പോവുകതന്നെ വേണം" എന്നെല്ലാം എൻെറ സോദരൻ എന്നെ നിർബ്ബന്ധിച്ചു.

ന്യായാധിപൻ:-ഉം, ശരി, ശരി! അതിൽ ചില ഉദ്ദേശ്യങ്ങളെല്ലാം കാണണം. എന്നിട്ട്?

ഹരിണി:-വാവുദിവസം രാമേശ്വരത്ത് എത്താൻ അന്നു പുറപ്പെടേണ്ടത് അത്യാവശ്യമായിരുന്നതിനാൽ ഞങ്ങളെല്ലാം യാത്ര ഒരുങ്ങി. രണ്ടു ഭൃത്യന്മാരോടുകൂടി അന്നു രാത്രി നാലരയ്ക്കുള്ള എക്സ്പ്രസ്സിൽ ഞങ്ങൾ സ്ഥലം വിട്ടു.

ന്യായാധിപൻ:-നിങ്ങൾ കാശിയിലേയ്ക്കു പോയില്ല, ഉവ്വോ?

ഹരിണി:-ഉദ്ദേശം ഒരു മൂന്നു മാസത്തേക്കെങ്കിലുമുള്ള യാത്രാപരിപാടികളോടുകൂടിയാണു ഞങ്ങൾ പുറപ്പെട്ടത്. റയിൽവേ പണിമുടക്കുഭീഷണി അതിനു ബാധകമായി വന്നു.

ന്യായാധിപൻ:-അതുകൊണ്ടായിരിക്കാം ഭവതി ഉടനടി തിരിച്ചു പോന്നത്.

ഹരിണി:-മറെറാരു കാരണം കൂടിയുണ്ട്. മിനിഞ്ഞാന്ന് ഞാൻ ഞങ്ങൾ താമസിക്കുന്ന സത്രത്തിൻെറ വരാന്തയിൽ നില്ക്കുമ്പോൾ, അവിടെ അപ്പോൾ വന്നുചേന്ന ഒരാളിൻെറ പക്കൽ ഒരു മലയാളരാജ്യം കണ്ടു. അതിലെ ചില വലിയ അക്ഷരങ്ങൾ എൻെറ ശ്രദ്ധയെ ആകഷിച്ചു. ആ പത്രം വാങ്ങി വായിച്ചതിൽനിന്നും ഇവിടെ നടക്കുന്ന സംഭവങ്ങളുടെ ഏതാനും രൂപങ്ങൾ മനസ്സിലായി.

രംഗസ്ഥർ:-അതെല്ലാം ദൈവഗതിയെ തെളിയിക്കുന്നു.

ഹരിണി:-അതേ! ഉടനെ സംഗതികൾ മാതാവിനെ

ധരിപ്പിച്ചശേഷം കഴിയുന്ന വേഗം ഇങ്ങോട്ടു പുറപ്പെട്ടു. ഈശ്വരകൃപയാൽ തക്കസമയം തന്നെ ഇവിടെ വന്നെത്തുകയും ചെയ്തു.

ഹരിണിയുടെ ഈ വിവരണംകേട്ട് വാസവൻ ഹതബോധനായിനിലംപതിച്ചു. മജിസ്ട്രേട്ടിൻെറ ആജ്ഞപ്രകാരം വേഗം അയാളെ മററൊരു സ്ഥലത്തേയ്ക്കു മാററി.

സന്തുഷ്ടനായ ന്യായാധിപൻ, കേസിൻെറ പരമാത്ഥത ഇപ്പോഠം മനസ്സിലായിരിക്കുന്നുവെന്നും ദ്രോഹബുദ്ധിയോടെ കള്ളക്കേസ്സു കൊണ്ടുവരികയും അതിനനുസരിച്ചു് സാക്ഷിപറകയും ചെയ്ത വാദിയുടെയും, സാക്ഷികളുടെയും മേൽ സത്വരനടപടികഠം എടുക്കുന്നതാണെന്നും പ്രതിയായ ശശീന്ദ്രൻ നിർദ്ദോഷിയെന്നു് വിധി കല്പിക്കുന്നു എന്നും അവിടെ പ്രഖ്യാപനം ചെയ്തു.

ആ വിവരം അറിഞ്ഞ ജനസഞ്ചയം ഹർഷാരവം മുഴക്കി. ന്യായാധിപൻെറ അഭിപ്രായം അറിഞ്ഞു് ശശീന്ദ്രൻ ജനാവലിക്കു പ്രത്യക്ഷനായി. ജയജയഘോഷം മുഴക്കിയശേഷം ശാന്തരായ അവരോട്, തൊഴുകൈയോടെ ആ സാധുഃസ്നേഹി പറഞ്ഞു:

"ഈശ്വരകാരുണ്യംകൊണ്ടു് സത്യം യഥാസമയം വെളിപ്പെട്ടു. ദൈവഗതിക്കൊപ്പം നിങ്ങളുടെയെല്ലാം ആശംസകൂടി അതിനു സഹായകമായി തീൎന്നിരിക്കുമെന്നു് ഞാൻ വിചാരിക്കുന്നു. വീണ്ടും വീണ്ടും ഞാൻ നന്ദിപ്രകടിപ്പിച്ചുകൊള്ളട്ടെ. ഇക്കായ്യത്തിൽ നാം ആരോടും പരിഭവിക്കേണ്ടതില്ല. പരമാത്ഥദൃഷ്ടി ഉപയോഗിക്കുവാൻ കഴിയുമെങ്കിൽ ആരും ആരോടും ഒന്നും ചെയ്യുന്നില്ലെന്നു

കാണാം. വിധിവിഹിതം നടക്കുന്നു എന്നുള്ളതാണ് വാസ്തവം.

"ഏതു വിഷമങ്ങൾ നേരിട്ടാലും മനസ്സ് കലുഷമാകാതെ സത്യത്തിൽ മുറുകെപ്പിടിച്ച് സർവ്വവും ജഗദീശനുകലേയ്ക്കു സമർപ്പിക്കയാണ് വിജയലാഭത്തിനുള്ള മാർഗ്ഗം. ഒന്നുകൂടി നിങ്ങൾക്കെല്ലാം ഞാൻ സാദരം നന്ദിപറഞ്ഞുകൊള്ളുന്നു. ശാന്തരായി സന്തോഷപൂർവ്വം പിരിഞ്ഞുപോവുക."

## അദ്ധ്യായം പതിനഞ്ചു്

ഭരതൻ:-എന്താ ആനന്ദാ! തനിക്കു് ഇന്നു് ഇത്ര വലിയ സന്തോഷം? ശശീന്ദ്രൻെറ വിജയത്തെക്കുറിച്ചു് ചിന്തിച്ചിട്ടായിരിക്കും അല്ലേ?

ആനന്ദൻ:-അക്കാൎയ്യത്തിൽ ഞാൻ മാത്രമല്ലല്ലോ, ഈ കല്പകദശ്ശേരിരാജ്യം മുഴവൻ ആനന്ദസാഗരത്തിൽ ആറാടുകയല്ലേ.

ഭരതൻ:-മുഴവൻ എന്നു പറഞ്ഞുകൂടാ. വാസവൻ സന്തുഷ്ടചിത്തനല്ല.

ആനന്ദൻ:-എന്തുകൊണ്ടു്?

ഭരതൻ:-വ്യാജക്കേസ്സു് കൊണ്ടുവന്നതിനെക്കുറിച്ചു് നീതിമാനായ മജിസ്ട്രേട്ടു് വാസവൻെറമേൽ ഉഗ്രനടപടികൾ സ്വീകരിക്കുമെന്നു പറഞ്ഞിട്ടുണ്ടു്.

ആനന്ദൻ:-അക്കാൎയ്യത്തിൽ ഇനി ഭയപ്പെടണമെന്നു തോന്നുന്നില്ല. ശശീന്ദ്രനും ഹരിണീദേവിയും വിനയപൂൎവ്വം അപേക്ഷിക്കയാൽ നിർബന്ധശീലനെങ്കിലും ആ ന്യായാധിപൻ സൗജന്യബുദ്ധി കൈക്കൊള്ളുവാൻ ഇടയുണ്ടു്.

ഭരതൻ:-അപ്രകാരമാണോ കാൎയ്യത്തിൻെറ ഗതി? നോക്കണം മിത്രങ്ങളുടെ മനോഗുണം. എന്നാലും വാസവനു് ശശീന്ദ്രനോടുള്ള പരിഭവം കുറഞ്ഞിരിക്കയില്ല.

ആനന്ദൻ:-അങ്ങനെയല്ല. ഇന്നലെ വാസവൻ ശശീന്ദ്രനെക്കുറിച്ചു പുകഴ്ത്തിപ്പറയുന്നതു ഞാൻ കേട്ടു. എന്നു

തന്നെയല്ല ഇനിമേലാൽ ദുർവിഷയങ്ങളിൽ ഏർപ്പെടുക യില്ലെന്നു് ശപഥം ചെയ്തതായും അറിവുണ്ടു്. അദ്ദേഹം നന്നാവുകയാണു്.

ഭരതൻ:-ഓ! അങ്ങനെയും സംഭവിക്കാം. പാഷാ ണം ശുദ്ധികർമ്മത്താൽ ഔഷധം ആകാറുണ്ടല്ലോ. ഈ കാണുന്ന നിലം പൂപ്പള്ളിലെ പ്രസിദ്ധപ്പെട്ട രണ്ടായിര പ്പറയല്ലേ ഗുരുവേ!

ആനന്ദൻ:-അതേ, വാസവൻ കുറെ മുമ്പും ഇവി ടെവന്നു് പരിശോധന നടത്തുന്നതു കണ്ടു.

ഭരതൻ:-എടോ സ്നേഹിതാ! "വാസവൻ നിർദ്ദയ നാണു്, സാധുക്കളിൽ കരുണയുള്ളവനല്ല, അഞ്ചുരൂപാ വിലയ്ക്കു നെല്ലുവില്ക്കുന്നു, ലേശം ധർമ്മശീലനല്ല." എന്നൊ ക്കെ പലരും പറയാറില്ലേ?

ആനന്ദൻ:-ഉവ്വു്, അതൊക്കെ സത്യവുമാണു്.

ഭരതൻ:-എന്നിട്ടു് അയാളുടെ നിലത്തിലെ വിളവു് ഒന്നു നോക്കൂ.

ആനന്ദൻ:-ദുഷ്ടനെ ദൈവം അല്പകാലത്തേക്കു പന പോലെ വളർത്തുമെന്നല്ലേ മഹദ്വാക്യം.

ഭരതൻ:-ഏതോ ഏന്തോ! അയൽനിലങ്ങളെല്ലാം കൊയ്തുകഴിഞ്ഞതല്ലോ. ഒരു പതിനഞ്ചു മേനിയിലധികം ഒരിടത്തും ഉണ്ടായിരിക്കയില്ല. ഇതോ?

ആനന്ദൻ:-ഇതു ഒരു മുപ്പതുമേനിയിലധികം കാ ണും. പനപോലെ അല്ലേ തഴച്ചു കുലമറിഞ്ഞു നില്ക്കുന്ന തു്. കാണുന്നവരെല്ലാം "ഹരിയോഹരി" എന്നു വിളിക്ക യാണു്.

ഭരതൻ:-ഇതിൽ കൃഷിയിറക്കിയ വേലക്കാർ,

"കണ്ണീർക്കൂട്ടിയാണു വിത. അതുതന്നെ കൊയ്യും." എന്നു പറയുന്നതു് ഞാൻ കേട്ടു.

ആനന്ദൻ:-എന്തോ! ദൈവഗതി ആർക്കറിയാം.

ഭരതൻ:-ഇനി ഇതു കൊയ്യാൻ അമാന്തിക്കുന്നതു എന്തിനു്?

ആനന്ദൻ:-കൃഷിയിറക്കിയതു് അല്പം താമസിച്ചല്ലേ. അതാ, വാസവനും കൃഷിക്കാരനുംകൂടി വരുന്നു. നമുക്കു പോകാം. ഇവിടെ നിന്നാൽ കണ്ണുവയ്ക്കുകയാണോ എന്നു ചോദിച്ചു ശണ്ഠകൂട്ടും.

വാസവൻ കൃഷിക്കാരനോടുകൂടി നിലത്തിൽ ചുററി നടന്നു് പരിശോധന നടത്തി. അയാളുടെ ഹൃദയത്തിൽ ആനന്ദം വളന്നു കിളന്നു. അടുത്തദിവസം കൊയ്ത്തു് ആരംഭിക്കണമെന്നു തീർച്ചപ്പെടുത്തി അയാൾ പോയി.

വാസവൻെറ നിർദ്ദേശപ്രകാരം പെരുമാറുവാൻ തൊഴിലാളികൾ മടി കാണിച്ചു. രണ്ടുമൂന്നുദിവസത്തേ തീവ്രയത്നവും വിഫലമാവുകയാണു ചെയ്തതു്. നിരാശയും ഭീതിയും അയാളെ ബാധിച്ചു.

നാലാംദിവസവും വിഫലശ്രമം ചെയ്തു പരവശനായി അയാൾ വീട്ടിൽ വന്നു. ഉടനേ ഒരു ഭൃത്യൻ ഓടി വന്നു്, "ഏമാനേ മടവീണു, നിലത്തിൽ മടവീണു." എന്നു വിളിച്ചറിയിച്ചു. അയാൾ ദഗ്ദ്ധചിത്തനായി അങ്ങോട്ടോടി. വലിയ മടവീണു് നിലത്തേയ്ക്കു വെള്ളം പാഞ്ഞു കയറുന്നതു കണ്ടു് തൽക്ഷണം ബോധഹീനനായി നിലംപതിച്ചു.

ആ വാർത്തകൾ പരിസരങ്ങളിലെല്ലാം പരന്നു. ആളുകൾ അതിവേഗത്തിൽ അവിടെ ഓടിക്കൂടി. അല്പം

കഴിഞ്ഞു് ബോധംവീണ വാസവൻ, "മട തടുക്കുവിൻ, മടതടുക്കുവിൻ!" എന്നു വിളിച്ചുപറഞ്ഞു. "വേണ്ട, അടുത്തകൊല്ലം അഞ്ചുരൂപയ്ക്കു നെല്ലു വില്ക്കേണ്ട." എന്നു ചിലർ പരിഹാസഘോഷം മുഴക്കി.

"അയ്യോ, മട തടുക്കണം, അല്ലെങ്കിൽ ഞാൻ ജീവിച്ചിരിക്കയില്ല." എന്നു പറഞ്ഞുകൊണ്ടു് വാസവൻ സ്വവക്ഷസ്സിൽ താഡനം തുടങ്ങി. തൽക്ഷണം ഓടിയണഞ്ഞ ശശീന്ദ്രൻ അയാളുടെ കരം ഗ്രഹിച്ചുകൊണ്ടു്, "പരിഭ്രമിക്കരുതു്, ഉടൻ മടതടുക്കാം, വെള്ളം വററിക്കാം" എന്നുപറഞ്ഞു് സമാധാനപ്പെടുത്തി. ഹരിണിയും സമീപത്തു വന്നെത്തിയിട്ടു്, "ചേട്ടാ, സങ്കടപ്പെടരുതു്. ഇപ്പോൾ ഇവിടെ ചിറ ശരിപ്പെടുകയും വെള്ളം ഒഴിച്ചുവിടുകയും ചെയ്യും." എന്നു് ആശ്വാസം നൽകി. എങ്കിലും വീണ്ടും വാസവനു ബോധക്ഷയമുണ്ടായി. ശശീന്ദ്രൻ ഉടൻ അയാളെ അടുത്തുള്ള ക്ഷേത്രത്തിലെ കളിത്തട്ടിലേയ്ക്കു മാററി. യഥാവിധി വേണ്ട ശീതോപചാരങ്ങളും ചെയ്തു.

ഒരുമണിക്കൂർ കഴിഞ്ഞിട്ടും ബോധം ഉളവാകുന്നില്ലെന്നു കണ്ടു് ഡോക്ടർക്കു കാർ അയച്ചു. ഡോക്ടർ വളരെ വേഗം വന്നെത്തുകയും അനല്പപരിശ്രമംകൊണ്ടു് രോഗിയെ ഉൽബുദ്ധനാക്കുകയും ചെയ്തു.

സ്വശക്തി ലഭിച്ചു പിടഞ്ഞെഴുന്നേററ വാസവൻ പാടത്തേയ്ക്കു നോക്കി. ചിറ തടുത്തു് അനവധി ആളുകൾ വെള്ളം വററിക്കാൻ ഉററുശ്രമിക്കുന്നതു കണ്ടു് അയാളുടെ ഹൃദയം ശാന്തവും ഉത്സാഹപൂർണ്ണവും ആയി.

നഷ്ടപ്പെട്ട ജീവചൈതന്യം അയാൾക്കു വീണ്ടുകിട്ടി. മാത്രമല്ല, കണ്ണും കരളും ഒന്നുപോലെ തെളിയുകയും ചെയ്തു.

ചുററുപാടും നില്ക്കുന്ന മഹാജനങ്ങളേയും വിശേഷിച്ച് ശശീന്ദ്രനേയും ഹരിണിയേയും ആ കൃതജ്ഞതാഭരിതൻ മാറിമാറി നോക്കി. അനന്തരം ഇപ്രകാരം പറഞ്ഞു:

"മഹാജനങ്ങളെ, തൊഴിലാളികളുടെ വൈഭവം, മഹത്വം, മനോഗുണം, ശക്തിവിശേഷം, ഞാൻ പലതവണ കണ്ടറിഞ്ഞു. ഇതാ ഇപ്പോൾ കൂടുതൽ ബോദ്ധ്യപ്പെട്ടു. ഇന്നുമുതൽ ഞാൻ യഥാർത്ഥ തൊഴിലാളിസ്നേഹിയായി, പോരാ, നല്ല തൊഴിലാളിയായി പരിവത്തനം ചെയ്തിരിക്കുന്നു."

"കേൾക്കുക, കേൾക്കുക!" എന്ന് ജനങ്ങൾ ഉത്സാഹധ്വനി മുഴക്കി. സന്തുഷ്ടനായ വാസവൻ തുടന്നു:

"ഈ നില്ക്കുന്ന ശശീന്ദ്രനും എൻെറ സഹോദരി ഹരിണിയും, പാവപ്പെട്ട തൊഴിലാളികളുടെ നന്മയ്ക്കും മേന്മയ്ക്കുമായി ചെയ്ത പരിശ്രമങ്ങളിലെല്ലാം ഞാൻ വിലങ്ങടിച്ചു നിന്നു. പക്ഷേ, സ്നേഹപൂർവ്വമായ പരിശ്രമം കൊണ്ടും സത്യനിഷ്ഠമായ സേവനംകൊണ്ടും ഇവർ വിജയം നേടി.

"പരസ്പരം നിർമ്മലപ്രേമബദ്ധരായ ഇവരെ ഞാൻ എതിർത്തതിനും ദ്രോഹിച്ചതിനും കണക്കില്ല. പുണ്യതീർത്ഥാടനത്തിനു നിർബന്ധപൂർവ്വം നിയോഗിച്ച എൻെറ ഏക സഹോദരിയെ, ദുർബ്ബുദ്ധിയായ മുരളീധരൻ മാർഗ്ഗമദ്ധ്യേ അപഹരിച്ച് സിലോണിലേയ്ക്കു കൊണ്ടുപൊയ്ക്കളയുന്നതിനും തദ്വാരാ ഉത്തമനായ ശശീന്ദ്രനെ അപകടത്തിലാക്കുവാനുംകൂടി ഞാൻ ഉൽസുകനായിരുന്നു.

ചെയ്തുപോയ തെററു് ഏററുപറകയും യഥാത്ഥമായി പശ്ചാത്തപിക്കയും ആണല്ലോ പാപപരിഹാരമാഗ്ഗം. എല്ലാവരും, വിശേഷിച്ചു് ഇവർ രണ്ടുപേരും, പോരാ സവ്വേശ്വരനും എന്നോടു ക്ഷമി...ക്കണം, ക്ഷ...മി...ക്ക...ണം."

അദ്ദേഹത്തിൻെറ കണ്ഠം ഇടറി. കണ്ണീർ ധാരധാരയായി ഒഴുകി. അവിടെനിന്ന സകല ജനങ്ങളുടേയും ഹൃദയം തരളമാവുകയും നേത്രങ്ങൾ ബാഷ്പപൂണ്ണങ്ങളാവുകയും ചെയ്തു. പരിരമ്യമായ ഒരു നിശ്ശബ്ദത അവിടെ കളിയാടി. സ്നേഹാദരപൂവ്വം ചുററുപാടും നില്ക്കുന്ന ജനസഞ്ചയത്തിൽ കണ്ണോടിച്ചുകൊണ്ടു് വിശുദ്ധനായ വാസവൻ വീണ്ടും തുടന്നു:

"പുണ്യപൂണ്ണരായ ഈ ശശീന്ദ്രനും ഹരിണിയും എൻെറ വിനീത സൽകൃതിക്കും സമ്മാനത്തിനും സവ്വഥാ അർഹരാണു്. സത്തുക്കളായ നിങ്ങളുടെ സാന്നിധ്യത്തിൽ ഈ പുണ്യസ്ഥലം അതിനനുയോജ്യവുംതന്നെ. എൻെറ ധമ്മം, കടമ, ഇതുതന്നെയാണു്." എന്നുപറഞ്ഞു് വാസവൻ ഹരിണിയുടെ പാണിപങ്കജം ശശീന്ദ്രൻെറ കരതലത്തിൽ സസന്തോഷം അപ്പിച്ചു. ആ ഉചിതകൃത്യം കണ്ടു് ഉല്ലാസഭരിതരായ ജനങ്ങൾ "ശശീന്ദ്രൻ കീജെയ്, ഹരിണീദേവി കീജെയ്, വാസവൻ കീജെയ്, സത്യം കീജെയ്, ധമ്മം കീജെയ്, സ്നേഹാകീജെയ്" ഇത്യാദി ഹഷാരവം വാനോളം ഉയത്തി.

"OH" What a Novel It is! 1946

K: R: Pillai
V: B: C:
K: T: M.

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. MF3 Acc. No 36272

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 24 AUG 1982 | 8 MAR 1989 | |
| 3 SEP 1982 | 4 AUG 1989 | |
| 28 SEP 1982 | 13 MAY 1991 | |
| 25 OCT 1982 | | |
| 30 OCT 1982 | | |
| 23 DEC 1982 | | |
| 12 FEB 1983 | | |
| 14 FEB 1983 | | |
| 12 JUL 1983 | | |
| 8 DEC 1983 | | |
| 14 APR 1984 | | |
| 5 JUL 1984 | | |
| 11 APR 1985 | | |

19 DEC 1985

MF3 36272

ഗോപലപിള്ളപഴ്മംപെള്ളിൽ

ഫരിഞ്ഞി